# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2021 ഓഗസ്റ്റ് 12 | ദീപം 54 | നാളം 19 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org


# മരിയവും മാതൃഭൂമിയും

## സ്വാതന്ത്ര്യത്തിന്റെ പാഠഭേദങ്ങൾ




ഫാ. തോമസ് പാട്ടത്തിൽച്ചിറ CMF




സ്വർഗത്തിലേക്കുള്ള കന്യകാമാതാവിന്റെ കരേറ്റം പരമമായ സ്വാതന്ത്ര്യത്തിലേക്കുള്ള പ്രവേശനമായിരുന്നു. വേദഗ്രന്ഥത്തിന്റെ വെട്ടത്തിലാണ് വിശ്വാസികളായ നാം സുസ്ഥിരമായ സ്വാതന്ത്ര്യത്തിന്റെ നിർവചനം വായിച്ചെടുക്കേണ്ടത്. അത് ആത്യന്തികമായും ദൈവമക്കളുടെ സ്വാതന്ത്ര്യമാണ് (റോമാ 18:21). ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരാണ് ദൈവമക്കൾ (റോമാ 8:14). ആത്മാവ് തെളിക്കുന്ന വഴിയേ ചരിക്കുന്നവരും അവിടുത്തെ പ്രചോദനങ്ങളുടെയും നിമന്ത്രണങ്ങളുടെയും നിയന്ത്രണങ്ങൾക്കു തങ്ങളെത്തന്നെ വിട്ടുകൊടുക്കുകയും ചെയ്യുന്നവർ. അങ്ങനെയുള്ളവർ അനുഭവിക്കുന്ന സ്വാതന്ത്ര്യം മറ്റുള്ളവയെയെല്ലാം അതിലംഘിക്കുന്ന ഒന്നാണ്. ആത്മാവ് അഴിച്ചുവിടുന്ന ദിശകളിലൂടെ കാറ്റിനെപ്പോലെ കടമ്പകളില്ലാതെ സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം. പക്ഷേ, അതൊരിക്കലും നിലവിലുള്ള നിയമസംവിധാനത്തിന്റെയോ ധാർമികവ്യവസ്ഥയുടെയോ ഒന്നും അന്ധമായ ലംഘനമല്ല; മറിച്ച്, അവയെയെല്ലാം ഉൾക്കൊള്ളാനുള്ള മനോവ്യാപ്തിയാണ്. കനമറിയാതെ പറന്നുനടക്കാനുള്ള കഴിവ്! മാനുഷികവും ഭൗമികവുമായ സകലവിധ അടിമത്തങ്ങളിൽനിന്നുമുള്ള വിടുതലിനെക്കാൾ ഉപരിയായി പൈശാചികവിലങ്ങുകളിൽനിന്നുള്ള വിമോചനമാണത്. മണ്ണിനോടു നമ്മെ വരിഞ്ഞുകെട്ടിയിരിക്കുന്ന എല്ലാ ആസക്തികളിൽനിന്നുമുള്ള മോചനം. ഇത്തരത്തിലുള്ള സ്വാതന്ത്ര്യമാണ് മറിയത്തിനുണ്ടായിരുന്നത്.

ചേറ്റിലാണു ചുവടെങ്കിലും ജലപ്പരപ്പിനുമീതെ വാരിജങ്ങളെ വിരിയിക്കുന്ന താമരച്ചെടിയുടെ സ്വാതന്ത്ര്യവൈശിഷ്ട്യത്തോടെയാണവൾ ജീവിച്ചത്. സ്വർഗം സമ്മാനിക്കുന്ന സ്വാതന്ത്ര്യമാണ് സത്യവും സ്ഥായിയുമായിട്ടുള്ളതെന്ന് മറിയം നമ്മെ അനുസ്മരിപ്പിക്കുന്നു. ഒരുസാധാരണ സ്ത്രീയായിരുന്ന കന്യകാമറിയം. 'ഇതാ, കർത്താവിന്റെ ദാസി, നിന്റെ ഹിതംപോലെ എന്നിൽ സംഭവിക്കട്ടെ' (ലൂക്കാ 1:38) എന്ന എളിയ മനോഭാവത്തോടെ കർത്തൃകരങ്ങളിലേക്കു സ്വയം സമർപ്പിച്ചപ്പോഴും, പ്രാപഞ്ചികമായ സകല ശക്തികളുടെയും സ്വാധീനത്തിൽനിന്നു വിമുക്തയായി തന്റെ ജീവിതാവസാനത്തിൽ ആകാശങ്ങളിലേക്ക് ആനയിക്കപ്പെട്ടപ്പോഴും അക്ഷരാർത്ഥത്തിൽ സ്വതന്ത്രയാവുകയാണു ചെയ്തത്. മറിയത്തിന്റെ മക്കളായ നമ്മുടെ സ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ധാരണകൾ കേവലം ഭരണ, സാമൂഹിക, രാഷ്ട്രീയ, മതപരമായ മതിലുകൾക്കുള്ളിൽ മാത്രമായി ഒതുങ്ങിപ്പോകരുത്. അവയുടെയൊക്കെ അപ്പുറത്തുള്ള ആത്മീയമായ സ്വാതന്ത്ര്യാദർശത്തിലേക്കു നീണ്ടുപോകട്ടെ നമ്മുടെ ദൃഷ്ടികൾ! ജഡകുടീരത്തിൽ ജീർണിച്ചുതീരേണ്ടവയല്ല വിശ്വാസികളായ നമ്മുടെയൊക്കെ ജീവിതങ്ങൾ; മറിച്ച്, സ്വർഗസൗഭാഗ്യങ്ങളിലേക്കു സംവഹിക്കപ്പെടേണ്ടവയാണ്! മാതാവിനെപ്പോലെ പരലോകം പൂകുമ്പോൾ മാത്രമേ നാമും ദൈവം ആഗ്രഹിക്കുന്ന സ്വാതന്ത്ര്യത്തിന് അർഹരാവുകയുള്ളൂ.

### സ്വർഗാരോപണം സ്വർഗസമ്മാനമാണ്

കളങ്കരഹിതയായി ജീവിച്ച കന്യാജനനിക്ക് സുരലോകം നല്കിയ സമ്മാനമാണ് സ്വർഗാരോപണം! പാപത്തിന്റെ പൊട്ടുപോലുമില്ലാതെ അവികലമായ ആത്മാവോടും ശുദ്ധമായ ശരീരത്തോടുംകൂടി സർവശക്തന് ഏറ്റവും സംപ്രീതയായി ജീവിച്ച അവൾക്ക് വിണ്ടലം വച്ചുനീട്ടിയ പരമോന്നത പാരിതോഷികം! മാലാഖമാരുടെ കരരഥത്തിലേറി മാനത്തിനപ്പുറത്തേക്കു കടന്നുപോകാനുള്ള സുവർണഭാഗ്യം അവൾക്കു കൈവന്നു! സാധുവായ ഒരു സ്ത്രീജന്മത്തിന് ഇതിലുപരിയായി എന്താണു സ്വന്തമാകാനുള്ളത്! അസംഖ്യം ആകാശവാസികൾക്കൊപ്പം എണ്ണപ്പെടാനുള്ള അസുലഭാനുഗ്രഹം! വാഴ്‌വിൽ കർത്താവിന്റെ അപദാനങ്ങൾ അനുസ്യൂതം വാഴ്ത്തി, താഴ്മവതിയായ തന്നിലൂടെ അവിടന്ന് അനുദിനം ചെയ്ത വലിയ കാര്യങ്ങൾക്കു കൃതജ്ഞതയുടെ കീർത്തനം പാടിനടന്ന ആ ഗ്രാമീണഗായികയ്ക്ക് വാനിലെ ഗായകഗണത്തോടു ചേർന്ന് സർവശക്തനെ സങ്കീർത്തനങ്ങളാൽ നിരന്തരം സ്തുതിക്കാനുള്ള അവകാശവിശേഷം ഇഷ്ടദാനമായി നല്കപ്പെട്ടു! ഇഹത്തിലെ വാസകാലം മുഴുവൻ ദൈവികദാനങ്ങൾക്കുവേണ്ടി ദാഹിക്കുകയും വിശക്കുകയും ചെയ്ത അവളെ വാനിടത്തിൽ വിശിഷ്ടവിഭവങ്ങൾ കൊണ്ട് സർവ്വേശൻ സംതൃപ്തയാക്കി!

മന്നിൽ മനുഷ്യത്വത്തിന്റെ മികവു തെളിയിച്ച മറിയത്തിന് ദൈവം വിണ്ണിൽ വരദാനങ്ങളുടെ തികവു നല്കി. മണ്ണിൽനിന്നെടുക്കപ്പെട്ടവരാണു നാമെങ്കിലും മണ്ണിന്റെ മാലിന്യങ്ങളിൽ മുഴുകിക്കഴിയേണ്ടവരല്ലെന്നും; മറിച്ച്, കറകളഞ്ഞ ജീവിതശൈലിവഴി സ്വർഗസമ്മാനം നേടേണ്ടവരാണെന്നും മറിയം ഓർമിപ്പിക്കുന്നു. മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യലബ്ധിയിൽ അഭിമാനിക്കുന്ന നാം നമ്മുടെ സഹജീവികൾക്കു കൊടുക്കേണ്ട ഏറ്റവും ഉദാത്തവും അമൂല്യവുമായ ഉപഹാരം സ്വാതന്ത്ര്യംതന്നെയാണ്. മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ വിലമതിക്കുക. നമ്മുടേതുപോലെ തന്നെ മറ്റുള്ളവരുടെയും മൗലികാവകാശമാണത്. അന്യരുടെ സ്വാതന്ത്ര്യത്തെയും അവകാശങ്ങളെയും നിഹനിക്കുന്ന വിധത്തിലുള്ള നിലപാടുകളും കർമങ്ങളും വാക്കുകളും ഒരിക്കലും ആർക്കും ഭൂഷണമല്ല.

### സ്വർഗാരോപണം സമ്പൂർണവിജയമാണ്

തിന്മയുടെമേൽ നന്മനേടിയ ആത്യന്തികമായ വിജയത്തിന്റെ പെരുമ്പറയാണ് സ്വർഗാരോപണത്തിൽ മുഴങ്ങിക്കേൾക്കുന്നത്! തിന്മയെ നന്മകൊണ്ടു കീഴടക്കണമെന്നുള്ള (മത്താ. 5:38-42) കർത്തൃവചസ്സുകളെ ഹൃദയഫലകത്തിൽ കുറിച്ചിട്ടു സദാ ധ്യാനിച്ച മറിയം നന്മയുടെ മാത്രം മണവും നിറവുമുള്ള നറുമലരായി വിടർന്നുല്ലസിച്ചു! പാപത്തിന്റെ പ്രതീകമായ പാമ്പിനെ തന്റെ ചരണപദ്മങ്ങൾകൊണ്ടു ചവിട്ടിപ്പിടിച്ച് അവൾ മുഴുവൻ പൈശാചികശക്തികളുടെയുംമേൽ പരിപൂർണവിജയം വരിച്ചു! അവളുടെ പവിത്രമായ പാദങ്ങൾക്കടിയിൽ പിശാചും അവന്റെ ചെയ്തികളും ചതഞ്ഞരഞ്ഞു! വിണ്ണിന്റെയും മണ്ണിന്റെയും റാണിയായി അവൾ അവരോധിക്കപ്പെട്ടു! ശാലീനയായ അവളുടെ ശിരസ്സിന് അലങ്കാരമായി ദൈവികപുണ്യങ്ങളാൽ വിളങ്ങുന്ന ഒരുരത്നഖചിത കിരീടവും അണിയിക്കപ്പെട്ടു!

ദൈവികപുണ്യങ്ങളിൽ ആദ്യത്തേതു വിശ്വാസമാണ്. വിശ്വസ്തനായ ദൈവത്തിന്റെ വാഗ്ദാനങ്ങൾ കണിശമായും വാസ്തവമാകുമെന്നു കണ്ണടച്ചു വിശ്വസിച്ചവളാണ് മറിയം (ലൂക്കാ 1:45). വിശുദ്ധ വചനങ്ങളാൽ ദീപ്തമായ വഴിയിലൂടെ മാത്രമായിരുന്നു അവളുടെ തീർത്ഥാടനം. അതുകൊണ്ടുതന്നെ വിശ്വാസത്തിന്റെ പുഷ്യരാഗരത്നം സ്വർഗം അവളുടെ മകുടത്തിൽ പതിപ്പിച്ചു! ഭാരതാംബയുടെ നെറ്റിത്തടത്തിൽ ഒരു മൂവർണത്തിലകമുണ്ട്! അവളുടെ സന്താനങ്ങളായ നാമൊക്കെ അഭിമാനത്തോടെ കൈയിലേന്തുന്ന ത്രിവർണക്കൊടി! അതിന്റെ മേൽനാട കുങ്കുമവർണമാണ്. ശക്തിയുടെയും ധീരതയുടെയും പ്രതീകമാണ് കുങ്കുമം. ഭാരതത്തിന്റെ ബലവും ധീരതയും ഭാരതജനതയുടെ വിശ്വാസത്തിലും ഐക്യത്തിലും അധിഷ്ഠിതമാണ്. വിശ്വാസം വറ്റിപ്പോകുന്നിടത്ത് ഒരുമയുടെ ക്ഷാമമുണ്ടാകും. അന്തശ്ചിദ്രമുള്ള ജനതയ്ക്ക് ഒരിക്കലും പുരോഗതിയുടെ പടവുകൾ ചവിട്ടിക്കയറാനാവില്ല.

▶ 7

സഭാചരിത്രം / പഠനം



മാർ ജോസഫ് കല്ലറങ്ങാട്ട്




# സ്വർഗം തൊടുന്ന ഗോവണി

സഭയിലെ വിശുദ്ധ പാരമ്പര്യങ്ങൾ ഏറ്റവും വലിയ മുതൽക്കൂട്ടുകളാണ്. ജീവിക്കുന്ന പാരമ്പര്യം എന്നു പറയുന്നത് തുടർച്ചയുടെ ചരിത്രമാണ്. ഉദാ: ഒരു ശ്ലൈഹികപാരമ്പര്യം എങ്ങനെ വലുതായി, സഭയായി എന്നതിന്റെ ചരിത്രം. പരദോസിസ്, പരാത്തേക്കെ എന്നീ രണ്ടു പദങ്ങളാണു പ്രധാനമായും വി. പൗലോസ് പാരമ്പര്യങ്ങളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നത്. യഥാർത്ഥ പാരമ്പര്യങ്ങൾ നിരന്തരമായി വ്യാഖ്യാനിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ചിലപ്പോൾ വിമർശനവിധേയമാക്കപ്പെടുകയും ചെയ്യും. ലിറ്റർജിയിൽ നമുക്കു വേണ്ടത് ഉറവിടാധിഷ്ഠിതമായ നവീകരണങ്ങളാണ്; ഒരു ലിറ്റർജിക്കൽ ടെക്സ്റ്റിന്റെ ദൈർഘ്യം കുറച്ചു എന്നതല്ല (resourced liturgy, not reduced liturgy). പരിശുദ്ധ എമരിത്തൂസ് പാപ്പാ ആവർത്തിക്കുന്ന ഒരു കാര്യമുണ്ട്: "യഥാർത്ഥ പാരമ്പര്യം അതിന്റെ ഉദ്ഭവ ഉറവിടങ്ങളിലേക്കും ഒപ്പം സ്വർഗത്തിന്റെ കവാടത്തിലേക്കും എത്തിക്കും." സമഗ്രമായ വളർച്ച യഥാർത്ഥ പാരമ്പര്യത്തിലൂടെ മാത്രമേ സാധ്യമാകൂ. ജീവിക്കുന്ന പാരമ്പര്യം ഒരിക്കലും പിറകോട്ടു പോകില്ല. പക്ഷേ, ശരിയായ പാരമ്പര്യം എപ്പോഴും പിറകിൽനിന്നായിരിക്കും. അർത്ഥവത്തായ പാരമ്പര്യം എപ്പോഴും മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കും, നയിച്ചുകൊണ്ടിരിക്കും; എപ്പോഴും വളർന്നുകൊണ്ടും നവീകരിക്കപ്പെട്ടുകൊണ്ടുമിരിക്കും. എല്ലാ വിമർശനങ്ങളെയും അതിജീവിച്ച് എല്ലാ നവീകരണങ്ങൾക്കും വിധേയമാക്കപ്പെടുമ്പോഴും എന്തവശേഷിക്കുന്നുവോ അതാണ് യഥാർത്ഥ പാരമ്പര്യം. ശരിയായ ഒരു കഴിഞ്ഞകാലത്തിനുമാത്രമേ ഇന്നിനെയും നാളയെയും കാത്തുസൂക്ഷിക്കാനാവൂ. കഴിഞ്ഞതിൽ ഉറച്ചുനില്ക്കുക, ഇപ്പോഴുള്ളതിനെക്കുറിച്ചു ശ്രദ്ധിക്കുക, ഭാവിയിലേക്കു തുറവുള്ളവരായിരിക്കുക. പാരമ്പര്യം കാതലാണ്; കേവലം സ്വരമല്ല, ജീവിക്കുന്ന സ്വരമാണ് (viva vox), ഹൃദയമാണ്. എപ്പോൾ യഥാർത്ഥ പാരമ്പര്യം നഷ്ടപ്പെടുന്നുവോ അപ്പോൾ അതിനോടു ബന്ധപ്പെട്ടതിന്റെയെല്ലാം മരണം ആരംഭിച്ചുകഴിഞ്ഞു. പാരമ്പര്യം കാർക്കശ്യഭാവമല്ല; പ്രത്യുത, അഗ്നിയാണ്. യഥാർത്ഥ പാരമ്പര്യം രഹസ്യവും പ്രകാശവുമാണ്, തിളങ്ങുന്ന മാണിക്യമാണ് (lapis lazuli).

പാരമ്പര്യം കടുകുമണിയാണ്. പാരമ്പര്യം എന്ന ചെറിയ താക്കോലാണ് എല്ലാ വലിയ വാതിലുകളെയും തുറക്കുന്നത്. യഥാർത്ഥ പാരമ്പര്യത്തിനുമാത്രമേ ഉച്ചത്തിൽ സംസാരിക്കാനും ദൈവത്തിന്റെ സ്വരം കേൾപ്പിക്കാനും പറ്റൂ. ജീവിക്കുന്ന സഭയുടെ സ്വരമാണു പാരമ്പര്യം. എല്ലാം കൂട്ടിയോജിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും പാരമ്പര്യമാണ്. സഭയുടെ ഓർമയാണു പാരമ്പര്യം (memoria ecclesiae). യഥാർത്ഥ പാരമ്പര്യമാണ് ഏറ്റവും ചലനാത്മകവും സംവാദപരവു(dialogic)മായിട്ടുള്ളത്. ഈ പാരമ്പര്യത്തെയാണു വിശ്വാസികൾ ശ്രവിക്കേണ്ടത്. പാരമ്പര്യത്തെ നിധിയുടെ കലവറയായിട്ടുമാത്രം ചുരുക്കരുത്. പാരമ്പര്യവും പരിവർത്തനവും വളരെ വ്യത്യസ്തമായ രണ്ടു കാര്യങ്ങളല്ല. യഥാർത്ഥ പാരമ്പര്യം വളർന്നുകൊണ്ടിരിക്കും സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കും, ഈ സ്വീകരിക്കപ്പെടലാണു (reception) പാരമ്പര്യത്തിന്റെ വളർച്ച. വിശ്വാസികൾ നയിക്കപ്പെടേണ്ടത് പാരമ്പര്യത്തിന്റെ ഹെഡ്ക്വാർട്ടേഴ്സിലേക്കാണ്, നൈയാമികതയുടെ ഹെഡ്ക്വാർട്ടേഴ്സിലേക്കല്ല. യഥാർത്ഥ പാരമ്പര്യം സഭയാകുന്ന ശരീരത്തിന്റെ ആത്മാവാണ് (forma corporis). പാരമ്പര്യത്തിൽ മക്കൾ വളർത്തപ്പെടുമ്പോൾ അവർക്കു നമ്മൾ ദൈവികമായ വിദ്യാഭ്യാസമാണ് (paideia) നൽകുന്നത്. യഥാർത്ഥ പാരമ്പര്യം നിലനില്ക്കുന്നത് സാധാരണജനത്തിന്റെ വിശ്വാസത്തിലാണ് (Sensus Fidelium). യഥാർത്ഥ പാരമ്പര്യം ശ്ലീഹന്മാരിൽനിന്നും ആദിമസഭയിൽനിന്നും ലഭിച്ച ഒരു സ്ഥാവരകരുത്താണ് (settled legacy).

എല്ലാ വിമർശനങ്ങളെയും അതിജീവിച്ച് എല്ലാ നവീകരണങ്ങൾക്കും വിധേയമാക്കപ്പെടുമ്പോഴും എന്തവശേഷിക്കുന്നുവോ, അതാണ് യഥാർത്ഥ പാരമ്പര്യം. ശരിയായ ഒരു കഴിഞ്ഞകാലത്തിനുമാത്രമേ ഇന്നിനെയും നാളയെയും കാത്തുസൂക്ഷിക്കാനാവൂ. യഥാർത്ഥ പാരമ്പര്യത്തിനുമാത്രമേ ഉച്ചത്തിൽ സംസാരിക്കാനും ദൈവത്തിന്റെ സ്വരം കേൾപ്പിക്കാനും പറ്റൂ. യഥാർത്ഥ പാരമ്പര്യം അത് ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ മാത്രമല്ല; വ്യത്യസ്തമൂല്യങ്ങളും നിലപാടുകളും തമ്മിലുള്ള തർക്കം എങ്ങനെ അവസാനിപ്പിക്കുന്നു എന്നതുകൂടിയാണ്.

ഈശോമിശിഹായാണ് യഥാർത്ഥ പാരമ്പര്യം. ശ്ലീഹന്മാരുടെ പാരമ്പര്യങ്ങളിലൂടെയും പ്രാദേശികപാരമ്പര്യങ്ങളിലൂടെയും നാമിതു മനസ്സിലാക്കുമ്പോൾ നമ്മൾ ഈശോയുടെ സമകാലികരാകുന്നു. ഒരു സഭയുടെ ചലനാത്മകതയുള്ള ചൈതന്യമാണ് ഈ പാരമ്പര്യം. സന്തോഷത്തിന്റെ സുവിശേഷമാണു പാരമ്പര്യം. ജീവിക്കുന്ന സുവിശേഷമാണിത്, ജീവിക്കുന്ന കല്ലുകളാണ് (vivi lapides). മിശിഹായുടെ നിരന്തരവും സജീവവുമായ സാന്നിധ്യമാണ് പാരമ്പര്യത്തിലൂടെ അനുഭവിക്കുന്നത്.

എല്ലാ ഘടകങ്ങളെയും കൂട്ടിയിണക്കുന്ന ബൗദ്ധികസിരാകേന്ദ്രമാണ് പാരമ്പര്യം. പാരമ്പര്യവും ദൈവവചനവും ലിറ്റർജിയും സഭയും ദൈവശാസ്ത്രവും സഭാനിയമവും ആത്മീയതയും അവിഭാജ്യമാണ്. ശരിയായ അർത്ഥത്തിൽ അവയെല്ലാം ഒരേ കാര്യം തന്നെയാണ്. ഒന്നു മറ്റൊന്നിനാൽ താങ്ങിനിർത്തപ്പെടുകയും വിശദീകരിക്കപ്പെടുകയും ചെയ്യുന്നു എന്നുമാത്രം. വചനം കേൾക്കേണ്ടതു സഭയിൽനിന്നാണ്, പാരമ്പര്യം അറിയേണ്ടത് ലിറ്റർജിയിൽനിന്നാണ്. ആദ്യം സൂചിപ്പിച്ചതുപോലെ യഥാർത്ഥ പാരമ്പര്യം ഭാവിയെ ചൂണ്ടിക്കാണിക്കും.

കഴിഞ്ഞകാലത്തെ മനസ്സിലാക്കുന്നവനുമാത്രമേ ഭാവിക്കുവേണ്ടി നിലകൊള്ളാനാവൂ. യഥാർത്ഥ പാരമ്പര്യം എന്നും ഉദിച്ചുയരുന്ന പ്രഭാതസൂര്യനാണ്. എന്നും വളർന്നുകൊണ്ടിരിക്കുന്ന നവമായ ഒരു ക്രമമാണത് (novus ordo). സഭതന്നെയും പാരമ്പര്യത്തെക്കുറിച്ചുള്ള ധ്യാനമാണ്. ഏറ്റവും കാതലായിട്ടുള്ളതും ഏറ്റവും ലളിതമായിട്ടുള്ളതും പാരമ്പര്യമാണ്. നമ്മെ സ്വർഗത്തിലേക്കു നയിക്കുന്ന ഗോവണിപ്പടിയാണു പാരമ്പര്യം. അനിയന്ത്രിതമായ ഭക്താഭ്യാസങ്ങളിൽപ്പെട്ട് പാരമ്പര്യത്തിന്റെ കാതൽ കാണാതെ പോകരുത്. വനം കാണാൻ പോയി ഇലകളും ശിഖരങ്ങളുംമാത്രം കണ്ടു തടി കാണാതെ പോരുന്നതുപോലെയാണത്. സഭയിൽ ഊർജസ്വലമായ പിരിമുറുക്കം നില്ക്കുന്നതുതന്നെ പാരമ്പര്യം നഷ്ടപ്പെടുത്താതിരിക്കാനുള്ള വ്യഗ്രതയിൽനിന്നാണ്. കാതലായ പാരമ്പര്യം നഷ്ടപ്പെടുത്തുന്ന സഭാസമൂഹത്തിനു നിലനില്പില്ല.

പാരമ്പര്യത്തിന്റെ വീടാണു സഭ. വീടിന്റെ തറവാടിത്തമാണു പാരമ്പര്യം. പാരമ്പര്യം നഷ്ടപ്പെടുത്തിയാൽ ഭവനത്തിന് അർത്ഥമില്ല. പാരമ്പര്യം ഉള്ളിൽനിന്നു പുറത്തേക്കു വളരേണ്ടതാണ്. സ്ഥിരമായിട്ടുള്ളതു (endemousa) പാരമ്പര്യമാണ്. ഒരു ഊഷരഭൂമിയെ പട്ടണമാക്കുന്നത് (a desert into civitas) പാരമ്പര്യമാണ്. യഥാർത്ഥ പാരമ്പര്യം അത് ഉയർത്തിപ്പിടിക്കുന്ന മൂല്യങ്ങൾ മാത്രമല്ല; വ്യത്യസ്തമൂല്യങ്ങളും നിലപാടുകളും തമ്മിലുള്ള തർക്കം എങ്ങനെ അവസാനിപ്പിക്കുന്നു എന്നതുകൂടിയാണ്. ഒരുവൻ വിശ്വസിക്കുന്നതു ഹൃദയംകൊണ്ടാണ് (corde creditur). ധാർമികവും ആത്മികവുമായ ഏറ്റവും വലിയ നിക്ഷേപമാണ് പാരമ്പര്യം. ■

# മതവിശ്വാസങ്ങളെ അവഹേളിച്ചു വേണോ സിനിമാക്കച്ചവടം?



ടോണി ചിറ്റിലപ്പിള്ളി

ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ, മനുഷ്യത്വത്തെയും ധാർമികതയെയും കാർന്നുതിന്നുന്ന വലിയ വൈറസായി സിനിമാലോകം മാറിയിട്ടു കാലമേറെയായി. ക്രൈസ്തവവിശ്വാസത്തെ അവഹേളിക്കുന്ന കലാസൃഷ്ടികൾ ഒരു ട്രെൻഡ് ആയി മാറിയിരിക്കുന്നു. ചില മലയാളസിനിമകൾ അതിരുകടക്കുന്നു. ക്രൈസ്തവർ വളരെയധികം ബഹുമാനത്തോടെയും ഭക്തിയോടെയും കാണുന്ന അന്ത്യത്താഴചിത്രത്തെയും കത്തോലിക്കാ അടയാളങ്ങളെയും പരിശുദ്ധ കന്യകാമറിയത്തെയും കന്യാസ്ത്രീകളെയും വളരെ വികലമായി ചിത്രീകരിച്ചിരിക്കുന്ന ചില സിനിമകൾ മലയാളത്തിൽ തുടർച്ചയായി ഇറങ്ങുന്നുണ്ട്.

### ഈശോയും കേശു ഈ വീടിന്റെ നാഥനും

സംവിധായകൻ നാദിർഷായുടെ പുതിയ സിനിമ 'ഈശോ' ഈ വഴിയിലെ ഏറ്റവും പുതിയതാണ്. ഈശോയെന്ന പേര് പിൻവലിക്കില്ലെന്നും 'നോട്ട് ഫ്രം ദ ബൈബിൾ' എന്നതു പിൻവലിക്കുകയാണെന്നും അറിയിച്ചെങ്കിലും, ബൈബിളിലെ ഈശോയല്ല എന്നു പറയുന്നതിലൂടെ ക്രൈസ്തവവിശ്വാസത്തെ അപമാനിക്കാനാണ് ശ്രമമെന്നതിന് ഇതിൽപ്പരം എന്തു തെളിവാണു വേണ്ടത്? ഏറ്റവും ഖേദകരമായ വസ്തുത കലാഭവൻ എന്ന ക്രൈസ്തവസ്ഥാപനത്തിൽ താമസിച്ച് പരിശീലനം പൂർത്തിയാക്കിയവരാണ് സിനിമയ്ക്കു പുറകിലുള്ളത് എന്നതാണ്. ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരു പറഞ്ഞ് മതസൗഹാർദം തകർക്കുന്ന ഇത്തരം ശ്രമങ്ങളെ സെൻസർ ബോർഡ് നിയന്ത്രിക്കണം.

### എന്തുകൊണ്ട് ക്രിസ്ത്യൻ പേരുകൾ മലയാള സിനിമയുടെ ടൈറ്റിൽ ആയി വരുന്നു?

കേരളത്തിലെ ക്രൈസ്തവമതം കേവലം ഒരു മതപരമായ സാന്നിധ്യം മാത്രമായല്ല, ഒരു നാടിന്റെ മുഴുവൻ സാംസ്കാരികപശ്ചാത്തലമായി നിലനിൽക്കുന്നു. ബൈബിളിന് ലോകം മുഴുവനുമുള്ള സർവസ്വീകാര്യതയാണ് ഇത്തരത്തിലുള്ള പരീക്ഷണങ്ങൾക്കുള്ള പ്രചോദനം. മലയാളസിനിമ മാത്രമല്ല, ലോകത്തെമ്പാടുമുള്ള കലാലോകം ബൈബിളിലൂടെ പ്രചോദിതമായിട്ടുണ്ട്. ശില്പകലയിലും ചിത്രകലയിലും ഒക്കെ മികച്ച ഉദാഹരണങ്ങളുണ്ട്. ബൈബിൾ പേരുകൾ മാത്രമല്ല, വചനങ്ങൾ പറയുന്ന കഥാപാത്രങ്ങളെയും മലയാളസിനിമ ഏറ്റെടുത്തിട്ടുണ്ട്.എന്നാൽ ദുരുദ്ദേശപരമായി ഇത്തരം ക്രിസ്ത്യൻ പേരുകളും അടയാളങ്ങളും ഉപയോഗിക്കപ്പെടുമ്പോൾ അത് അവഹേളനപരമാകുന്നു.

ക്രൈസ്തവമായ പേരുകളും ഇതിവൃത്തങ്ങളും പശ്ചാത്തലങ്ങളും ഉപയോഗിക്കുകയാണെങ്കിൽ സിനിമ വിജയിപ്പിക്കാമെന്നുള്ള ചിന്ത നവസംവിധായകരിൽ രൂഢമൂലമായിരിക്കുന്നു. ക്രൈസ്തവികതയുടെ ദൃശ്യഭൂപടങ്ങൾകൊണ്ട് ആസൂത്രിതമായി, പള്ളിപ്പെരുന്നാളെന്നാൽ വീടിന്റെ പൂമുഖത്തും പ്രദക്ഷിണവഴികളിലും മദ്യപിക്കാനും പരസ്പരം തല്ലുകൂടാനുമുള്ള ഒരിടമാണെന്ന കണ്ടെത്തൽ പല സിനിമകളിലും കുത്തിനിറയ്ക്കുന്നു.

### 'അക്വേറിയ'ത്തിനുള്ളിലെ അശ്ലീലമത്സ്യങ്ങൾ

2013 ൽ 'പിതാവും പുത്രനും പരിശുദ്ധാത്മാവും' എന്ന പേരിൽ ഒരു സിനിമ പ്രഖ്യാപിച്ചപ്പോൾ ചിലർ പരാതി കൊടുക്കുകയും നിർമാതാവിനു പേരു മാറ്റേണ്ടിവരികയും ചെയ്ത ഒരു സംഭവം ഉണ്ടായിട്ടുണ്ട്. പേരിൽ മാറ്റം വരുത്തി 'പിതാവും പുത്രനും' എന്ന പേരിൽ ആ സിനിമ പുറത്തിറങ്ങിയപ്പോൾ വീണ്ടും പരാതി പോവുകയും അതു പെട്ടിയിലാവുകയുമുണ്ടായി. ഇപ്പോൾ വിവാദങ്ങൾക്കൊടുവിൽ വീണ്ടും അതേ സിനിമ 'അക്വേറിയം' എന്നാക്കി ഒടിടി പ്ലാറ്റ്ഫോമിലൂടെ റിലീസിനൊരുങ്ങിയെങ്കിലും ഹൈക്കോടതി സ്റ്റേ ചെയ്തു.

'അക്വേറിയം' എന്ന സിനിമയുടെ കഥതന്നെ വാസ്തവവിരുദ്ധവും മനുഷ്യത്വരഹിതവും ലൈംഗികവൈകൃതങ്ങൾ നിറഞ്ഞതുമാണ്. ക്രൈസ്തവവിശ്വാസത്തെയും കത്തോലിക്കാസഭയെയും അങ്ങേയറ്റം അവഹേളിക്കുന്ന ചിത്രീകരണം നിറഞ്ഞതാണ്. ക്രൈസ്തവസഭയെയും ക്രിസ്തീയമൂല്യങ്ങളെയും പരിശുദ്ധ കൂദാശകളെയും അപമാനിച്ച് സാത്താനും അവന്റെ നാമത്തിനും കൈയടി വാങ്ങിക്കൊടുക്കുന്നതായി മലയാളസിനിമാവ്യവസായം മാറിയിരിക്കുന്നു എന്നു പറയുന്നതിൽ ഏറെ ഖേദമുണ്ട്.

### ക്രൈസ്തവികതയ്ക്കെതിരേയുള്ള അസത്യപ്രചാരണങ്ങൾ

ജർമനിയിൽ അസത്യപ്രചാരണങ്ങൾക്കായി ഹിറ്റ്ലർ സിനിമാമേഖലയെ ഉപയോഗിച്ചിരുന്നു. സിനിമയടക്കം ജർമൻസംസ്കാരത്തിന്റെ എല്ലാ മേഖലകളെയും ബാധിക്കുന്ന നിയന്ത്രണത്തിന്റെ ഇരുമ്പുമുഷ്ടി ഹിറ്റ്ലർ മുന്നോട്ടുവച്ചു. ജോസഫ് ഗീബെൽസിന്റെ നേതൃത്വത്തിലുള്ള പ്രചാരണമന്ത്രാലയം ജർമൻ സിനിമയുടെ നിയന്ത്രണശക്തിയായി വർത്തിച്ചു. എല്ലാ സിനിമകളും നാസിപാർട്ടിയെ മാത്രം അനുകൂലിക്കുകയും വാദിക്കുകയും ചെയ്യുന്നതാക്കി മാറ്റി.

കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ ക്രൈസ്തവവിശ്വാസത്തെ അധിക്ഷേപിക്കുന്ന ഇരുപതോളം സിനിമകൾ മലയാളത്തിലിറങ്ങി. കുമ്പസാരക്കൂടിനെയും കുമ്പസാരത്തെയുമൊക്കെ അവഹേളിച്ചുകൊണ്ടു നിന്ദ്യമായ രീതിയിലുള്ള ചിത്രീകരണങ്ങളുണ്ടായി. ഇത്തരം സിനിമകളിൽ കാണുന്നത് വിശ്വാസികൾ അപ്പാടെ വിശ്വസിച്ചു എന്നു കരുതുന്നില്ല. പക്ഷേ, സഭയ്ക്കു പുറത്തുള്ളവർ ഇതൊക്കെയാണു നടക്കുന്നതെന്നു ചിന്തിച്ചിട്ടുണ്ടാവണം.

പൗരോഹിത്യത്തെയും സന്ന്യാസത്തെയും ബ്രഹ്മചര്യത്തെയും മെത്രാൻമാരെയും അപമാനിക്കാനുള്ള ബോധപൂർവമായ രംഗങ്ങളും സംഭാഷണങ്ങളും നിറച്ച ഈ സിനിമകളുടെ ഉള്ളടക്കത്തിൽ ക്രൈസ്തവലോകം അസ്വസ്ഥമാണ്. ക്രൈസ്തവപൗരോഹിത്യത്തിനെതിരായി പൊതുവികാരമുണർത്താൻ ഈ സിനിമകൾ സമൂഹത്തിൽ വഹിച്ച പങ്കു ചെറുതല്ല. ചലച്ചിത്രങ്ങളിൽ വിശുദ്ധ കൂദാശകളെപ്പോലും പരിഹാസത്തോടും, ലാഘവബുദ്ധിയോടുംകൂടി കൈകാര്യം ചെയ്യുന്നതുമൂലം വലിയ തോതിൽ യുവജനവിശ്വാസിസമൂഹം വഴിതെറ്റിക്കപ്പെടുന്നു.

വളരെ അപഹാസ്യമായ രീതിയിലാണ് വൈദികരുടെയും സന്ന്യസ്തരുടെയും ജീവിതത്തെയും സഭയെയുംപറ്റി അവയിൽ പരാമർശിച്ചിട്ടുള്ളത്. ഇതൊക്കെ കണ്ടുകഴിഞ്ഞപ്പോൾ തോന്നിയത്, എല്ലാം സഹനമായി കാണാമെങ്കിലും ഇത്രമാത്രം സഹിക്കേണ്ട കാര്യമില്ല എന്നാണ്. കാരണം, കാണുന്നവർ വിചാരിക്കും, ഇതൊക്കെ ശരിയായിരിക്കുമെന്ന്? നല്ല സമരിയക്കാരൻ എന്ന നിലയിൽനിന്നു ക്രിസ്ത്യൻ കഥാപാത്രങ്ങളെ വളരെ വികലമായി, തിന്മയുടെ ലൂസിഫറുകളായി അവതരിപ്പിക്കുന്ന ഇന്നത്തെ അവസ്ഥ വളരെ ആസൂത്രിമാണോയെന്നു ചിന്തിക്കണം.

ക്രൈസ്തവാടിസ്ഥാനങ്ങളെ പൊതുസമൂഹത്തിന്റെ മുമ്പിൽ അവഹേളനാപാത്രമാക്കുന്നത് ഒരു തുടർക്കഥയാക്കി മാറ്റുന്നതിൽ നവസിനിമാവൈതാളികർ വിജയിച്ചു. വില്ലൻ കഥാപാത്രങ്ങളും അഭിസാരികാ കഥാപാത്രങ്ങളും ഐറ്റം ഡാൻസ് അവതരിപ്പിക്കുന്നവരും ക്രൈസ്തവനാമങ്ങളിലാണു സിനിമയിൽ രംഗപ്രവേശം നടത്തുന്നത്. ബാച്ച്ലർ പാർട്ടി, ബ്ലാക്ക്, സാഗർ ഏലിയാസ് ജാക്കി തുടങ്ങിയ ചിത്രങ്ങളും കടുത്ത ക്രിസ്ത്യൻവിരുദ്ധത പ്രകടിപ്പിക്കുന്നവയാണെന്നു സൂക്ഷ്മമായി വീക്ഷിച്ചാൽ മനസ്സിലാകും.

### അബോധാവസ്ഥയിലായ 'ട്രാൻസ്'

'ട്രാൻസ്' എന്ന സിനിമ ക്രിസ്തീയമൂല്യങ്ങളെ വികലമായി ചിത്രീകരിച്ചപ്പോഴും സമൂഹം അത് ആഘോഷിച്ചു. പൗരോഹിത്യത്തെ ആക്ഷേപിക്കുന്ന മാസ് ഡയലോഗുകൾ അടിക്കുന്ന ഹീറോകളെ കയ്യടിച്ചു പ്രോൽസാഹിപ്പിക്കുന്ന ഒരു ജനതയായി വിശ്വാസികളെ മാറ്റാനുള്ള ശ്രമങ്ങൾ ന്യൂ ജനറേഷൻ സിനിമകളിൽ സാധാരണമായിരിക്കുന്നു. രോഗശാന്തി ശുശ്രൂഷകളെ പണമുണ്ടാക്കുന്ന ഒരു വ്യവസായം മാത്രമായി ചിത്രീകരിച്ച്, ദൈവത്തെ സ്തുതിക്കുന്നതും ആരാധിക്കുന്നതും മോശമാണെന്ന ധാരണയുണ്ടാക്കിയെടുക്കാനുള്ള നീക്കങ്ങളും 'ട്രാൻസ്' പോലുള്ള ചിത്രങ്ങളിലൂടെ നടത്തി.

ക്രിസ്തുവിനെയും സഭയെയും ക്രൈസ്തവരെയും മ്ലേച്ഛകരമാക്കാനും ആക്രമിക്കാനും പ്രചോദനം നൽകുന്ന സിനിമകൾ ഇപ്പോൾ വ്യാപകമായി ചിത്രീകരിക്കപ്പെടുന്നു. ഇത്തരം സിനിമകൾക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകാൻ ചില ക്രൈസ്തവവിരുദ്ധപ്രസ്ഥാനങ്ങളും പൈശാചിക വർഷിപ്പ് ഗ്രൂപ്പുകളും ശ്രമിക്കാറുണ്ട്. കൊള്ളക്കാരുടെ താവളങ്ങളായും മോശമായ നൃത്തങ്ങളുടെ പശ്ചാത്തലങ്ങളായും ദൈവാലയങ്ങൾ അവതരിപ്പിക്കപ്പെടുമ്പോൾ, എത്ര വിപരീതമായ കാഴ്ചപ്പാടുകളായിരിക്കും അതു കാണുന്നവരിൽ ഉളവാക്കുക?

കേരള പൊലീസിന്റെ ക്രൈം റെക്കോർഡുകൾ പരിശോധിച്ചാൽ ഞെട്ടിപ്പോകും, കുപ്രസിദ്ധമായ പല കേസുകൾക്കും കാരണമായത് സിനിമയാണത്രേ! അശ്ലീലങ്ങളുടെയും ആഭാസങ്ങളുടെയും ലേഹ്യവും കഷായവുംപോലെയുള്ള ചില ന്യൂജനറേഷൻ സിനിമകൾ മേമ്പൊടിയായി ചേർക്കുന്നത് ക്രൈസ്തവവിരുദ്ധതയാണ്.


മതവിശ്വാസങ്ങളെ അവഹേളിച്ചു വേണോ സിനിമാക്കച്ചവടം നടത്തേണ്ടതെന്ന് ചലച്ചിത്രവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവർ ഗൗരവമായി ചിന്തിക്കണം. മാനവികതയിൽ അധിഷ്ഠിതമായ ഉന്നത കലാമൂല്യമുള്ള സിനിമകൾ മലയാളത്തിൽ സൃഷ്ടിക്കാൻ ചലച്ചിത്രപ്രവർത്തകർ ശ്രമിക്കണം.

ഇന്നത്തെ മലയാളസിനിമ അതിന്റെ ഇതിവൃത്തതിരഞ്ഞെടുപ്പ്, ആഖ്യാനനിർബന്ധങ്ങൾ, വ്യവസായ-വാണിജ്യനിയമങ്ങൾ, ആസ്വാദന മുൻധാരണകൾ എന്നിങ്ങനെയുള്ള പ്രാഥമിക മേഖലയിൽത്തന്നെ തികച്ചും ജനാധിപത്യവിരുദ്ധമായ രീതികളാണ് പിന്തുടരുന്നത്. സാമൂഹിക പ്രതിബദ്ധത എന്ന നിലയ്ക്ക് നല്ല സിനിമകൾ ആവിഷ്കരിക്കാൻ സിനിമക്കാർ ശ്രദ്ധിക്കണം. സിനിമ, കച്ചവടവും വിനോദവും മാത്രമല്ല എന്ന തിരിച്ചറിവുണ്ടാകണം. സമൂഹത്തിൽ നഷ്ടമാവുന്ന നന്മയും സ്നേഹവും ധാർമികതയും വീണ്ടെടുക്കാൻ സിനിമാപ്രവർത്തകർ മുന്നോട്ടു വരണം.






കുട്ടികൾ വായിച്ചിരിക്കേണ്ട വിശിഷ്ടഗ്രന്ഥങ്ങളെ ഹൃദ്യമായി പരിചയപ്പെടുത്തുന്ന പംക്തി




# ഇന്ദുലേഖ പറഞ്ഞത്



ജോയിഷ് ജോസ്

**മ**ലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ എന്നു വിശേഷിപ്പിക്കുന്ന കൃതിയാണ് ഇന്ദുലേഖ. രചയിതാവ് ഒ. ചന്ദുമേനോൻ.

1847 ജനുവരി 9 ന് കണ്ണൂരിലായിരുന്നു ഒയ്യാരത്ത് ചന്തുമേനോൻ എന്ന ഒ. ചന്തുമേനോന്റെ ജനനം. സംസ്കൃതത്തിലും ഇംഗ്ലീഷിലും പാണ്ഡിത്യം നേടിയ ചന്തുമേനോൻ പതിനേഴാമത്തെ വയസ്സിൽ കോടതിഗുമസ്തനായി ഔദ്യോഗികജീവിതം തുടങ്ങി. ചന്തുമേനോൻ തന്റെ ബുദ്ധിശക്തിയും പ്രവർത്തനപാടവവുംകൊണ്ട് 1882 എത്തിയപ്പോഴേക്കും മുൻസിഫ് സ്ഥാനത്തേക്ക് സ്ഥാനക്കയറ്റം നേടിയിരുന്നു. ആ വർഷം തന്നെ കാത്തോളി വീട്ടിൽ ലക്ഷ്മിയമ്മയെ അദ്ദേഹം വിവാഹം കഴിച്ചു. 1889 ൽ പരപ്പനങ്ങാടി മുൻസിഫായിരുന്ന കാലത്താണ് അദ്ദേഹം ഇന്ദുലേഖ എഴുതുന്നത്.



ഇംഗ്ലീഷ് സാഹിത്യത്തിൽ അതീവതത്പരനായിരുന്നു ചന്തുമേനോൻ. വായിച്ച ഇംഗ്ലീഷ് നോവലുകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തി കേൾക്കണമെന്ന് സുഹൃത്തുക്കളും ഭാര്യയും നിരന്തരം ചന്തുമേനോനോട് ആവശ്യപ്പെട്ടു. എന്നാൽ, ഇതര ഭാഷയിലുള്ള കഥകൾ മലയാളത്തിലേക്കു പരിഭാഷപ്പെടുത്തുമ്പോൾ പൂർണത ലഭിക്കുന്നില്ലെന്ന് അദ്ദേഹത്തിനു തോന്നി. ആ തോന്നലിൽ നിന്നാണ് ഇന്ദുലേഖ എന്ന ആദ്യനോവലിന്റെ പിറവി. ഇന്ദുലേഖയ്ക്കുമുമ്പ് അപ്പു നെടുങ്ങാടി കുന്ദലത എന്ന കൃതി രചിച്ചിരുന്നുവെങ്കിലും സമ്പൂർണ നോവലിന്റെ മാതൃക മലയാളത്തിനു കാട്ടിത്തന്നത് ചന്തുമേനോനാണ്.

അക്കാലത്തെ സാമൂഹിക പശ്ചാത്തലത്തിലുള്ള ഒരു നായർ തറവാടിന്റെ കഥയാണ് ഇന്ദുലേഖയിലൂടെ ചന്തുമേനോൻ പറഞ്ഞത്. കേവലം ഒരു കഥ എന്നതിലുപരി നോവലിലെ സാമൂഹിക-രാഷ്ട്രീയവിവരണങ്ങളും വ്യവസ്ഥിതിയോടുള്ള പ്രതികരണവുമാണ് ഇന്ദുലേഖയിലെ എടുത്തുപറയേണ്ട സവിശേഷതകൾ. അക്കാലത്തുണ്ടായിരുന്ന മരുമക്കത്തായം, ജാതിവ്യവസ്ഥ തുടങ്ങിയ അപരിഷ്കൃതങ്ങളായ സമ്പ്രദായങ്ങളെ ഇന്ദുലേഖയുടെയും മാധവന്റെയും ജീവിതത്തിലൂടെ വരച്ചുകാട്ടുകയായിരുന്നു അദ്ദേഹം.

നോവൽ എന്ന സാഹിത്യശാഖയെക്കുറിച്ച് അധികമൊന്നും കേട്ടിട്ടില്ലാത്ത കേരളത്തിലെ ജനങ്ങൾക്കു വേഗത്തിൽ മനസ്സിലാകുന്ന തരത്തിലായിരുന്നു ചന്തുമേനോന്റെ ആഖ്യാനശൈലി. കഥാപാത്രങ്ങളുടെ സ്വാഭാവികസംസാരത്തിലൂടെ കഥ പറഞ്ഞതുകൊണ്ടുതന്നെ നോവൽ സാധാരണക്കാർക്കു പ്രിയപ്പെട്ടതായി. സ്ത്രീകൾക്ക് സമൂഹത്തിൽ ഉന്നമനം വേണ്ടതിന്റെയും പല വേളികൾ കഴിക്കുന്ന സമ്പ്രദായം അവസാനിക്കേണ്ടതിന്റെയും ആവശ്യകത വിവരിക്കുന്ന നോവൽ കാലത്തോടുള്ള ചന്തുമേനോന്റെ പ്രതികരണമായിരുന്നു എന്നുതന്നെ വിശേഷിപ്പിക്കാം.

ചന്തുമേനോൻ അംഗമായിരുന്ന മലബാർ വിവാഹക്കമ്മീഷന്റെ തീരുമാനങ്ങളെ സ്വാധീനിക്കാൻ ഈ നോവലിനു സാധിച്ചു എന്നത് എടുത്തുപറയേണ്ട കാര്യമാണ്. മലയാളത്തിലെ പിന്നീടുണ്ടായ നോവലുകളിലെല്ലാം ഇന്ദുലേഖയുടെ സ്വാധീനം ദൃശ്യമാണ്.

1892 ൽ തന്റെ രണ്ടാമത്തെ നോവലായ ശാരദയുടെ ഒന്നാം ഭാഗം അദ്ദേഹം പുറത്തിറക്കി. തൊഴിലിലെ മികവിലൂടെ ഗവണ്മെന്റിന്റെ റാവു ബഹദൂർ ബഹുമതിക്ക് അർഹനായ അദ്ദേഹം മദിരാശി സർവകലാശാലാ നിയമപരീക്ഷകനും കലാശാലാംഗവുമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1899 ൽ ശാരദയുടെ രണ്ടാം ഭാഗം പൂർത്തിയാക്കാതെ ചന്തുമേനോൻ യാത്രയായി. ഇന്ദുലേഖ എന്ന നോവലും ശാരദ എന്ന അപൂർണമായ കൃതിയും മാത്രമേ ചന്തുമോനോൻ രചിച്ചിട്ടുള്ളൂവെങ്കിലും മലയാളസാഹിത്യത്തിൽ എക്കാലവും ഓർമിക്കുന്ന സമുന്നതസ്ഥാനമാണ് അദ്ദേഹത്തിനുള്ളത്. ■

---

കാർഷികം

ജോഷി മുഞ്ഞനാട്ട്




**പോ**ഷകപ്രദവും നിരവധി രോഗങ്ങൾക്കു സിദ്ധൗഷധവുമാണ് കരിക്കിൻവെള്ളം. ദാഹവും ക്ഷീണവും മാറ്റാൻ അത്യുത്തമം. ശരീരത്തിന് അവശ്യം വേണ്ട ജീവകങ്ങൾ, ധാതുലവണങ്ങൾ തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു. വയറിളക്കം കോളറ എന്നീ രോഗാവസ്ഥകളിലും ധാരാളം കരിക്കിൻവെള്ളം കുടിക്കുന്നത് നല്ലതാണ്. ഇത് കരൾ, വൃക്ക എന്നിവയുടെ തകരാറുകൾ ഒരു പരിധിവരെ നിയന്ത്രിക്കുന്നു.

കരിക്കിൻവെള്ളത്തിൽ സോഡിയം, ഇരുമ്പ്, പൊട്ടാസിയം, മഗ്നീഷ്യം തുടങ്ങിയവ വിവിധ അളവിൽ അടങ്ങിയിട്ടുണ്ട്.

പഴയകാലങ്ങളിൽ അതിഥിസൽക്കാരത്തിന് കരിക്ക് ഉപയോഗിച്ചിരുന്നു. കരിക്കിൻവെള്ളം അതിവേഗം ദഹിക്കുന്ന ഒന്നാണ്. ചെന്തെങ്ങിന്റെ കരിക്കാണ് ഏറ്റവും ഉത്തമം.

മൂത്രാശയസംബന്ധമായ രോഗങ്ങൾക്ക് ഇവ വളരെ നല്ലതാണ്. നേത്രരോഗങ്ങൾക്കും ഫലപ്രദം. ഇവയിൽനിന്നു തയ്യാറാക്കുന്ന ഇളനീർക്കുഴമ്പ് വളരെ പ്രസിദ്ധമാണ്. നേത്രസംബന്ധമായ പല രോഗങ്ങൾക്കും ഇവ ഉപയോഗിച്ചുവരുന്നു. മഞ്ഞപ്പിത്തം, അമിതദാഹം, ഛർദ്ദി, ക്ഷീണം, തളർച്ച തുടങ്ങിയവയ്ക്കും വളരെ ഫലപ്രദം. വേനൽക്കാലത്ത് ആഴ്ചയിൽ ഒന്നെങ്കിലും വീതം ഇളനീർ കഴിക്കുന്നത് പല രോഗങ്ങളെ തടഞ്ഞുനിർത്തുകയും നമ്മുടെ ആരോഗ്യത്തെ സംരക്ഷിക്കുകയും ചെയ്യും.

---

പ്രണയപാഠാവലി



89

ഡോ. ആന്റണി ജോസ്

# വേറിടുന്ന ഇന്ദ്രിയസംവേദനങ്ങൾ

സ്ത്രീപുരുഷലൈംഗികാഭിമുഖ്യങ്ങളെക്കുറിച്ച് നിരവധി പഠനങ്ങൾ നടന്നിട്ടുണ്ട്. കൗതുകകരമായ ചില കാര്യങ്ങൾ ഒന്നു നോക്കാം.

ലൈംഗികതയുടെ പരിസരങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നതിനെക്കുറിച്ചുള്ള മനസ്സിന്റെ മാർഗരേഖയാണ് 'സ്ക്രിപ്റ്റ്.' ഇത് സാംസ്കാരികമായ ഒരുത്പന്നംകൂടിയാണ്. പുരുഷന്റെ സ്ക്രിപ്റ്റിനെ നയിക്കുന്നത് രത്യനുഭൂതിതന്നെയാണ്. മതപരമോ സാംസ്കാരികമോ ആയ ബ്രാക്കറ്റുകൾക്കു വെളിയിൽ വരാൻ തക്കവിധം സാഹസികനാണയാൾ.

സ്ത്രീയുടെ സ്ക്രിപ്റ്റ് രൂപപ്പെടുന്നത് വൈരുധ്യം നിറഞ്ഞ തിരക്കഥകളാലാണ്. വൈകാരികാടുപ്പത്തിനായുള്ള ആർജവം അതിൽ ഗോപ്യമായി അടങ്ങിയിട്ടുണ്ട്. എന്നാൽ, ഒരു സ്വയം പ്രതിരോധം അതിനൊപ്പമോ മേലെയോ വർത്തിക്കുന്നു. സെക്സിന്റെ അടയാളപ്പെടുത്തലുകൾ അവൾക്കു മേലാണു പതിയുന്നത്. ഗർഭധാരണം തുടങ്ങി, കുഞ്ഞിനെ വളർത്തുന്നതുൾപ്പെടെയുള്ള വലിയ ഉത്തരവാദിത്വങ്ങളും ബാധ്യതകളും കേവലം ഐന്ദ്രിക്കമായ വഴി തിരഞ്ഞെടുക്കുന്നതിൽനിന്ന് അവളെ പിൻതിരിപ്പിച്ചേക്കാം. സദാചാരത്തിന്റെ ചാട്ടവാർപ്പിണരുകൾ അവൾക്കുമേലുണ്ട്. അമ്മയും ചങ്ങാതിമാരും നൽകിയിട്ടുള്ള രഹസ്യമുന്നറിയിപ്പുകൾ അവൾ മറക്കില്ല. വൈകാരികാടുപ്പത്തിലെത്തിക്കാത്ത, നൈമിഷികമായ സ്വാർത്ഥതയാണോ, തന്നെ സമീപിക്കുന്ന പുരുഷനുള്ളതെന്ന് ന്യായമായും അവൾക്കു സംശയിക്കാം. യഥാർത്ഥപ്രണയമല്ലെങ്കിൽ താമസംവിനാ വലിച്ചെറിയപ്പെടാമല്ലോ. അതുകൊണ്ടവൾക്കറിയാം; തന്റെ ലൈംഗികസ്വത്വം വിലയേറിയതുതന്നെയാണെന്ന്. അർഹിക്കാത്തവർക്കു വച്ചുനീട്ടാനുള്ളതല്ല അത്. അതുകൊണ്ട് തന്നിലെ ആകർഷണീയതയുടെ വിഭവങ്ങൾ, പുരുഷന്റെ മുതൽക്കൂട്ടുകളായ ആത്മാർത്ഥത, ആർജവം, വിശ്വസ്തത, പ്രാപ്തി ഇതൊക്കെയുമായി എക്സ്ചേഞ്ച് ചെയ്യുന്നതിലാണ് അവൾ സുരക്ഷിതത്വം കാണുക. പുരുഷന്റെ കറയില്ലാത്ത പ്രണയത്തിന് അവൾ നല്കുന്ന പ്രതിസമ്മാനമാണ് സെക്സ്. അവൾ ഭാര്യയും അമ്മയുമാണല്ലോ. സ്വസമൂഹനിർമിതിയുടെ ചീഫ് എഞ്ചിനീയറായി, ആരും നിയോഗിച്ചില്ലെങ്കിലും, അവൾ സ്വയം അഭിമാനിതയായി അവരോധിക്കുന്നു. അതുകൊണ്ട് ഉത്തരവാദിത്വലൈംഗികതയ്ക്കു സ്വീകാര്യമാകാത്തതൊക്കെ, പടിക്കുപുറത്താക്കാനുള്ള ശേഷി അവൾക്കുണ്ട്.



സ്ത്രീയുമായി താരതമ്യപ്പെടുത്തിയാൽ സെക്ഷ്വൽ മോട്ടിവേഷൻ പുരുഷനിൽ കൂടുതലാണെന്നു പഠനങ്ങൾ കാണിക്കുന്നു. സ്വയംഭോഗം, കൂടുതൽ സെക്സ് ചെയ്യാനുള്ള താത്പര്യം, ഒരു പങ്കാളിയിൽ ഒതുങ്ങി നില്ക്കാനുള്ള വൈമുഖ്യം ഇതെല്ലാം അവനിൽ ശക്തമാണ്. എന്നാൽ, അവളുടെ സ്ക്രിപ്റ്റിൽ ഉത്തരവാദിത്വലൈംഗികതയാണ് കുടികൊള്ളുക. ലൈംഗികകുറ്റകൃത്യങ്ങൾ അവൾ ചെയ്യാറില്ലത്രേ! കുട്ടികളെ ദുരുപയോഗിക്കുക, പാരാഫീലിയയിൽ ഏർപ്പെടുക തുടങ്ങിയവ സ്ത്രീകളിൽ തുലോം കുറവായി ഗണിക്കപ്പെടുന്നു.

സ്ത്രീ പുരുഷനിൽ ശ്രദ്ധിക്കുന്നത്, അയാളുടെ വ്യക്തിത്വസവിശേഷതകളെയും തന്റെ വൈകാരികസ്പന്ദനങ്ങളെ എപ്രകാരം അനുഭാവപൂർവം സമീപിക്കാൻ അയാൾക്കു കഴിയുന്നു എന്നതിനെയുമാണ്. സംഭാഷണങ്ങളിൽ മറനീക്കിയ പ്രയോഗങ്ങൾ കടന്നുവരുന്നത് അയാളെ സംബന്ധിച്ചിടത്തോളം ഉത്തേജകമാകും. എന്നാൽ, തുറന്ന പദപ്രയോഗങ്ങളും അനാവൃത സാഹിതീബിംബങ്ങളും അവൾ സ്വാഗതം ചെയ്യുന്നില്ല. വൈകാരികാടുപ്പമുണ്ടാക്കുന്ന പ്രണയഭൂമിയിൽ മാത്രമാണ് അവൾ അതിനെ തെല്ലെങ്കിലും മാനിക്കുക. പുരുഷൻ ഇറോട്ടിക് പ്രസ്താവനകളിൽ ഉണരുമ്പോൾ, സ്ത്രീയാകട്ടെ റൊമാന്റിക് സമീപനങ്ങളിലാണ് സന്തോഷം കണ്ടെത്തുക. ■

# ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ &
മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ




**കർത്താവ് സ്വർഗത്തിൽനിന്നു മനുഷ്യമക്കളെ നോക്കുന്നു. ദൈവത്തെ തേടുന്ന വിവേകികളുണ്ടോ എന്ന് അവിടുന്ന് ആരായുന്നു.**

സങ്കീർത്തനങ്ങൾ 14:2

**എഡിറ്റോറിയൽ**

## ആരോഗ്യകരമാകണം ആൺപെൺസൗഹൃദങ്ങൾ

പ്രണയപ്പകയുടെ ചോരക്കറ വീണ് സാക്ഷര കേരളത്തിന്റെ ഭൂമികയിൽ കൂരിരുൾ പരന്നത് ലോക സൗഹൃദദിന(ഓഗസ്റ്റ്1)ത്തിന് രണ്ടുനാൾമുമ്പാണ്. സാംസ്കാരികകേരളം അപമാന ഭാരത്താൽ തല താഴ്ത്തിയ കറുത്ത ദിനമാണത്. ദന്തൽ ഡോക്ടറായ മാനസ എന്ന യുവതിയെ മുൻസുഹൃത്തായ യുവാവ് കോതമംഗലത്തെ താമസസ്ഥലത്ത് അതിക്രമിച്ചുകയറി വെടിവച്ചുകൊന്ന സംഭവം, പ്രണയ നിരാസം പ്രതികാരത്തിനായി പ്രതികരിച്ചതിന്റെ പരിണതഫലമാണ്. മാത്രമല്ല, ആസൂത്രിതമായ കൊലയ്ക്കുശേഷം സ്വന്തം ശിരസ്സിൽ വെടിയുതിർത്തു ജീവൻ ഹനിക്കാൻ മാത്രം ഭ്രാന്തമായ മനോവൈകൃതത്തിനിരയായ രഖിൽ എന്ന ആൺകുട്ടിയും ചർച്ചയ്ക്കു വിഷയമാണ്. പ്രണയക്കുരുക്കിൽ ജീവൻ പൊലിഞ്ഞ ദുരന്തവാർത്തകളിലൊന്നു മാത്രമായി കരുതാനാവുന്നതാണോ കോതമംഗലത്തെ കൊലയും ആത്മഹത്യയും എന്നത് പ്രബുദ്ധകേരളം സഗൗരവം ചർച്ച ചെയ്യേണ്ടതാണ്.

യുവത്വത്തിന്റെ ശരിവിചാരങ്ങൾ പൂത്തുലയുന്ന പ്രണയസൗഹൃദങ്ങൾക്കു സൗകുമാര്യം നഷ്ടമാകുന്നത് അപക്വമായ വികാരങ്ങളുടെ വേലിയേറ്റങ്ങളാലാവാം. ആൺപെൺസൗഹൃദങ്ങളിൽ സ്വാർത്ഥത കടന്നുകൂടുമ്പോഴാണ് അവൻ/അവൾ തന്റേതുമാത്രമെന്നു ശഠിക്കുന്ന ഏകപക്ഷീയവിചാരം ശക്തമാകുന്നത്. സ്വാർത്ഥപ്രേരിതമായ ആകർഷണങ്ങളും ഇഷ്ടങ്ങളും വച്ചുപുലർത്തുന്നിടത്ത് പ്രണയവും സൗഹൃദവും ചൂഷണാധിഷ്ഠിതമാകും. പ്രണയനിരാസവും കലഹവും ജീവൻ നശിപ്പിക്കുന്ന പ്രവണതകളിലേക്കു യുവാക്കളെ ചെന്നെത്തിക്കുന്നുണ്ടെങ്കിൽ, മനശ്ചികിത്സയ്ക്കു വിധേയമാക്കേണ്ടത് അവരെ മാത്രമല്ല, അവർ ജീവിക്കുന്ന കുടുംബങ്ങളെയും ഈ സമൂഹത്തെത്തന്നെയുമാണ്.

സാക്ഷരതയിൽ അഭിമാനംകൊള്ളുന്ന പ്രബുദ്ധകേരളത്തിന്റെ വിരിമാറിൽ, പുതുതലമുറയുടെ സെക്സും ക്രൈമും വയലൻസും കരിനിഴൽ വീഴ്ത്തുന്നുവെങ്കിൽ, വിദ്യാഭ്യാസവിചക്ഷണരും മനോരോഗവിദഗ്ധരുമടക്കമുള്ളവർ ഉണർന്നു ചിന്തിച്ചേ മതിയാകൂ. നമ്മുടെ കലാലയവിദ്യാഭ്യാസം കുട്ടികളുടെ ഹൃദയവികാസത്തിനും സംസ്കാരപോഷണത്തിനും ഉതകുന്നവിധത്തിൽ സിലബസിലും പഠനബോധനരീതികളിലും പൊളിച്ചെഴുത്തു വേണമെന്നു ശഠിക്കാൻ അധികാരികൾ മടിക്കുന്നതെന്തേ? ഈശ്വരവിശ്വാസവും സാന്മാർഗിക ബോധനവും കൊടുക്കാൻ വിദ്യാഭ്യാസകേരളം മടിയോ പേടിയോ നാണമോ വിചാരിച്ചാൽ, സത്യധർമമൂല്യാദികളെന്തെന്നറിയാത്ത കുറെ ബുദ്ധിരാക്ഷസന്മാരായിരിക്കും ഭാവിയിൽ ഇവിടം ഭരിക്കുന്നത്.


ബന്ധങ്ങളിലുണ്ടാകേണ്ട പക്വതയും വിശ്വാസ്യതയും വിശാലതയും കുട്ടികൾ പഠിച്ചുതുടങ്ങുന്നത് കുടുംബങ്ങളിൽനിന്നുതന്നെയാണ്. പരസ്പരസ്വാതന്ത്ര്യവും അവകാശങ്ങളും സമത്വബോധവും ഭംഗിയായി കൈകാര്യം ചെയ്യുന്ന എത്ര മാതാപിതാക്കളുണ്ട് നമ്മുടെ കുട്ടികൾക്കു മാതൃക കാണിച്ചുകൊടുക്കാൻ?

പെൺകുട്ടികളുടെ കാര്യത്തിലെന്നപോലെ ആൺകുട്ടികളുടെ കാര്യത്തിലും വീട്ടുകാർക്ക് ഉയർന്ന കരുതലും ശ്രദ്ധയുമുണ്ടാകണം. ഇതു സ്കൂളധികാരികൾക്കും അധ്യാപകർക്കും ഉണ്ടാകേണ്ടതാണ്. എല്ലാ ദുരന്തവാർത്തകളിലും പ്രതിനായകവേഷംകെട്ടാൻമാത്രം വിധിക്കപ്പെട്ട ഒരു വിഭാഗക്കാരായി മാറി നമ്മുടെ ആൺകുട്ടികൾ. നമ്മൾ വളർത്തുന്നതും നിയന്ത്രിക്കുന്നതും സൂക്ഷിക്കുന്നതും ഓമനിക്കുന്നതും എല്ലായ്പ്പോഴും പെൺകുട്ടികളെത്തന്നെ. സ്വത്വമോ സ്വന്തം ഇടമോ തിരിച്ചറിയാനാവാതെ ഉൾവലിവിന്റെ തുരുത്തുകളിൽ ഒറ്റപ്പെട്ടുപോകുന്ന ആൺകുട്ടികളുടെ സ്വകാര്യതകളും അവരുടെ വികാരവിചാരങ്ങളും മാതാപിതാക്കൾ ഗൗരവമായി മനസ്സിലാക്കേണ്ടതാണ്. ലിംഗസമത്വം, ആൺപെൺ ബന്ധങ്ങളിലെ ജനാധിപത്യം, സ്ത്രീസുരക്ഷ ഇവയൊക്കെ ആൺകുട്ടികളുടെയും പഠനവിഷയമാകണം. ആൺകുട്ടിയും പെൺകുട്ടിയും ഒന്നിച്ചിരുന്ന് ഇത്തരം വർത്തമാനങ്ങൾ പറഞ്ഞുതുടങ്ങണം. ചർച്ചകൾക്കും സംവാദങ്ങൾക്കും നമ്മുടെ വീട്ടകങ്ങളും സ്കൂളിടങ്ങളും അവസരം തുറന്നുകൊടുക്കണം. ആണത്തം, പെണ്ണത്തം, പ്രണയം, സൗഹൃദം, സ്നേഹം, ത്യാഗം, സമർപ്പണം തുടങ്ങിയ ജീവിതസത്യങ്ങൾ അവനും അവൾക്കും മനസ്സുതുറന്നു സംസാരിക്കാനുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നെങ്കിൽ, ഒരു ഫോണിനപ്പുറവുമിപ്പുറവുമിരുന്നു വളരുന്ന, ഇത്തിരിക്കാലംപോന്ന പ്രണയവും പ്രണയനിരാസവും പ്രണയപ്പകയും ഈ നാട്ടിൽ ഉണ്ടാവുകയില്ലായിരുന്നു. ■

## ഡോ. വി.വി. ജോർജുകുട്ടി പ്രിൻസിപ്പലായി ചുമതലയേറ്റു

### ഡോ. ജോസഫ് വെട്ടിക്കൻ പടിയിറങ്ങി





ഡോ. വി.വി. ജോർജുകുട്ടി ഡോ. ജോസഫ് വെട്ടിക്കൻ

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പലായി ഡോ. വി.വി. ജോർജുകുട്ടി ഒട്ടലാങ്കൽ ചുമതലയേറ്റു. പാലാ സെന്റ് തോമസ് കോളജ് കൊമേഴ്സ് വിഭാഗം അധ്യാപകനും ഐ.ക്യൂ.എ.സി. കോ-ഓർഡിനേറ്ററും ആയിരുന്നു. കാലിക്കറ്റ് സെന്റ് സേവ്യേഴ്സ് കോളജ് പ്രിൻസിപ്പലായി പ്രവർത്തിച്ചിട്ടുണ്ട്. ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി പഠനകേന്ദ്രം ഡയറക്ടർ, എം.ജി. യൂണിവേഴ്സിറ്റി സെനറ്റംഗം, റിസേർച്ച് ഗൈഡ്, പഠനബോർഡ് കൺവീനർ, പാലാ സെന്റ് തോമസ് കോളജ് മാനേജിങ് ബോർഡ് അംഗം, സെന്റ് ജോസഫ്സ് കോളജ് ഓഫ് എഞ്ചിനീയറിങ് ആൻഡ് ടെക്നോളജി മാനേജിങ് ബോർഡ് അംഗം, കട്ടപ്പന ജെ.പി.എം. ആർട്സ് ആൻഡ് സയൻസ് കോളജ് പ്രിൻസിപ്പൽ, കാലിക്കട്ട് സർവകലാശാല പരീക്ഷാ കൺട്രോളർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രിൻസിപ്പലായി പതിനൊന്നുവർഷം സേവനമനുഷ്ഠിച്ച ഡോ. ജോസഫ് വെട്ടിക്കൻ ജൂലൈ 31 നു വിരമിച്ചു. ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ 1998 ൽ ആരംഭിച്ച പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിനെ വിജയത്തിളക്കത്തിലേക്കു നയിക്കാനും, ഒന്നും രണ്ടും മൂന്നും നാലും റാങ്കുകളുൾപ്പെടെ 271 പേരെ ഇന്ത്യൻ സിവിൽ സർവീസിന്റെ വിവിധ മേഖലകളിലേക്കു കൈപിടിച്ചുയർത്താനും ഡോ. ജോസഫ് വെട്ടിക്കൻ നേതൃത്വം നൽകി.

## പത്താമത് ലോകകുടുംബസംഗമത്തിന്റെ ഔദ്യോഗികചിത്രം വത്തിക്കാൻ പുറത്തുവിട്ടു

റോം: 2022 ജൂണിൽ റോം കേന്ദ്രവേദിയാക്കി സംഘടിപ്പിക്കുന്ന പത്താമത് ലോകകുടുംബസംഗമത്തിന്റെ ഔദ്യോഗികചിത്രം വത്തിക്കാൻ പുറത്തുവിട്ടു. ഈശോസഭാംഗമായ സ്ലോവേനിയൻ വൈദികൻ ഫാ. മാർക്കോ ഇവാൻ റുപ്നിക് വരച്ച ചിത്രമാണ് അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി കഴിഞ്ഞദിവസം പുറത്തുവിട്ടത്.

2022 ജൂൺ 22 മുതൽ 26 വരെയാണ് ആഗോള കുടുംബസംഗമം. വി. യോഹന്നാന്റെ സുവിശേഷത്തിൽ പറഞ്ഞിരിക്കുന്ന കാനായിലെ കല്യാണവും യേശുവിന്റെ ആദ്യത്തെ അദ്ഭുതവുമാണ്, 'ഇത് ഒരു വലിയ രഹസ്യമാണ്' എന്ന തലക്കെട്ടോടെ പുറത്തിറക്കിയിരിക്കുന്ന ഔദ്യോഗിക ചിത്രത്തിന്റെ പ്രമേയം. മൂടുപടമണിഞ്ഞിരിക്കുന്ന മണവാളനും, മണവാട്ടിയുമുൾപ്പെടെയുള്ള കാനായിലെ കല്യാണം ചിത്രത്തിന്റെ പശ്ചാത്തലമായിട്ടാണ് വരച്ചിരിക്കുന്നത്.



ചിത്രത്തിന്റെ വലതുഭാഗത്തായി യേശുവിനെയും പരിശുദ്ധ കന്യകാമാതാവിനെയും അവർക്കു മുന്നിലായി വീഞ്ഞുപകരുന്ന ഭൃത്യനെയും കാണാം. ഏതാണ്ട് 30 ഇഞ്ച് നീളമുള്ള ചതുരമരപ്പലകയിൽ വിനൈൽ പെയിന്റുപയോഗിച്ചാണ് ചിത്രം വരച്ചിരിക്കുന്നത്. വത്തിക്കാൻ അപ്പസ്തോലിക പാലസിലെ റിഡംപ്റ്റോറിസ് മാറ്റർ ചാപ്പലിന്റെ പുനരുദ്ധാരണപ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവഹിച്ചത് ഫാ. മാർക്കോ ഇവാനാണ്.

ഈ വർഷം നടക്കേണ്ടിയിരുന്ന ലോകകുടുംബസംഗമം കൊറോണ പകർച്ചവ്യാധി കാരണമാണ് 2022 ലേക്കു മാറ്റിയത്. മൂന്നു വർഷം കൂടുമ്പോഴാണ് ലോകകുടുംബസംഗമം നടക്കുന്നത്. വിശുദ്ധ ജോൺ പോൾ രണ്ടാമന്റെ നിർദേശപ്രകാരം 1994 ൽ റോമിൽ വെച്ചാണ് ആദ്യത്തെ ലോകകുടുംബസംഗമം നടന്നത്. എല്ലാ ഭൂഖണ്ഡങ്ങളിലും രൂപതകളിലും കുടുംബസംഗമങ്ങൾ സംഘടിപ്പിക്കണമെന്ന് പാപ്പ ആഹ്വാനം ചെയ്തിട്ടുണ്ട്.

കഥ



സന്ധ്യ ജലേഷ്

# സ്ത്രീധനം



ഇരുൾ മൂടിക്കെട്ടിയ കാർമേഘങ്ങൾ ഇടവപ്പാതിയായി പെയ്തിറങ്ങാനുള്ള ഒരുക്കത്തിലാണ്. പൂവരശിന്റെ തണലിൽ തിങ്ങി വളർന്ന പർപ്പടകപ്പുല്ലുകൾ ഒരു മറയുമില്ലാതെ മഴച്ചാറ്റലിൽ തലകുനിച്ചു നിൽക്കുന്നു.

ഇടവമാണെങ്കിലും പഞ്ഞക്കർക്കിടകത്തിന്റെ വറുതിയുടെ മുഖമാണ്. വീട്ടിൽ ഒന്നുമില്ലായ്മയുടെയും ദുരിതത്തിന്റെയും കഷ്ടപ്പാടുകൾ... തൊപ്പിക്കുട ചൂടി ട്രീസ വേഗം കോട്ടമലയിലെ ചെരുവുകളിൽ നിൽക്കുന്ന കുടമ്പുളിമരങ്ങൾക്കടുത്തേക്കു നടന്നു. കാറ്റടിച്ചു വീഴുന്ന പഴുത്ത കുടമ്പുളികൾ അതിരാവിലെ പെറുക്കിക്കൂട്ടി ചേരിൽ പുകക്കാൻ വയ്ക്കണം.

തൊപ്പിക്കുട ചെറൂളകൾക്കരികിൽ വച്ച് കുടമ്പുളി അളിക്കൊട്ടയിൽ വാരിക്കൂട്ടി. കാറ്റടിക്കുമ്പോൾ ശരീരത്തിലേക്ക് തണുപ്പിന്റെ തേരട്ടകൾ ഇഴഞ്ഞുകയറുന്നു. പാവാട പൊക്കിപ്പിടിച്ച് വീണുകിടക്കുന്ന മരക്കൊമ്പുകൾ പെറുക്കിക്കൂട്ടാനായി കാടിനുള്ളിലേക്കു നടന്നു.

പാതയോരത്തെ മുരിക്കുമരത്തിൽനിന്ന് മഴ നനഞ്ഞ ചുവന്ന പൂവുകൾ ചുറ്റം പൊഴിഞ്ഞുവീണു കിടക്കുന്നു.

തലയിൽ വീണ മഴത്തുള്ളികൾ തുടയ്ക്കുമ്പോൾ കാട്ടുപൂക്കളുടെ മത്തുമണം അവിടമാകെ നിറഞ്ഞുതുടങ്ങി.

കോട്ടമലക്കാടിനുള്ളിൽ നല്ല മഴ പെയ്തുകൊണ്ടിരിക്കുകയാണ്. ഒരാഴ്ചയായി തോരാതെ പെയ്യുന്നു. ഇന്ന് ഉന്മാദം കൂടിയതുപോലെ...

വഴിയിൽ വീണുകിടക്കുന്ന വലിയ ചുള്ളിക്കമ്പുകൾ വയറവള്ളിയിൽ കെട്ടിവച്ച് തലയിലേറ്റുമ്പോഴേക്കും സംഹാരരുദ്രയായി അലറി വിളിച്ച് മഴ പാഞ്ഞെത്തി. തൊപ്പിക്കുടയും അളിക്കൊട്ടയുമെടുത്ത് വേഗം വീട്ടിലേക്കോടി.

അളിക്കുട്ട ചായ്പിൽ വച്ച് അടുക്കളയിൽ കുമ്പത്തിൽ തീ യൂതിക്കൊണ്ടിരുന്ന പേർളിക്കൊച്ചാമ്മയെ ഏല്പിച്ചു. സന്ധിവാതമുണ്ടെങ്കിലും പുളി ഉണക്കുന്നതിന് ചുക്കാൻ പിടിക്കുന്നത് പേർളിക്കൊച്ചാമ്മയാണ്.

ഓല മേഞ്ഞ ചായ്പിനു പിറകിലുള്ള ചെറിയ തിണ്ടിലിരുന്ന് വെള്ളത്തിൽ കാലുകൾ വച്ചു.

അപ്പന്റെ വഴക്കു പേടിച്ച് തിണ്ടിലധികനേരം ഇരിക്കാതെ അടുക്കളയിലെത്തി.

വിറകിന്റെയും, നനഞ്ഞ തടിയുടെയും, ചകിരിത്തൊണ്ടിന്റെയും പുകയിൽ ചേരിൽ ഇട്ടിരുന്ന കുടമ്പുളി കറുത്തു വിരൂപയായിരിക്കുന്നു.

കൊച്ചാമ്മയുടെ തോളിൽ കിടന്ന മങ്ങിയ തോർത്തുകൊണ്ട് തല തോർത്തി. കൊച്ചാമ്മ തന്ന വക്കുപൊട്ടിയ ടംബ്ലറിലെ ചൂടുകാപ്പി ഊതിക്കുടിച്ച് കനലിൽ ചുട്ടെടുത്ത ചേമ്പും കഴിച്ച് തലവരെയും മൂടുന്ന ജാക്കറ്റിട്ട് കിടന്നുറങ്ങുന്ന അനിയന്മാരോടൊപ്പം വീണ്ടും പുതപ്പിനടിയിൽ ചുരുണ്ടുകൂടി.

ചന്നം ചിന്നം പെയ്തുതുടങ്ങി പിന്നെ എല്ലാം നനപ്പിച്ച് കുളിർപ്പിച്ച് തണുപ്പിച്ച് സുഖിപ്പിച്ച് ശബ്ദവും സംഗീതവുമായി കോരിച്ചൊരിയുന്ന മഴയിൽ, പുതപ്പിനടിയിൽ മൂടിപ്പുതച്ചു കിടക്കുമ്പോഴുള്ള സുഖം ഒന്നു വേറേയാണ്.

"ട്രീസേ ഇതെന്തുറക്കമാടീ.... പെണ്ണുകാണാൻ പൈനാവിൽനിന്ന് അവരിപ്പോഴെത്തും. ഇത്തവണയെങ്കിലും ഇതൊന്നു നടന്നാൽ മതിയായിരുന്നു." ആത്മഗതം പോലെ പറഞ്ഞിട്ട് കൊച്ചാമ്മ ദേഷ്യത്തോടെ പുതപ്പെടുത്തുമാറ്റി. കൊച്ചാമ്മയെ പറഞ്ഞിട്ടു കാര്യമില്ല. അമ്മ മരിച്ചപ്പോൾ അപ്പൻ രണ്ടാമതു കെട്ടിക്കൊണ്ടു വന്നതാണ് കൊച്ചാമ്മയെ. കാളയെപ്പോലെ പണിയെടുപ്പിക്കുമെങ്കിലും സ്കൂളിലും കോളജിലുമയച്ച് പഠിപ്പിക്കാൻ ഇഷ്ടമല്ലാതിരുന്ന അപ്പനോട് സമ്മതം വാങ്ങി അനിയന്മാരോടൊപ്പം പഠിക്കാൻ മിടുക്കിയായ തന്നെ പഠിക്കാൻ നിർബന്ധിച്ചയച്ചത് കൊച്ചാമ്മയാണ്.

ജനൽച്ചില്ലുകളിലൂടെ പുറത്തേക്കു നോക്കുമ്പോൾ, മഞ്ഞു പെയ്യുംപോലെ... ദൂരെ വലിയ മരങ്ങൾക്കിടയിൽ മഴ പെയ്യുന്നതു കാണാം.

വാസനസോപ്പിട്ട് കുളിച്ച് കണ്ണെഴുതി വെളുത്ത കൂവപ്പൊടിയുടെ തിലകം തൊട്ട് മുടിയിൽ പൂചൂടി പൈനാവുകാരുടെ മുമ്പിൽ ചൂളി നിന്നു.

നെഞ്ചിടിപ്പോടെ നിന്ന നിമിഷം...

ആശങ്കയോടെ ജോമോനെന്ന കല്യാണച്ചെക്കനെ പാളി നോക്കി.

ചുവന്ന മുഖവും വലിയ വായും ഉണ്ടക്കണ്ണുകളും...

നെഞ്ചിൽനിന്നു സങ്കടച്ചീളുകൾ തീർത്തും യാന്ത്രികമായി പുറത്തേക്കു വന്നു.

വേദന ഉള്ളിൽ കടിച്ചമർത്തി തുരുമ്പെടുത്ത ജനൽക്കമ്പികളിൽ അള്ളിപ്പിടിച്ചു.

വലിയപ്പച്ചൻ വായിലേക്ക് മുറുക്കാൻപാക്കെടുത്തു നീട്ടിയതും ജോമോൻ അത് അകത്താക്കി ഒന്നും അറിയാത്തപോലെ ചവച്ചുകൊണ്ടിരുന്നു.

"ആട്ടെ... പൊന്നായിട്ട് എത്ര കൊടുക്കും ട്രീസയ്ക്ക്?"

വായിലെ മുറുക്കാൻ മുറ്റത്തേക്കു നീട്ടിത്തുപ്പി ജോമോന്റെ വലിയപ്പച്ചൻ ചോദിച്ചു.

മഞ്ഞലോഹത്തിന്റെ തൂക്കത്തിനൊത്ത് ജീവിതത്തിന്റെ സന്തോഷം കൂടുമെന്ന വലിയപ്പച്ചന്റെ സംസാരംകേട്ട് കൂടെ വന്നവർ കുലുങ്ങിച്ചിരിക്കുന്നു.

"ജോമോന്റെ അപ്പനെയും അമ്മയെയും നോക്കണം. മക്കളെ വളർത്തി വലുതാക്കണം. അല്ലാതെ ജോലിക്കു ഞങ്ങൾ വിടില്ല. അതിപ്പോത്തന്നെ പറഞ്ഞേക്കാം."

വലിയപ്പച്ചൻ പറഞ്ഞതു കേട്ടപ്പോൾ മനസ്സ് പിന്നെയും ക്ഷീണിച്ചു.

തരിശായിക്കിടന്നു കുളിരു പെയ്യുന്ന താഴ്വാരം വെട്ടിയൊതുക്കി ഇന്നത്തെ രീതിയിൽ ആക്കിയതിന്റെ കഷ്ടപ്പാട് പറയുമ്പോൾ അപ്പന്റെ കണ്ണിൽ തിളക്കമേറി.

മലയോടും മഞ്ഞിനോടും പട വെട്ടി രണ്ടേക്കർ കൃഷിഭൂമിയുടെ നായകനായ കഥ കേട്ടുകൊണ്ട് പൈനാവുകാർ ആട്ടിൻപാലൊഴിച്ച ചായയുടെ കൂടെ വട്ടേപ്പവും അച്ചപ്പവും കുഴലപ്പവും തിന്നു തീർത്തു.

"പൊന്നായി ട്രീസയുടെ അമ്മയുടെ കഴുത്തിലും കാതിലുമുണ്ടായിരുന്നത് തരും. കുരുമുളകു വിറ്റു കിട്ടിയതിൽനിന്ന് പന്ത്രണ്ട് പവന്റെ ഉരുപ്പടികൾ വാങ്ങിവച്ചിട്ടുണ്ട്. പിന്നെ പൊന്നു വിളയിക്കാൻ പറ്റിയ അരയേക്കർ ഭൂമിയും... അവളെ കോളേജിൽ വിട്ടു പഠിപ്പിച്ചപ്പോൾത്തന്നെ കുറെ പൈസ ചിലവായി. ഇപ്പോ ഇത്രേ എടുക്കാനുള്ളു..." അപ്പൻ ഒട്ടൊരു ജാള്യത്തോടെ പറഞ്ഞു.

ചൂടുചായ ഊതിക്കുടിക്കുമ്പോൾ ജോമോന്റെ അമ്മയുടെയും അനിയത്തിയുടെയും മുഖത്ത് ഒരു തിളക്കവും ഇല്ല. മുഖത്ത് ഇരുണ്ടുകൂടുന്ന കാർമേഘം മറയ്ക്കാൻ പണിപ്പെട്ട് ജോമോനുമിരിക്കുന്നു.

മുറ്റത്തുനിന്നു തണുത്ത കാറ്റ് അകത്തേക്കു വീശിയടിക്കുന്നു.

"ഞങ്ങടെ കൊച്ചന് പൈനാവിൽ പലചരക്കുകടയാ... ഒരമ്പതുപവനെങ്കിലും കിട്ടിയെങ്കിലേ ഈ കല്യാണം നടക്കൂ... ആലോചിച്ചു പറ..."

നിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി.

പെണ്ണിന്റെ കുറവുകൾ നികത്തുന്നത് പൊന്നിലാണ്.

"ജോമോനേ... വാടാ... വാ... പോകാം...." വലിയപ്പച്ചൻ എണീറ്റു കഴിഞ്ഞു.

സംഗതി കൈവിട്ടു പോവുകയാണെന്ന് അപ്പനു മനസ്സിലായി.

പുറത്താണെങ്കിൽ മഴ കോരിച്ചൊരിയുകയാണ്. ഇടവപ്പാതിയുടെ കലി മഴയ്ക്കുണ്ട്.

"കണ്ണടഞ്ഞു കഴിയുമ്പോൾ മേപ്പോട്ടു കൊണ്ടുപോകാൻ പറ്റില്ലല്ലോ ഈ സ്ഥലവും വീടും... ഉള്ളതിന്റെ പകുതി ട്രീസയ്ക്കുള്ളതാണ്. എന്റെ ദേഹത്തുള്ള പൊന്നും തന്നേക്കാം. ഈ വിവാഹം നടക്കാതെയിരിക്കണ്ട!"

കൊച്ചാമ്മ വാതിൽക്കൽ വന്ന് തല നീട്ടിക്കൊണ്ട് പറഞ്ഞതു കേട്ടപ്പോൾ കണ്ണുകൾ ഈറനായി.

ജോമോന്റെ മുഖം മെല്ലെ തെളിഞ്ഞു വന്നു.

അന്തരീക്ഷം ശാന്തമായതോടെ എല്ലാ വദനങ്ങളിലും പുഞ്ചിരിപ്പൂക്കൾ വിരിഞ്ഞു.

"എങ്കിപ്പിന്നെ നിങ്ങളുടെ ഇഷ്ടംപോലെ നടക്കട്ടെ."

ആ മഴയിൽ ശീലക്കുടയും ചൂടി ഗർവോടെ പൈനാവുകാർ യാത്രയായി.

വീട്ടുകാരുടെ ആർത്തി പൊന്നിനോടാണ്.

തന്നെയല്ല അവർക്കു വേണ്ടത്: താൻ കൊണ്ടുവരുന്ന സ്ത്രീധനമാണ്.

ഒട്ടൊരു പേടിയോടെ അപ്പന്റെ മുമ്പിലേക്കു ചെന്നു. മനസ്സിൽ അപ്പോഴും തീക്കനലായിരുന്നു.

"അപ്പാ, എനിക്കിപ്പോൾ കല്യാണം വേണ്ട... ഒരു ജോലി കിട്ടിയിട്ടു മതി..."

"കന്നുകാലികളുടെ ഇഷ്ടത്തിനല്ല തൊഴുത്തു പണിയുന്നത്, ഉടമസ്ഥന്റെ ഇഷ്ടത്തിനാണ്... എങ്ങനെയെങ്കിലും ഒന്നു കെട്ടിയെടുക്കണമെന്നു വിചാരിച്ചാ അതിനും തടസ്സം നിൽക്കാൻ വന്നോളും..." അപ്പന്റെ മറുപടി കേട്ട് തകർന്നുപോയി.

ഒരു വിവാഹത്തിൽ ത്യാഗം അനുഭവിക്കുന്നവളാണ് പെണ്ണ്...

സങ്കടം സഹിക്കാൻ പറ്റാത്തതുകൊണ്ട് പായയിലേക്കു വീണു. അറിയാതെ കണ്ണുകൾ നിറഞ്ഞൊലിക്കുന്നു.

"മോനേ വാ...വല്ലതും കഴിക്കാം."

"എനിക്കു വേണ്ട കൊച്ചാമ്മേ... വിശപ്പൊട്ടുമില്ല."

"എന്നാൽ ഞാൻ പോയി കഴിക്കട്ടെ. അടുക്കളയിൽ വിളമ്പി മൂടിവച്ചിട്ടുണ്ട്. വിശക്കുമ്പോൾ വന്നു കഴിച്ചാൽ മതി."

കൊച്ചാമ്മയുടെ ഇതുവരെ കണ്ടിട്ടില്ലാത്ത സ്നേഹത്തിനു മുമ്പിൽ മനസ്സ് ഒന്നുകൂടി നോവുന്നു.

ആരുടെയും മനസ്സ് കീറി നോക്കാൻ പറ്റില്ലല്ലോ...

ചില ഒറ്റപ്പെടലുകൾ സ്വയം കണ്ടെത്തുവാനുള്ള അവസരങ്ങളാണ്. എപ്പോഴോ മയങ്ങിപ്പോയി.

വലിയൊരു സ്ഫോടന ശബ്ദം!

മഴയിൽ കുതിർന്ന് മുകളിലുള്ള പാറയുടെയും മണ്ണിന്റെയും കൂടെ വീട് താഴേക്കു പതിച്ചു.

താഴെയുള്ള മരങ്ങൾക്കിടയിലേക്കാണ് ട്രീസ ചെന്നു വീണത്. ബോധം വീണ്ടുകിട്ടിയപ്പോൾ ആശുപത്രിയിലായിരുന്നു.

ഇടിഞ്ഞുവീണ മണ്ണാഴങ്ങളിൽ മനുഷ്യജീവനുകൾ വിറങ്ങലിച്ചു കിടന്നു. കുതിർന്നരഞ്ഞ ചെളിമണ്ണിന്റെ മണ്ണടരുകളിൽ അവസാനശ്വാസത്തിനായി അവർ പിടഞ്ഞിരിക്കണം.

എന്തും ഏതും വിലപ്പെട്ടതായിത്തോന്നുന്നത് അതു ലഭിക്കുന്നതിനു മുമ്പും പിന്നെ നഷ്ടപ്പെടുമ്പോഴുമാണ്.

അതുവരെ ഉരുൾപൊട്ടലും പ്രളയവും അകലെ മലമ്പ്രദേശത്തും നദിയോരത്തും സംഭവിക്കുന്ന ദുരന്തങ്ങൾ മാത്രമായിരുന്നു. മണ്ണിൽനിന്നും വെള്ളത്തിൽനിന്നും കുഴഞ്ഞ ചെളിയിൽനിന്നും സാവധാനം വലിച്ചെടുക്കുന്ന നിർജീവമായ ശരീരഭാഗങ്ങളുടെ ചിത്രങ്ങളും പത്രത്തിലെ വാർത്തകളും മാത്രമായിരുന്നു ഉരുൾപൊട്ടൽ. എന്നാൽ, സ്വന്തം വീട്ടിൽ അത് സംഭവിച്ചപ്പോൾ ഉൾക്കൊള്ളാൻ സമയങ്ങളെടുത്തു.

കുറെനാൾ ക്യാമ്പിലും ബന്ധുക്കളുടെ വീട്ടിലുമായി അലഞ്ഞു.

ബന്ധുവീട്ടിൽ വച്ചാണ് സർക്കാർ സർവീസിലേക്കുള്ള ടെസ്റ്റ് എഴുതി പാസ്സായത്. കൃഷി ഓഫീസിൽ ക്ലാർക്കായി ജോലി കിട്ടി. ജോലിയിൽ പ്രവേശിച്ച് ആഴ്ചകൾക്കുള്ളിൽ സുമുഖനായ ബാബുവെന്ന കൃഷി ഓഫീസർ വിവാഹാലോചനയായെത്തി.

സ്ത്രീധനമൊന്നും കൊടുക്കാനില്ലാത്ത അഗതിക്ക് ഇതുപോലൊരു ബന്ധത്തെക്കുറിച്ചു ചിന്തിക്കാനേ കഴിയില്ലായിരുന്നു. ഇതിന് തനിക്കർഹതയില്ലെന്നു പറഞ്ഞപ്പോൾ ബാബു സാർ പറഞ്ഞ മറുപടി അദ്ഭുതപ്പെടുത്തി:

"നീ നീയായി ജീവിക്കാൻ പഠിക്ക്... ചിലർ നിന്നെ വെറുക്കും. ചിലർ നിന്നെ ഇഷ്ടപ്പെടും. ഈ ജീവിതത്തിൽ ആവലാതി വേണ്ട. അതാണ് ജീവിതം... ഹൃദയം പാതിയാക്കാൻ ഒരുവളെ തേടുന്നവന് സ്ത്രീയാണ് ധനം!"

ഗതകാലത്തിന്റെ ഓർമകളിൽനിന്ന് തിരിഞ്ഞുനോക്കി.

താൻ ഇതുവരെ വിധിയുടെ ഗർത്തത്തിൽ ആയിരുന്നു.

പെൺകുട്ടിയുടെയും വീട്ടുകാരുടെയും ഹൃദയരോദനങ്ങൾ അവഗണിച്ച് സ്ത്രീധനം കണക്കു പറഞ്ഞു വിലയ്ക്കു വാങ്ങുന്ന ശരീരത്തെക്കാൾ പ്രണയിക്കുന്ന മനസ്സുകളാണ് ചേരേണ്ടത്.

കാലം കരുതിവച്ച കനിവിന്റെ ഒരു വിനാഴികത്തുമ്പിൽ മഴ വീണ്ടുമെത്തി, ട്രീസയെ മാറോടു ചേർത്തണയ്ക്കുമ്പോൾ അവളുടെ കണ്ണുകൾ നിറയുന്നത് ബാബു കണ്ടു. അവന്റെ നെഞ്ചിന്റെ കരുതൽ അവളും... ■



# തകർക്കാൻ എന്തെളുപ്പം !



ഫാ. ജോസഫ് നെച്ചിക്കാട്ട്

**ദൈ**വശാസ്ത്രജ്ഞനും തത്ത്വജ്ഞാനിയുമായ തോമസ് അക്വീനാസ് നമുക്കൊക്കെ സുപരിചിതനാണല്ലോ. ഒരിക്കൽ, അദ്ദേഹം തന്റെ ഗുരുവായ വി. ആൽഫ്രഡിനെ കാണാൻ ഒരു ഇടനാഴിയിൽക്കൂടി നടക്കുകയായിരുന്നു, അരണ്ട വെളിച്ചത്തിൽ. ഇത്തിരി നീങ്ങിയപ്പോൾ മന്ദസ്മിതം തൂകിനില്ക്കുന്ന ഒരു മായികരൂപം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. തന്നെ നോക്കി പുഞ്ചിരിക്കുന്ന ആ രൂപം തന്നെ പ്രലോഭിപ്പിക്കാനെത്തിയ ഏതോ ദുഷ്ടാരൂപിയാണെന്ന് അദ്ദേഹം വിചാരിച്ചു. ഒട്ടും വൈകിയില്ല, അതിന്റെ മുഖത്ത് അദ്ദേഹം ആഞ്ഞ് ഒരൊറ്റ അടി കൊടുത്തു. കഷണംകഷണമായി അതു നിലംപതിച്ചു!

അടുത്ത നിമിഷം അദ്ദേഹം കേട്ടത് തന്റെ ഗുരുഭൂതന്റെ ആർത്തനാദമായിരുന്നു: "തോമസേ, എന്റെ അനേകനാളത്തെ അധ്വാനം ഒറ്റയടിക്കു നീ തകർത്തുകളഞ്ഞല്ലോ!"

ആൽഫ്രഡിന്റെ ദീർഘകാലപരിശ്രമത്തിന്റെ ഫലമായിരുന്നു അതിമനോഹരമായ ആ പ്രതിമ! അതാണ് തോമസിന്റെ അടിയേറ്റു ചിതറിത്തെറിച്ചത്.

നിർമാണമാണു പ്രശ്നം, നിർമൂലനത്തിനു നിമിഷങ്ങൾ മതി. പലരുടെയും വിലയേറിയ നേട്ടങ്ങൾ തകർത്തുകളയാൻ ഒരു തീപ്പെട്ടിക്കൊള്ളി ധാരാളം മതിയല്ലോ?

'റോം വാസ് നോട്ട് ബിൽറ്റ് ബൈ എ ഡേ' എന്നൊരു ചൊല്ലുണ്ട് - ഒറ്റ ദിവസംകൊണ്ട് ഉണ്ടായതല്ല റോമാനഗരം. അനേകം വർഷങ്ങളുടെ, അനേകം സംസ്കാരങ്ങളുടെ സംഭാവനയാണത്. അതിന്റെ മർമഭാഗമാണ് നീറോ ചക്രവർത്തിയുടെ കുബുദ്ധി കത്തിച്ചുകളഞ്ഞത്.

എത്രയോ പേരുടെ എത്രയോ കാലത്തെ കഠിനാധ്വാനഫലമായിരുന്നു ന്യൂയോർക്കിലെ വേൾഡ് ട്രേഡ് സെന്റർ (ലോകവ്യാപാരകേന്ദ്രം) എന്ന ഇരട്ടക്കെട്ടിടം! ആഗോളപ്രാധാന്യമുള്ള ഒരു വ്യാപാരകേന്ദ്രം തന്നെയായിരുന്നു അത്. എങ്കിലും, അതിനെയും അതിലുണ്ടായിരുന്ന ആയിരങ്ങളെയും തുടച്ചുമാറ്റാൻ അത് നശിപ്പിച്ചവർക്ക് അധികംസമയം വേണ്ടിവന്നില്ല.

ഒരു കപ്പൽ കടലിലേക്കിറക്കണമെങ്കിൽ അനേകംനാൾ അനവധിയാളുകൾ പണിയെടുക്കേണ്ടിവരും. എങ്കിലും, അതിനെ ആഴങ്ങളിൽ മുക്കിത്താഴ്ത്താൻ ഒരു കൊച്ചു ടോർപിഡോ മതി. അതുവരെ അറിയപ്പെട്ടിട്ടുള്ളതിലേക്കും വലിയ കപ്പലായിരുന്നില്ലേ ടൈറ്റാനിക്? അതിനെ വെള്ളത്തിലാഴ്ത്താൻ വെള്ളംതന്നെ ഘനീഭവിച്ചതിന്റെ ഒരംശംപോലും വേണ്ടിവന്നില്ല.

അണുബോംബു കണ്ടുപിടിച്ച ആൽബർട്ട് ഐൻസ്റ്റൈൻ മരിക്കുന്നത് (1955) മനോവേദനയോടെയാണ്. ജപ്പാനിലെ രണ്ടു നഗരങ്ങൾ വെന്തെരിയുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം തേങ്ങി. തന്റെ കണ്ടുപിടിത്തങ്ങൾ ഇത്തരം നശീകരണങ്ങളിലേക്കാണു നീങ്ങാൻ പോകുന്നതെന്ന് സ്വപ്നത്തിൽപ്പോലും അദ്ദേഹം കരുതിയില്ല.

ക്രമംവിടുമ്പോൾ നാമതിനെ അതിക്രമമെന്നു വിളിക്കുന്നു. നേരേ വിപരീതമാകുമ്പോൾ അക്രമമായി. ഓരോ അക്രമവും അരുതാത്ത ഒന്നിലേക്കാണു വിരൽചൂണ്ടുന്നത്. ഒരു സംസ്കാരത്തിന്റെ അനേകനാളത്തെ നേട്ടം അഥവാ, ഒരു ജനതയുടെ സമ്പാദ്യം അവിടെ ഒറ്റയടിക്കു നശിപ്പിക്കപ്പെടുകയാണ്. ഒരു യുഗം നേടിയതാവും ചിലപ്പോൾ ഞൊടിയിടകൊണ്ട് പൊടിയാവുന്നത്.

മനുഷ്യജീവിതത്തിന്റെ കാര്യത്തിലും ഈ പറഞ്ഞവയൊക്കെ പ്രസക്തമാണ്. ഓരോ വധത്തിലും, ഓരോ ആത്മഹത്യയിലും സംഭവിക്കുന്നത് എന്നും എന്നേക്കും പരിഹരിക്കാനാവാത്ത ഒരു നഷ്ടമാണ് - ഒരിക്കലും തിരിച്ചുകിട്ടാത്ത ജീവന്റെ നഷ്ടം.

ഓരോ ആത്മഹത്യ നടക്കുമ്പോഴും പൊയ്പ്പോകുന്നത് ദൈവത്തിന്റെ അമൂല്യമായൊരു ദാനമാണ് - നമ്മുടെതന്നെ സഹകരണത്തോടെ വർഷങ്ങൾകൊണ്ട് വാർത്തെടുക്കപ്പെട്ട ഒരു പുരുഷായുസ്സ്. അതുകൊണ്ടാണ് 'പ്രീഫെയ്സ് ടു റിലീജിയൻ' എന്ന തന്റെ ഗ്രന്ഥത്തിൽ (പേജ് 200) ബിഷപ് ഫുൾട്ടൻ ജെ. ഷീൻ അതേപ്പറ്റി വിലപിക്കുന്നത്: 'ഒരു മനുഷ്യനു ചെയ്യാവുന്ന ഏറ്റവും വലിയ പാതകം.'

നിർമൂലനം എന്തിന്റെയായാലും നിമിഷനേരംകൊണ്ടു സാധിക്കും. പടുത്തുയർത്തപ്പെടലാണു പ്രശ്നം. നിർമാണവും സംരക്ഷണവുമാണ് സ്രഷ്ടാവു ലക്ഷ്യം വയ്ക്കുക. നമ്മുടേതും അതുതന്നെയാവട്ടെ.

■

# സ്വാതന്ത്ര്യത്തിന്റെ പാഠഭേദങ്ങൾ

(1-ാം പേജ് തുടർച്ച)

ദൈവികപുണ്യങ്ങളിൽ രണ്ടാമത്തേത് സ്നേഹമാണ്. ഇടമുറിയാത്ത ഒരു സ്നേഹസങ്കീർത്തനമായിരുന്നു മറിയത്തിന്റെ ജീവിതം! ദൈവസ്നേഹത്തിനും പരസ്നേഹത്തിനും സ്വന്തം ജീവിതത്തിൽ പ്രഥമസ്ഥാനം കൊടുത്തുകൊണ്ട് പ്രമാണങ്ങളുടെ പാതയിലൂടെയായിരുന്നു പ്രതിനിമിഷം അവളുടെ പ്രയാണം. സംശുദ്ധമായ സ്നേഹത്തിന്റെ ബലിക്കല്ലിൽ നൈവേദ്യമായി അവൾ സ്വയം നേദിച്ചു. അതിനുള്ള പ്രതിഫലമായി സ്നേഹത്തിന്റെ ശ്വേതപ്രഭയേറിയ വൈരരത്നം സ്വർഗം അവളുടെ മകുടത്തിൽ പതിപ്പിച്ചു! ഭാരതത്തിന്റെ ത്രിവർണക്കൊടിയുടെ മധ്യനാട ശ്വേതവർണമാണ്. ശാശ്വതമായ സത്യത്തെയും സമാധാനത്തെയുമാണ് ശ്വേതം പ്രതിനിധീകരിക്കുന്നത്. കന്മഷരഹിതമായ സ്നേഹമാണ് സത്യത്തിന്റെയും സമാധാനത്തിന്റെയും അടിത്തറ. സ്നേഹമുള്ളിടത്തേ മറ്റെന്തിനും വിലയും പ്രസക്തിയുമുള്ളൂ. സ്നേഹമാണ് സർവോത്കൃഷ്ടം (1കൊറി. 13:13). സകല പുണ്യങ്ങളുടെയും മൂല്യങ്ങളുടെയും മർമം!

ദൈവികപുണ്യങ്ങളിൽ മൂന്നാമത്തേത് പ്രത്യാശയാണ്. പൊലിയാത്ത പ്രത്യാശയുടെ പര്യായമായിരുന്നു പരിശുദ്ധ മറിയം (ലൂക്കാ 1:48)! കാലിത്തൊഴുത്തുമുതൽ കാൽവരിവരെ ദുഃഖദുരിതങ്ങൾ നിറഞ്ഞ തന്റെ ജീവിതനാളുകളിലുടനീളം ഹൃദയനെരിപ്പോടിനുള്ളിൽ പ്രത്യാശയുടെ കനലുകൾ കെട്ടുപോകാതെ അവൾ കാത്തുസൂക്ഷിച്ചു! കൈപിടിച്ച കർത്താവ് കൈവിടില്ല എന്ന അചഞ്ചലമായ പ്രത്യാശ അന്ത്യംവരെ അവളുടെ കൈമുതലായി. അതിനുള്ള അംഗീകാരമായി പ്രത്യാശയുടെ ഹരിതപ്രഭയേറിയ മരതകരത്നം സ്വർഗം അവളുടെ മകുടത്തിൽ പതിപ്പിച്ചു! ഭാരതത്തിന്റെ ത്രിവർണക്കൊടിയുടെ കീഴ്നാട ഹരിതവർണമാണ്. സമൃദ്ധിയെയും ശുഭാപ്തിവിശ്വാസത്തെയുമാണ് ഹരിതം പ്രതിനിധാനം ചെയ്യുന്നത്. പ്രതിസന്ധികൾക്കപ്പുറത്ത് എല്ലാം മംഗളപര്യവസായിയാകും എന്നുള്ള ആശയുടെ മറുപേരാണല്ലോ പ്രത്യാശ. അങ്ങനെയൊരു അവബോധമുള്ളിടത്തേ സമൃദ്ധിയുടെ പച്ചപ്പുതുനാമ്പുകൾ പൊട്ടിമുളയ്ക്കൂ. സുകൃതസമ്പന്നമായ മറിയത്തിന്റെ ജീവിതത്തിന്റെ കേന്ദ്രബിന്ദുവായി നിന്നത് ഹ്രസ്വകാലം അവളുടെ ഉദരത്തിലും ചിരകാലം ഹൃദയത്തിലും ചലിച്ചുനിന്ന ജീവന്റെ ഉറവിടമായ ദൈവാത്മസാന്നിധ്യമായിരുന്നു. ഭാരതത്തിന്റെ ത്രിവർണക്കൊടിയുടെ നടുവിലായി ചലനത്തിൽ ജീവനും നിശ്ചലതയിൽ മരണവുമാണെന്നു ചൂണ്ടിക്കാട്ടിക്കൊണ്ട് ഒരു ധർമചക്രം ചുറ്റിത്തിരിയുന്നുണ്ട്. ചുരുക്കത്തിൽ, സത്യം, സമാധാനം ആദിയായ സനാതനമൂല്യങ്ങളുടെ അഭ്യാസംവഴി ആർജിച്ചെടുക്കുന്ന ആത്മീയശക്തിയും ശുഭാപ്തിവിശ്വാസവും ആസ്തിയാക്കിക്കൊണ്ട് നിരന്തരം പ്രവർത്തനനിരതരായി ധൈര്യസമേതം നീങ്ങിയാൽ മാത്രമേ സമൃദ്ധി സ്വന്തമാക്കാൻ നമുക്കു സാധിക്കൂ എന്ന് ത്രിവർണപതാക വിളിച്ചോതുന്നു.

കത്തോലിക്കാവിശ്വാസികളായ നമുക്ക് മാതാക്കൾ മൂവരാണ്. പെറ്റമ്മ, പോറ്റമ്മ, പരിശുദ്ധയമ്മ! നൊന്തുപെറ്റ അമ്മയെ ആദരിക്കാം, പരിചരിക്കാം. പോറ്റിവളർത്തുന്ന ഭാരതാംബയെ പ്രണമിക്കാം, പ്രണയിക്കാം. സ്വർഗീയജനനിയായ കന്യാമേരിയെ നമിക്കാം, നെഞ്ചിലേറ്റാം. നമ്മുടെ മാതൃരാജ്യത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് ഒറ്റവാചകത്തിൽ ഇങ്ങനെ കുറിക്കട്ടെ: 'സ്വാതന്ത്ര്യം കിട്ടിയതോടെ ഭാരതത്തിന്റെ ഭരണവും ഭദ്രതയും ഭാവിയും വെള്ളക്കാരിൽനിന്നു കൊള്ളക്കാരിലേക്കു കൈമാറപ്പെട്ടു.' പരസ്പരം പഴി പുലമ്പിയിട്ടു പ്രയോജനമൊന്നുമില്ല. ഇവിടെ ഇങ്ങനെയൊക്കെയാണ്. സ്വയം നന്നാവുക; നന്മയുടെ നുറുങ്ങുവെട്ടമെങ്കിലും മണ്ണിൽ അവശേഷിക്കട്ടെ, വരുംതലമുറകളെ തെല്ലെങ്കിലും പ്രകാശിപ്പിക്കട്ടെ! നടന്നുനീങ്ങിയ ഇടങ്ങളെയെല്ലാം നന്മശോഭിതമാക്കിയ നസ്രത്തിലെ ഒരു നാടൻ കന്യകയെ 'സ്വസ്തി തേ, കൃപാപൂരിതേ' എന്ന് അന്നൊരിക്കൽ സ്വർഗീയദൂതൻ അഭിവാദ്യം ചെയ്തത് ഓർമിക്കുന്നില്ലേ? ഇന്ന്, വിജയകിരീടവിരാജിതയായി വിണ്ണിൽ വാഴുന്ന ആ കന്യാമണിയെ നമുക്ക് ഇപ്രകാരം അഭിവാദനം ചെയ്യാം - 'സ്വസ്തി തേ, സ്വർഗാരോപിതേ.' ■

# സൗഹൃദം

കഥ

ഹരികുമാർ



**പെ**ൻഷൻ, ബാങ്ക് വഴിയാക്കാമെന്ന് മകൻ എത്ര പറഞ്ഞിട്ടും സുഭദ്രറ്റീച്ചർ സമ്മതിച്ചിരുന്നില്ല. വയസ്സ് എൺപതു കഴിഞ്ഞെങ്കിലും പരസഹായമില്ലാതെയാണ് ട്രഷറിയിൽപോയി പെൻഷൻ വാങ്ങുന്നത്.

ഇനിമുതൽ പെൻഷൻ ബാങ്ക് വഴിയാക്കാമെന്നു പറഞ്ഞപ്പോൾ മകൻ അദ്ഭുതത്തോടെ റ്റീച്ചറിനോടു പറഞ്ഞു:

"ഇപ്പോഴെങ്കിലും അമ്മയ്ക്കു നല്ലബുദ്ധി തോന്നിയല്ലോ. മനസ്സമാധാനമായി."

"ഇനി ആരെ കാണാനാ അവൾ പോയില്ലേ...!! റ്റീച്ചറിന്റെ ആത്മഗതം.

സ്കൂളിൽ പഠിപ്പിച്ചിരുന്ന കാലത്ത് ടീച്ചറിന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയായിരുന്നു ആലീസ്. രണ്ടാൾക്കും ഒരേ പ്രായം. റിട്ടയർമെന്റിനുശേഷം എല്ലാമാസവും പെൻഷൻ വാങ്ങാനെത്തുമ്പോൾ ഇരുവരും മനസ്സുതുറന്ന് സുഖദുഃഖങ്ങൾ പങ്കുവയ്ക്കുമായിരുന്നു. രണ്ടുപേർക്കും അതൊരാശ്വാസമായിരുന്നു. ഇനി അതിനു കഴിയില്ലല്ലോ. ആലീസ് മരിച്ചിട്ട് ഒരാഴ്ച കഴിഞ്ഞിരുന്നു. ആ വേർപാട് സുഭദ്ര റ്റീച്ചർക്ക് താങ്ങാനാവുന്നതിലും അധികമായിരുന്നു. ആ നൊമ്പരം മരിക്കുവോളം മാറില്ലല്ലോ എന്ന ചിന്ത അവരെ വല്ലാതെ തളർത്തി. എങ്കിലും കളങ്കമില്ലാത്ത അവരുടെ സൗഹൃദം സൂര്യതേജസ്സുപോലെ ജ്വലിച്ചു നില്ക്കുമെന്ന് റ്റീച്ചർക്ക് അറിയാമായിരുന്നു. എല്ലാത്തിനും അവർ ദൈവത്തോടു സ്തുതി പറഞ്ഞു.

■

# റാഗിങ്ഫോബിയ

കഥ




കാരിത്തടം വർക്കി

ആദ്യമായി ഹോസ്റ്റലിന്റെ പടികയറുമ്പോൾ രാധികയെയും സുമതിയെയും എതിരേറ്റത് സീനിയേഴ്സിനെക്കുറിച്ചുള്ള ക്രൂരത നിറഞ്ഞ കഥകളായിരുന്നു.

തവളചാട്ടം ചാടിക്കുക, സാങ്കല്പിക കസേരയിൽ ഇരുത്തുക, തുങ്ങിച്ചാകുന്നതായി അഭിനയിപ്പിക്കുക, പാട്ടുപാടിക്കുക തുടങ്ങിയവ.

എതിർക്കുന്നവരെ മർദിക്കുകയും തങ്ങളുടെ വസ്ത്രങ്ങൾ അലക്കിക്കുക, ഇസ്തിരിയിടീക്കുക, ചെരുപ്പുകൾ വൃത്തിയാക്കിക്കുക തുടങ്ങിയവയും അവർ ചെയ്യിക്കാറുണ്ടത്രേ.



റിനി ചാക്കോയാണ് അവരുടെ ലീഡർ. പണത്തിന്റെ ഹുങ്കുകൊണ്ട് എന്തുചെയ്താലും പ്രശ്നമില്ലെന്ന് അഹങ്കരിക്കുന്നവൾ.

ഒരു സംഘം കുട്ടികൾ എപ്പോഴും അവൾക്കു പിന്നാലെയുണ്ടാകും. ഹോസ്റ്റലിലെ ജൂണിയേഴ്സെല്ലാം തങ്ങളെ ബഹുമാനിക്കുകയും അനുസരിക്കുകയും ചെയ്യണമെന്ന കർശനനിലപാടിലാണവൾ.

എന്തായാലും ആ സംഘത്തിന്റെ കൺമുന്നിൽനിന്ന് ഒഴിഞ്ഞുമാറി നടക്കാൻ രാധികയും സുമതിയും കഴിവതും ശ്രമിക്കാറുണ്ട്. രാധികയ്ക്കൊരു സ്വഭാവമുണ്ട്; പുസ്തകം തുറക്കുമ്പോഴേ ഉറക്കം കണ്ണുകളിൽ ഊഞ്ഞാലുകെട്ടും. കൂട്ടുകാരിയും അതിലൊട്ടും മോശക്കാരിയായിരുന്നില്ല. അന്നും പതിവിന് ഒരു മാറ്റവും ഉണ്ടായില്ല. പഠിക്കാൻ ഏറെയുണ്ടെങ്കിലും ഉറക്കെ കോട്ടുവായിട്ടുകൊണ്ട് ഇരുവരും സുഖസുഷുപ്തിയെ പുൽകാൻതന്നെ തീരുമാനിച്ചു.

ഉറക്കം പിടിച്ചുവരുന്നതേയുള്ളൂ. വാതിലിൽ ശക്തമായ മുട്ടുകേട്ട് രണ്ടുപേരും തട്ടിപ്പിടഞ്ഞെഴുന്നേറ്റ് വാതിൽ തുറന്നു.

മുന്നിൽ റിനി ചാക്കോയും കൂട്ടുകാരും. അവരെ കണ്ടതും കാലടിമുതൽ ഒരു പെരുപ്പ് മേലോട്ടു കയറി. ശരീരത്തിനാകെയൊരു വിറയൽ.

പെൺപട ഉള്ളിലേക്ക് ഇടിച്ചുകയറി വാതിൽ കുറ്റിയിട്ടു.

"രണ്ടു പൂച്ചക്കുട്ടികൾ ഈ റൂമിലുണ്ടെന്ന കാര്യം നമ്മളിതേവരെ അറിഞ്ഞതേയില്ലല്ലോടീ?"

"പമ്മിപ്പമ്മി ഒളിച്ചിരിക്കാൻ മിടുക്കികളാണിവർ... ദാ... ഇങ്ങനെ."

കൂട്ടത്തിലൊരുവൾ പൂച്ചയെപ്പോലെ കരഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും ചാടാൻ തുടങ്ങി. ങ്യാവൂ... ങ്യാവൂ...

രാധികയും സുമതിയും ചിരിക്കണോ കരയണോ എന്നു നിശ്ചയമില്ലാതെ ശ്വാസംവിടാൻ പോലും കഴിയാതെ അങ്ങനെ നിൽക്കുകയാണ്.

"രണ്ടുപേരും നല്ല ഉറക്കത്തിലായിരുന്നല്ലേ? ആദ്യമായിട്ട് നമ്മൾ പരിചയപ്പെട്ടതല്ലേ.... എന്തു സമ്മാനാ നമ്മളിവർക്കു കൊടുക്കാ?"

"ആദ്യം ഈ ഉറക്കം തൂങ്ങികള് മുഖം കഴുകി വരട്ടെ. എന്നിട്ടു തീരുമാനിക്കാം.''

ഇരുവരും ഓടിപ്പോയി മുഖം കഴുകി വന്നു.

ജീവിതത്തിൽ ആദ്യമായി നേരിടുന്ന ഈ പ്രതിസന്ധിയെ എങ്ങനെ തരണം ചെയ്യണമെന്നറിയാതെ അവർ കുഴങ്ങി.

എതിർക്കാൻ നിന്നാൽ ഇതിലും വലിയ അപകടത്തിലായിരിക്കും ചാടുക. എന്തു ശിക്ഷയായാലും ഏറ്റുവാങ്ങുകതന്നെ. ഭയപ്പാടോടെ അവർ നിന്നു.

"നിങ്ങടെ തന്തേം തള്ളേം എന്തിനാ ഇങ്ങോട്ടു പറഞ്ഞുവിട്ടത്?'' റിനി ചാക്കോ ദേഷ്യത്തോടെ അവരോടു ചോദിച്ചു. ചോദ്യത്തിന്റെ അർത്ഥം പിടികിട്ടാഞ്ഞിട്ടോ തൊണ്ടവരണ്ടുപോയതുകൊണ്ടോ അവർ തലയും താഴ്ത്തി നിന്നതേയുള്ളൂ.

"ചോദിച്ചതു കേട്ടില്ലേ...?'' റിനി ചാക്കോ പൊട്ടിത്തെറിച്ചു.

"പഠിക്കാൻ.'' രണ്ടുപേരും ഞെട്ടലോടെ പറഞ്ഞുപോയി.

ഇതുകേട്ട് മറ്റു കുട്ടികളെല്ലാം ഉറക്കെ ചിരി തുടങ്ങി.

"എന്നിട്ടു നിങ്ങൾ പഠിച്ചോ?"

"ഇല്ല....'' വിറയാർന്ന സ്വരത്തിൽ അവർ പറഞ്ഞൊപ്പിച്ചു.

''എന്നാൽ, ഇവർക്കുള്ള ശിക്ഷ വിധിക്കാം അല്ലേ?" റിനി ചാക്കോ മറ്റുള്ളവരോടു ചോദിച്ചു.

"യേസ് യുവർ ഓണർ" അവർ കൂട്ടത്തോടെ പറഞ്ഞു.

"എന്നാൽ കേട്ടോളൂ... കഴിഞ്ഞ ഒരാഴ്ചകൊണ്ട് ക്ലാസിലെടുത്ത മുഴുവൻ പാഠങ്ങളും ഇപ്പോൾത്തന്നെ പഠിച്ചു തീർക്കണം."

''ഞങ്ങൾ വീണ്ടും വരും, ചോദ്യങ്ങൾ ചോദിക്കും. അപ്പോൾ മണിമണിയായി ഉത്തരം പറഞ്ഞോളണം. ഇല്ലെങ്കിൽ..."

ഭീഷണിയുടെ സ്വരം മുഴക്കിക്കൊണ്ട് അവർ മുറിവിട്ടുപോയി.

രാധികയും സുമതിയും പുസ്തകമെടുത്ത് വായന തുടങ്ങി. ചുരുങ്ങിയ സമയംകൊണ്ട് അതുവരെ പഠിപ്പിച്ചതൊക്കെ അവർ ഹൃദിസ്ഥമാക്കിക്കഴിഞ്ഞിരുന്നു. പരീക്ഷയുടെ തലേദിവസംപോലും അവർ ഇങ്ങനെ പഠിച്ചിട്ടുണ്ടാവില്ല.

"റാഗിങ് ഇങ്ങനെയാണെങ്കിൽ ഇത് കൊള്ളാമല്ലോടീ.. ഇത് നമുക്കു ഗുണമുള്ള കാര്യമല്ലേ?'' ദീർഘനിശ്വാസമിട്ടുകൊണ്ട് രാധിക പറഞ്ഞു.

"അതാ ഞാനും ആലോചിക്കുന്നത്... മടിച്ചികളായ നമ്മളെത്ര വേഗമാ ഇതൊക്കെ പഠിച്ചത്...?"

"വീട്ടുകാരെങ്ങാനുമറിഞ്ഞാൽ റിനി ചാക്കോയ്ക്ക് ഒരവാർഡ് കൊടുക്കും."

''പേടിച്ചിട്ട് എന്റെ ഉറക്കം ഏതുവഴിക്കു പോയെന്ന് ഒരു പിടിയും കിട്ടുന്നില്ല."

"എന്റേതും" സുമതി കൂട്ടിച്ചേർത്തു.

ഒരു ആപത്തിൽനിന്നു രക്ഷപ്പെട്ടതുപോലെ അവർ ചിരിച്ചു.

■

കവിത

പ്രഫ. തോമസ് കണയംപ്ലാവൻ

## മധുരപ്രതികാരം

മധുരപ്രതികാരം ചെയ്തിടുന്നോർ  
മതിമാന്മാരാണു, മഹത്ത്വമുള്ളോർ!  
കണ്ണിന്നു കണ്ണു,മവ്വണ്ണമെന്നും  
പല്ലിന്നു പല്ലുമെന്നുള്ള നീതി  
പാടേ തുടച്ചുകളഞ്ഞു ശത്രു-  
വോടു ക്ഷമിക്കാൻ പറഞ്ഞ ദൈവം.  
ശത്രുവെ സ്നേഹിച്ചുകൊണ്ടു നമ്മൾ  
മിത്രങ്ങളാക്കണമെന്നു സാരം!  
അഗ്രാഹ്യമാണു മനുഷ്യബുദ്ധി-  
ക്കഗ്രാഹ്യമാണി പ്രമാണമോർത്താൽ  
മധുരപ്രതികാര,മിപ്രമാണം  
മനുജന്നു നൽകിയ ദൈവപുത്രൻ  
പ്രാർത്ഥിച്ചു പീഡകർക്കായ്ക്കുരിശ്ശിൽ  
രക്തമൊഴുക്കുന്ന വേളയിലും.  
നിന്റെയുടുപ്പു കവർന്നെടുപ്പോ-  
നമ്പോടു നൽകുക മേലങ്കിയും,  
ഒറ്റക്കരണത്തടിക്കുവോനു  
മറ്റേക്കരണവും കാട്ടിടേണം.  
ഏവം പഠിപ്പിച്ച സദ്ഗുരുവിൻ  
പാതയിൽ നമ്മൾക്കു സഞ്ചരിക്കാം.  
തിന്മ ചെയ്യുന്നവർക്കായി നമ്മൾ  
നന്മ തിരിച്ചു കൊടുത്തിടുമ്പോൾ,  
തീക്കനൽ കൂട്ടുകയാണു നമ്മ-  
ളോർക്കുകവന്റെ ശിരോതലത്തിൽ.  
പൊള്ളുമനുതാപത്തീയിനാലെ  
ഉള്ളം തകർന്നവൻ കേണിടുമ്പോൾ,  
ദൈവകരുണയവനിലെത്തും  
നവ്യമൊരു ജീവൻ പൂവണിയും  
പാപിയെത്തേടിയണഞ്ഞ ദൈവം  
പാപമഖിലം തുടച്ചുമാറ്റും.  
ആകയാൽ തെറ്റുകൾ വിസ്മരിക്കാം  
പക്വതയോടെ വിനയപൂർവം!

ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## മനശ്ചികിത്സ

സംസ്കൃതസന്ധി വിഷയത്തിൽ പിശകുകൾ സർവസാധാരണമായിരിക്കുന്നു. മനഃ, തപഃ മുതലായവയിൽ കാണുന്ന രണ്ടു കുത്തിന് വിസർഗ്ഗം എന്നു പേര്. ബിന്ദു സംസ്കൃതവാക്കുകളിൽ മാത്രമേ കാണുകയുള്ളൂ. വിസർഗ്ഗത്തിനു സന്ധിയിൽ പല മാറ്റങ്ങളും വരാം. ഉത്തരപദത്തിന്റെ ആദിയിലുള്ള വ്യഞ്ജനങ്ങൾ (ദൃഢം); അവയുടെ ഉച്ചാരണസ്ഥാനംതന്നെയുള്ള ഊഷ്മാക്കളായി മാറി സന്ധിവികാരം വരുന്നു.

നാവ് താലുസ്ഥാനത്ത് സ്പർശിച്ചുണ്ടാകുന്ന വ്യഞ്ജനങ്ങളാണ് 'ച'യും 'ശ'യും. ഉച്ചാരണശാസ്ത്രപ്രകാരം അവയെ താലവ്യവ്യഞ്ജനങ്ങൾ എന്നു പറയുന്നു. 'ച'കാരത്തിന്റെ സ്പർശസ്ഥാനത്തുതന്നെയാണ് 'ശ'കാരത്തിന്റെ ഉച്ചാരണത്തിലും നാവിന്റെ സ്പർശം. ഉച്ചാരണസ്വഭാവമനുസരിച്ച് 'ച'യും 'ശ'യും നാദീവ്യഞ്ജനങ്ങളാണ്. ഉത്തരപദാദിയിലെ വ്യഞ്ജനം 'ച' ആണെങ്കിൽ പൂർവ്വപദാന്തവിസർഗ്ഗത്തിന് 'ശ' കാരാദേശം സംഭവിക്കും.*

മനഃ+ചികിത്സ, സന്ധിയിൽ മനശ്ചികിത്സ എന്നാകുന്നു (ഃ + ച → ശ + ച = ശ്ച). 'മനോചികിത്സ' എന്ന രൂപം തെറ്റാണ്. കുറെക്കൂടി അർത്ഥവ്യക്തത വേണമെങ്കിൽ മാനസികചികിത്സ എന്നെഴുതാം. മാനസികചികിത്സാകേന്ദ്രം ഏറെ പ്രചാരമുള്ള സമസ്തപദമാണല്ലോ. മനഃ + ചാഞ്ചല്യം = മനശ്ചാഞ്ചല്യം (മനസ്സിന്റെ ഇളക്കം). മനഃ + ചിത്രം = മനശ്ചിത്രം, മനഃ + ചാരുത = മനശ്ചാരുത, മനഃ + ചോദനം = മനശ്ചോദനം (മനസ്സിന്റെ പ്രേരണ), മനഃ + ചലനം = മനശ്ചലനം എന്നിങ്ങനെ ദൃഷ്ടാന്തങ്ങൾ കണ്ടെത്താം.

'ക' കാരത്തിന്റെ ഉച്ചാരണസ്ഥാനമായ കണ്ഠ്യത്തിൽ സ്പർശത്തോടുകൂടിയ ഊഷ്മാവില്ല. തന്മൂലമാണ് മനഃകാഠിന്യം, മനഃകർമ്മം, മനഃകല്പിതം, മനഃക്ലേശം, മനഃകർണ്ണിക (മനതാർ) മുതലായവയിൽ വിസർഗ്ഗത്തിന് ആദേശം സംഭവിക്കാത്തത്. വിസർഗ്ഗത്തിനു ശേഷം വരുന്ന ഉത്തരപദം മലയാളമാണെങ്കിൽ 'ക'കാരം ഇരട്ടിക്കണം. മനഃ + കരുത്ത് = മനക്കരുത്ത്, മനഃ + കോട്ട = മനക്കോട്ട തുടങ്ങിയ ഉദാഹരണങ്ങൾ. മനഃ എന്നതിനെ മനം എന്നാക്കിയാൽ പൂർവ്വപദവും മലയാളമായിക്കരുതാം. ഇവയെല്ലാം വിശേഷണവിശേഷ്യങ്ങളായതിനാൽ അനുസ്വാരലോപവും 'ക'കാരദ്വിത്വവും സംഭവിച്ച് ഒറ്റപ്പദങ്ങളാകുന്നു.

*ലീലാവതി, എം., ഡോ., നല്ലെഴുത്ത്, കേരള മീഡിയ അക്കാദമി, കൊച്ചി, 2016, പുറം: 45.

12
പ്രകൃതിക്കൊരു പുനർവായന

# ഭൂമിയുടെ ശ്വാസകോശങ്ങൾ



മാത്യു എം. കുര്യാക്കോസ്

ഭൂമിയിലെ കാണപ്പെട്ട ദൈവം എന്നു നാം പറയുന്നത് മാതാപിതാക്കന്മാരെക്കുറിച്ചാണ്. അതിനു കാരണം, മറ്റാരെയുംകാൾ മക്കൾക്ക് ഏതവസ്ഥയിലും എല്ലാമായി നിൽക്കുന്ന വിശുദ്ധ സാന്നിധ്യങ്ങളാണവർ എന്നതുതന്നെയാണ്. എന്നാൽ, മാതാപിതാക്കന്മാർക്കുപോലും നൽകാനാവാത്ത ചില കാര്യങ്ങൾ മനുഷ്യർക്കു നൽകപ്പെടുന്നത് പ്രകൃതിയിലൂടെയാണ്. അതോ, അവരുടെ ജീവന്റെ നിലനില്പിനുതന്നെയുള്ള അടിസ്ഥാനഘടകങ്ങളും! മനുഷ്യന്റെ നിലനില്പിനാധാരമായ വായുവും ജലവും ഭക്ഷണവും ദൈവം നല്കുന്നത് പ്രകൃതിയിലൂടെയാണ്. അതുകൊണ്ടാകണം ഫ്രാൻസീസ് മാർപാപ്പാ പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുവാൻ 'ലൗദാ ത്തോ സി' അതായത്, അങ്ങേക്കു സ്തുതി എന്നൊരു ചാക്രികലേഖനം തന്നെ പുറത്തിറക്കിയത്. മാത്രമല്ല, പ്രകൃതിസംരക്ഷണത്തിനെതിരേയുള്ള പ്രവർത്തനങ്ങൾ പാപമെന്ന രീതിയിൽ കുമ്പസാരത്തിലേറ്റു പറയണം എന്ന അസ്വാഭാവിക കല്പനയും പുറപ്പെടുവിച്ചു.

പറഞ്ഞുവരുന്നത്, ഇത്രമേൽ പ്രാധാന്യമർഹിക്കുന്ന ധർമങ്ങൾക്കായി ഭൂമിയിൽ ഉയർന്നുനില്ക്കുന്ന മരങ്ങളുടെ പ്രസക്തിയെക്കുറിച്ചുതന്നെയാണ്. ഓരോ മരവും അന്നമാണ്. അന്തരീക്ഷത്തിലും മണ്ണിലുമുള്ള കാർബൺഡയോക്സൈഡിനെയും ജലത്തെയും ഉപയോഗിച്ച് ഹരിതപത്രങ്ങൾ നിർമിക്കുന്ന അന്നജമാണ് എല്ലാ ജീവജാലങ്ങൾക്കും പ്രവൃത്തി ചെയ്യാനുള്ള ഊർജം. പ്രകാശസംശ്ലേഷണമെന്ന



ആഹാരനിർമാണപ്രക്രിയയെക്കുറിച്ച് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും ശാസ്ത്രത്തിനു പൂർണമായും മനസ്സിലാക്കാനായിട്ടില്ല. പ്രപഞ്ചത്തിൽ ഈ പ്രവർത്തനം നടത്തുന്ന ജീവിവർഗങ്ങളെല്ലാം മൗനികളാണെന്നതും അവർ തങ്ങളുടെ വലുപ്പം സ്വയം പറഞ്ഞുനടക്കുന്നില്ലെന്നതും സാമൂഹികപ്രവർത്തനങ്ങളിൽ പാലിക്കപ്പെടേണ്ട കാവ്യനീതിയായി പരിഗണിക്കാം. 100 മുതൽ 110 വരെ ബില്യൺ ടൺ ആഹാരമാണ് ഒരു വർഷം സസ്യങ്ങൾ നിർമിച്ചുതരുന്നത്. ലോകത്തിൽ ഇന്ന് ഉപയോഗിക്കപ്പെടുന്ന ഇലക്ട്രിസിറ്റിയുടെ എട്ടുമടങ്ങ് ഊർജമാണ് ആഹാരനിർമാണത്തിനുവേണ്ടി സസ്യങ്ങൾ ഉപയോഗിക്കുന്നത്. വർദ്ധിതമായ വനനശീകരണവും അനുബന്ധമായ മരുവത്കരണവും നാം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. കാലാവസ്ഥാവ്യതിയാനംമൂലം കാർഷികോത്പാദനം 30 ശതമാനം കുറഞ്ഞ സാഹചര്യത്തിൽ 2050 ആകുമ്പോഴേക്കും ഇന്നുണ്ടാക്കുന്നതിനെക്കാൾ 60-70 ശതമാനം കൂടുതൽ ആഹാരം കണ്ടെത്തേണ്ടിവരും എന്നതാണ് ശാസ്ത്രനിരീക്ഷണം. ശാസ്ത്രവും മനുഷ്യനും ഈ വെല്ലുവിളി ഏറ്റെടുത്ത് നിരവധി ഗവേഷണങ്ങളും പ്രോജക്ടുകളും കാര്യപരിപാടികളുമായി മുമ്പോട്ടുപോകുന്നു. ക്ലെയിൻ ലാൻകസ്റ്റ്, ഡാനിയൽ നൊസിറ, ക്ലോസ് ലാക്നർ തുടങ്ങിയ പ്രതിഭാശാലികളായ ശാസ്ത്രജ്ഞന്മാരുടെ നേതൃത്വത്തിൽ ഫോട്ടോ സിന്തെസിസ് 2, കൺസോർഷ്യം, ആർട്ടിഫിഷ്യൽ ലീഫ്, ആർട്ടിഫിഷ്യൽ ട്രീ തുടങ്ങിയ മെഗാപ്രോജക്ടുകൾക്കു തുടക്കംകുറിച്ചു കഴിഞ്ഞു.

മരം അന്നം മാത്രമല്ല, ആടയും ഔഷധവുമൊക്കെയാണെന്നിരിക്കേ, മരത്തിന്റെ പരമപ്രധാനമായ മറ്റൊരു ധർമം അടയാളപ്പെടുത്തട്ടെ. മരം മനുഷ്യനു ജീവനും ജീവിതവുമാണ് എന്നതാണത്. 16 മരങ്ങൾ ഉത്പാദിപ്പിക്കുന്ന ഓക്സിജൻ വേണം ഒരാൾക്ക് ഒരു ദിവസം ശ്വസിക്കാൻ എന്നറിയുമ്പോഴാണ് 'ഭൂമിയുടെ ശ്വാസകോശങ്ങൾ' എന്ന പേര് മരത്തിനെത്ര അന്വർത്ഥമാണ് എന്നു നമുക്കു മനസ്സിലാവുന്നത്. നമ്മുടെ പാതയോരങ്ങളിലും വീട്ടുവളപ്പിലും നിൽക്കുന്ന ഓരോ മരവും 'ഓക്സിജൻ ബൂത്ത്' ആണ് എന്ന വിവേകത്തിലേക്കു നാം ഉണരേണ്ടതുണ്ട്. ആംഗലേയസാഹിത്യകാരനായ ജോയിസ് കിൽമറിന്റെ മരത്തെക്കുറിച്ചുള്ള മനോഹരമായ കവിതയിലെ ആദ്യാവസാനവരികൾ ഹൃദയത്തിൽ സൂക്ഷിക്കാം.

I think I shall never see

A Poem lovely as a Tree

...........................................

Poems are make by fools like me,

But only God can make a Tree

■

## ഡോക്ടറേറ്റ് നേടി



എം.ജി. സർവകലാശാലയിൽനിന്ന് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ പി.എച്ച്.ഡി. നേടിയ ജിലു ജി. എട്ടാനിയിൽ. പാലാ സെന്റ് തോമസ് കോളജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ ലൈബ്രേറിയനും എം.ജി. യൂണിവേഴ്സിറ്റി ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് ബോർഡ് ഓഫ് സ്റ്റഡീസ് മെമ്പറുമാണ്.

ഭരണങ്ങാനം എട്ടാനിയിൽ ജോർജ്-വത്സമ്മ ദമ്പതികളുടെ മകളും മണലുങ്കൽ സെന്റ് അലോഷ്യസ് ഹൈസ്കൂൾ അധ്യാപകൻ മൂഴൂർ പറഞ്ഞാട്ട് സജിമോൻ പി. മാത്യുവിന്റെ ഭാര്യയുമാണ്.

# നമുക്കു വേണ്ട, ഹിരോഷിമയും നാഗസാക്കിയും



ഷാജി മാലിപ്പാറ

*മാനവസംസ്കാരത്തിൻ പട്ടടക്കരിമ്പുക*
*മാറാല കെട്ടിപ്പൊങ്ങും മൂകഭീകരരംഗം*
*നാടിനെ ഞടുക്കുമാ കുത്തുപുള്ളികൾ കണ്ടോ*
*നാഗസാക്കിയും ഹിരോഷിമയും ശ്മശാനങ്ങൾ.*

1945 ഓഗസ്റ്റ് ആറിന് ജപ്പാനിലെ ഹിരോഷിമയിലും ഓഗസ്റ്റ് ഒമ്പതിന് നാഗസാക്കിയിലും അണുബോംബ് വർഷിച്ചപ്പോൾ തകർന്നടിഞ്ഞത് മാനവകുലത്തിന്റെ ശാന്തിസ്തംഭങ്ങളാണ്. അത് ഇനിയുമാവർത്തിക്കരുതെന്ന ആഗ്രഹത്തെ പിൻപറ്റുന്നവർ ലോകമെമ്പാടുമുണ്ട്. ഹിരോഷിമ-നാഗസാക്കി ദിനാചരണങ്ങൾ സാംസ്കാരികലോകമേറ്റെടുക്കുന്നത് ഇപ്പറഞ്ഞ യുദ്ധവിരുദ്ധവിചാരത്തിൽനിന്നാണ്. വയലാർ രാമവർമയുടെ മേൽച്ചൊന്ന വരികൾ യുദ്ധത്തിനെതിരേയുള്ള ഒരു ഓർമ്മപ്പെടുത്തലാണ്.

മഹാകവി ഉള്ളൂർ നൽകുന്ന മുന്നറിയിപ്പ് കവികൾക്കു സഹജമായ ക്രാന്തദർശിത്വത്തെ സൂചിപ്പിക്കുന്നതാണ്:

*ഹിരോഷിമാ പോയ വഴിയടഞ്ഞിട്ടി-*
*ല്ലറിവിൻ, ന്യൂയോർക്കുമതിലേ പോയിടാം.*

അണുബോംബുതിർത്തു മുന്നേറാൻ കുതിക്കുന്ന അധികാരത്തോട് മഹാകവി വള്ളത്തോൾ പറയുന്നത് ഇങ്ങനെ:

*സാമ്രാജ്യമേ, നിന്നണുബോംബുതിർക്കൽ*
*നിർത്തായ്കിൽ നീയും പടുചാമ്പലായ്പ്പോം;*
*എന്തും വിഴുങ്ങുന്നെരിതീയിനൊപ്പം*
*പുല്ലും പുലാവും പ്രജയും പുരാനും.*

സുമനസ്സുകളുടെ അപേക്ഷകൾ മാനിക്കാതെ യുദ്ധക്കൊതിയുമായി നടക്കുന്ന നരാധമന്മാരുടെ ദുഷ്ചെയ്തികളുടെ ഫലമനുഭവിക്കുന്ന പുതുതലമുറയെ മുരുകൻ കാട്ടാക്കട 'ബാഗ്ദാദ്' എന്ന വിഖ്യാതകവിതയിൽ അടയാളപ്പെടുത്തുന്നു:

*മണലു കരിഞ്ഞു പറക്കുന്നെന്ത്ര കാക്ക*
*മലർന്നു പറക്കുന്നു*
*താഴേത്തൊടിയിൽ തലകീറിച്ചുടു-*
*ചോരയൊലിക്കും ബാല്യങ്ങൾ.*
..... .......
*സൂര്യനെ വെല്ലും കാന്തിയെഴുന്നൊരു*
*തേജസ്സാർന്നൊരു ബാല്യമുഖം*
*കീറിവരഞ്ഞു ജയിക്കുകയാണൊരു*
*പാരുഷ്യത്തിൻ ക്രൗര്യമുഖം.*

എങ്കിലും യുദ്ധത്തിന്റെ ആസൂത്രകർക്ക് ആകുലതകളേതുമില്ല. 'യുദ്ധം കഴിഞ്ഞ്' എന്ന കവിതയിലൂടെ സച്ചിദാനന്ദൻ അവതരിപ്പിക്കുന്നത് ഈ ദുഃസ്ഥിതിയെയാണ്:

*ഒരേ ഭൂമി ഒരേ ആകാശം*
*ഒരേ വെള്ളം ഒരേ ആഹാരം*
*പാണ്ഡവർ പാടി.*
*ഒരേ വൃക്ഷം ഒരേ രക്തം*
*ഒരേ ദുഃഖം ഒരേ സ്വപ്നം*
*കൗരവർ ഏറ്റുപാടി.*
*എന്നിട്ട് അവർ തോക്കുകൾ തുടച്ചുവെടിപ്പാക്കി*
*വീണ്ടും പരസ്പരം വെടിവെച്ചുതുടങ്ങി.*

ഇക്കൂട്ടരോടൊക്കെ കവിക്കു പറയാനുള്ളത് മുമ്പേ പറഞ്ഞുവച്ചതുതന്നെയാണ്. ജി. ശങ്കരക്കുറുപ്പിന്റെ വരികൾ ശ്രദ്ധിക്കൂ:

*സംഗരം വിതച്ചിട്ടു*
*തന്റെ നാടിനു നിത്യ-*
*മംഗളം കൊയ്യാമെന്നോ?*
*വിതയ്ക്കുന്നതേ കൊയ്യൂ.*

*യുദ്ധം ലോകരാഷ്ട്രങ്ങൾ തമ്മിൽ മാത്രമല്ല, വ്യക്തികൾ തമ്മിലായാലും നഷ്ടമേ വരുത്തിവയ്ക്കൂ. ജി. കുമാരപിള്ള എഴുതുന്നതു തന്നെയാണ് അതിനുള്ള പരിഹാരം!*

*വെറുപ്പിൻ കരിങ്കല്ലിൽ*
*സൗമ്യമാം സ്നേഹത്തിന്റെ*
*പനിനീർപ്പൂന്തോട്ടങ്ങൾ*
*നീളവേ വിടർത്തും ഞാൻ.*

■

# കടൽത്തിരയിലെ മോതിരവളയം

ലക്ഷദ്വീപ് വിശേഷങ്ങൾ 5



മാത്യൂസ് പ്ലാക്കൻ

ലക്ഷദ്വീപിന്റെ കവാടം എന്നു വിളിക്കുന്ന അഗത്തിദ്വീപിലെ ഒട്ടേറെ കാഴ്ചകൾക്കുശേഷം ഞങ്ങൾ എത്തിനിൽക്കുന്നത് ലഗൂൺ ബീച്ചിലാണ്, ഇവിടത്തെ ആദ്യസായാഹ്നം ചെലവഴിക്കാൻ. ലക്ഷദ്വീപസമൂഹത്തിൽ ഏറ്റവും പടിഞ്ഞാറേയറ്റത്തുള്ള അഗത്തിദ്വീപിലെ ചന്തമാർന്ന ബീച്ചാണിത്.

ഞങ്ങൾ ലഗൂൺ ബീച്ചിലെത്തിയപ്പോൾ ആറു മണിയായി. ഏതാനും ടൂറിസ്റ്റുകളും ദ്വീപുനിവാസികളും അവിടെ സായന്തനസല്ലാപത്തിലാണ്. ലഗൂൺ ബീച്ച് പ്രകൃത്യാ നയനമനോഹരമാണെങ്കിലും ടൂറിസത്തിന്റെ കേമത്തങ്ങളൊന്നും അവിടെ കാണാനില്ല. രണ്ടുമൂന്നു ബീച്ച് കുടകളും ബെഞ്ചുകളും മാത്രം. ജൂസും സ്നാക്സും വില്ക്കുന്ന ചെറുകടകളും ചെറിയ സുവനീർഷോപ്പുകളും, തീർന്നു. അവിടെ വികസനം കൊണ്ടുവരേണ്ടതുണ്ട്. ലഗൂൺ ബീച്ചിനെ കൈപിടിച്ചുയർത്തേണ്ടതുണ്ട്. അവിടെ നിന്നാൽ ബംഗാരംദ്വീപ് പൊട്ടുപോലെ കാണാം. ദൂരെ ഫിഷിങ് ബോട്ടുകൾ ഓളത്തിൽ ചാഞ്ചാടുന്നതു കാണാം.

ലഗൂൺ ബീച്ച് സൺസെറ്റ് ചേതോഹരമാണ്. സൂര്യൻ സ്വർണത്തളികയായി സുവർണ ശോഭയിൽ ബീച്ചിലേക്കിറങ്ങി വരുന്ന ദൃശ്യം. ടൂറിസ്റ്റുകളും അതിഥികളും ആ അസുലഭമായ കാഴ്ചയിൽ മതിമറന്നുനില്ക്കുന്നു. ഇളംകാറ്റിന്റെ ശീൽക്കാരമുണ്ട്, കടലോളങ്ങളുടെ പ്രകൃതിയൊരുക്കുന്ന സംഗീതമുണ്ട്.

ലക്ഷദ്വീപുകളുടെ 4200 ച.കിലോമീറ്റർ ഭാഗവും ലഗൂണുകളാണ്. പ്രധാനമായും മൂന്നു തരത്തിലുള്ള ദ്വീപുകളാണ് ലക്ഷദ്വീപ് സമൂഹത്തിലുള്ളത്. ആഴം കുറഞ്ഞ തീരക്കടലായ ലഗൂൺ കൊണ്ടു ചുറ്റപ്പെട്ട അറ്റോൾ, കടൽനിരപ്പിനു മുകളിലേക്കുയർന്നുനില്ക്കുന്ന പാറക്കൂട്ടമോ മണൽത്തിട്ടയോ ആയിത്തീർന്ന റീഫ്, കടലിനു മുകളിലേക്ക് ഉയർന്നുനില്ക്കുന്ന കടലിനടിയിലെ മലനിരകളുടെ ഭാഗങ്ങൾ എന്നിവ. അറ്റോൾവിഭാഗത്തിൽപ്പെട്ട ദ്വീപുകളാണ് മനുഷ്യവാസത്തിനു ചേർന്നത്.

ലക്ഷക്കണക്കിനു സൂക്ഷ്മജീവികളുടെ ആവാസവ്യവസ്ഥയായ പവിഴപ്പുറ്റുകളെ കടലിലെ മഴക്കാടുകൾ എന്നു വിളിക്കാറുണ്ട്. കാൽസ്യം കാർബണേറ്റാണ് പവിഴപ്പുറ്റുകളിൽ മുഖ്യമായും അടങ്ങിയിരിക്കുന്നത്. അറബിക്കടൽകൂടാതെ പശ്ചിമ അറ്റ്ലാന്റിക് സമുദ്രം, ശാന്തസമുദ്രം, ഇന്ത്യൻ മഹാസമുദ്രം എന്നിവിടങ്ങളിലും പവിഴപ്പുറ്റുകൾ ധാരാളമായുണ്ട്. കടൽജീവികളിൽ നാലിലൊന്നു വിഭാഗവും പവിഴപ്പുറ്റുകളെയാണ് വീടും നാടുമാക്കി മാറ്റുന്നത്.

ലക്ഷദ്വീപുകാർ ലഗൂണുകളെ 'ബില്ലം' എന്നാണു വിളിക്കുക. വിനോദസഞ്ചാരികളുടെ പ്രിയപ്പെട്ട ഇടങ്ങളാണ് ബില്ലങ്ങൾ. നിരവധി സമുദ്രജീവികളുടെ ആവാസകേന്ദ്രമായ ലഗൂണുകൾ കാഴ്ചകളുടെ സ്വപ്നലോകംതന്നെ. ആഴം കുറവായതിനാൽ നീന്താനും ഇതര ജലവിനോദോപാധികൾക്കും അനുയോജ്യം. ലക്ഷദ്വീപസമൂഹത്തിൽ ഉൾപ്പെടുന്ന ചെത്‌ലത്ത്, കിൽത്തൻ, അമിനി, കടമത്ത് എന്നീ ദ്വീപുകളിലെ ലഗുണുകൾക്ക് ശരാശരി രണ്ടരമീറ്റർ ആഴം മാത്രം.

ലഗൂണുകളോടുകൂടിയ ലക്ഷദ്വീപുകളുടെ ചുറ്റും തിരമാലകൾ പതഞ്ഞുപൊങ്ങുമ്പോൾ ദ്വീപുകൾ ഒരു മോതിരത്തിന്റെ ആകൃതിയാർജിക്കുന്നു. ആകാശക്കാഴ്ചയിൽ കടലിൽ ഒരു മോതിരവളയം! ദ്വീപിനെ മോതിരം ചാർത്തുന്ന ഈ തിരമാലക്കാഴ്ചയെ "ഫൊട്ടൽ" എന്നാണ് ഇന്നാട്ടുകാർ വിളിക്കുക. അറ്റോൾ ഇനത്തിൽപ്പെട്ട ദ്വീപുകളുടെ സവിശേഷതയാണീ മോതിരച്ചന്തം! തിരമാലകൾ ഒഴിഞ്ഞുമാറി ശാന്തമായ കടൽപ്രദേശമായ ലഗൂണുകളാണ് ദ്വീപുകൾക്കു മോതിരമണിയിക്കുന്നത്. ദ്വീപിൽനിന്നു കടലിലേക്കു കിലോമീറ്ററുകളോളം ദൂരത്തിൽ അടിത്തട്ടു കണ്ണാടിപോലെ തെളിഞ്ഞുകാണുന്ന മായാലോകം!


വാസ്തവത്തിനുമുന്നിൽ മുഖംതിരിച്ചിട്ടു കാര്യമില്ല. ലഗൂൺബീച്ച് അഗത്തിദ്വീപിലെ ഏറ്റം നല്ല ബീച്ച്. നല്ല പേര്. പ്രകൃതിദത്തമാണിത്. പക്ഷേ, നല്ലൊരു ഉയർന്ന ടൂറിസം കാഴ്ചപ്പാട് ഇനിയും വരേണ്ടിയിരിക്കുന്നു. അതിനു കേന്ദ്രഗവൺമെന്റ് മുൻകൈയെടുക്കണം. ഇത് ലോകോത്തര ബീച്ചുകളുടെ നിലവാരത്തിലേക്കുയരട്ടെ എന്നു പ്രാർത്ഥിക്കുന്നു.

അഗത്തിദ്വീപിലെ ബാലന്മാർ കടൽത്തീരത്ത് അവരുടേതായ കളികളിലാണ്. തീരത്തെ കുടിലുകൾക്കുമുമ്പിൽ സ്ത്രീകളുടെ സൊറപറച്ചിൽ. ചായയും തണ്ണിമത്തൻ ജൂസുമൊക്കെ സംഘാംഗങ്ങളിൽ ചിലർ ബീച്ച് സ്റ്റാളുകളിൽനിന്നും വാങ്ങുന്നുണ്ടായിരുന്നു.

മണി ഏഴു കഴിഞ്ഞു. ഇരുൾ അഗത്തിദ്വീപിനെ മൂടുകയാണ്. ഞങ്ങൾക്കു താമസസ്ഥലത്തേക്കു മടങ്ങാനുള്ള നേരമായി. കുളിയും റിസോർട്ടിലെ ഡിന്നറുമൊക്കെ ബാക്കി. വെള്ളച്ചോറും ചപ്പാത്തിയും ചിക്കൻകറിയും ടൂണ ഫ്രൈയുമൊക്കെ വിഭവങ്ങൾ. ഇവിടെയും ടേബിൾ ഫ്രൂട്സ് വാട്ടർമെലൻതന്നെ. ചുവന്ന തണ്ണിമത്തൻകഷണങ്ങളിൽ സ്റ്റീൽ ഫോർക്കുകൾ കുത്തിനില്ക്കുന്നു. റിസോർട്ടിലെ റാന്തൽവിളക്കുകളുടെ വെളിച്ചത്തിൽ ഞങ്ങൾ ബീച്ച് ഡിന്നർ കഴിച്ചുകൊണ്ടിരുന്നു.

(തുടരും)





കവിത

പ്രൊഫ. എ.ടി. ഏബ്രഹാം വാളനാട്ട്

# പൊരുൾ തേടുന്ന ചോദ്യങ്ങൾ

കരുണാമയനാകുമീശ്വരൻ
കനിവായ് മർത്ത്യനു വേണ്ടിയിജ്ജഗം
വിരചിച്ചു, വിഭിന്നമിച്ചരാ-
ചരജാലങ്ങളെയും ചമച്ചതിൽ.

കറയറ്റവിധം രചിച്ചൊരി-
പ്പരമശ്ശോഭന സൃഷ്ടിവിസ്മയം
കുറവൊന്നുമെഴാതെ പോണു, സം-
ശയമൊട്ടും നിരൂപിക്ക വേണ്ടിതിൽ.

ശരിതന്നെയിതെന്നിരിക്കിലും
നരബുദ്ധിക്കറിയാത്തതായെഴും
ഒരുപാടു നിഗൂഢസത്യമു-
ണ്ടതിനാലേറെയശാന്തരാണു നാം.

പരമേശമഹാനുകമ്പതൻ
ചിറകിൻ കീഴിൽ വസിക്കുവോർ നരർ
ദുരിതക്കടലിൻ കഠോരമാം
തിരയിൽപ്പെട്ടുഴലുന്നനന്തമായ്.

മനുജർക്കു ജഗത്തിൽ നിത്യവും
തുണയും രക്ഷയുമായീടേണ്ടതാം
പല ശക്തികളും ഫലത്തിൽ വൻ
ദുരിതങ്ങൾക്കു നിദാനമാകയാം.

പ്രകൃതീകൃപയാൽ നമുക്കനു-
ഗ്രഹമൊട്ടേറെ ലഭിപ്പുവെങ്കിലും
നിനയാ നിമിഷത്തിലെത്തുമാ-
പ്രകൃതിക്ഷോഭഫലങ്ങളോർക്കിലോ!

പരമേശ്വരസൃഷ്ടിയേതിലും
പരമൗന്നത്യമെഴുന്നവർ നരർ
പരിതാപകരം നികൃഷ്ടമാം
പെരുമാറ്റത്തിനടിപ്പെടുന്നതും.

സമസൃഷ്ടികളായിരിക്കെ ശാ-
ശ്വതമാം മൈത്രിയിൽ വാണിടേണ്ടവർ
സതതം കലഹിച്ചു ഭൂമിഭീ-
കരയുദ്ധക്കളതുല്യമാക്കയാം.

ഒരുമിച്ചു തുഴഞ്ഞു തോണിതൻ
ഗതി മുന്നോട്ടു നയിച്ചിടേണ്ടവർ
വിപരീതദിശോന്മുഖം തുഴ-
ഞ്ഞലയുന്നർത്ഥമെഴാതനന്തമായ്.

സഹജീവികളന്തമറ്റതാം
സഹനത്താൽ വലയുന്ന വേളയിൽ
സഹതാപമൊടിറ്റു സാന്ത്വനം
പകരാൻ ഹൃത്തലിയാതനേകപേർ

തൊഴിൽ ചെയ്തൊരു ജീവിതത്തിനായ്
വഴിതേടുന്ന ദരിദ്രകോടികൾ
തൊഴിലെങ്ങുമെ ലഭ്യമായിടാ-
തഴലിൽ നാളുകളെണ്ണിടുന്നതും

തലചായ്ക്കുവതിന്നു ഭൂവിലി-
റ്റിടമില്ലാതുഴലുന്നവർക്കുമേൽ
ദയലേശവുമേശിടാത്തൊരാ
നിയമത്തിന്റെ കിരാതനീതിയും.

ഇതിനൊക്കെയുമുത്തരത്തിനായ്
തിരയുന്നൂ മനുജർ ഫലം വിനാ
നരനുണ്ടറിവിന്നു സീമയി,-
ങ്ങതുമാറ്റുന്നതിനാർക്കുമായിടാ.

പരമോന്നത ദൈവനീതിയിൽ
പലതും ന്യൂനതപോലെ തോന്നിലും
പൊരുളേതിനുമുണ്ട്, തീർച്ച, നാ-
മറിയുന്നില്ല,യിതാണു വാസ്തവം.



നോവൽ 2

# ഒരു കാറ്റുപോലെ

വിനായക് നിർമ്മൽ

സ്മിത ബാത്ത്റൂമിൽനിന്നു തിരികെയെത്തിയപ്പോൾ അടുക്കള ശൂന്യമായിരുന്നു. വെറുതെയെങ്കിലും അവൾ ആഗ്രഹിച്ചിരുന്നു സനൽ ബെഡ് കോഫി റെഡിയാക്കുമെന്ന്. അവൾക്ക് തെല്ലു നിരാശ തോന്നി. കൂട്ടുകാരുടെ ഭർത്താക്കന്മാർ അടുക്കളയിൽ സഹായിക്കുന്നതിന്റെയും മറ്റും വിവരണങ്ങൾ അവളുടെ ഓർമയിലെത്തി. തനിക്കു മാത്രം... സ്മിത കാപ്പിക്കുള്ള വെള്ളം അടുപ്പിൽ വച്ചു.

അപ്പോഴേക്കും അന്നാമ്മയുടെ വിളി രണ്ടാമതും എത്തി:

"മോളേ സ്മിതേ... ചാച്ചന് കാപ്പികിട്ടിയില്ല..."

തള്ളേടെ കാപ്പി. സ്മിത പല്ലിറുമ്മി.

ഒരു കാപ്പിയൊക്കെ അനത്താൻ ഈ പ്രായത്തിലും കഴിയും. പക്ഷേ, ചെയ്യില്ല. വേലക്കാരിയുണ്ടല്ലോ... സ്മിത പിറുപിറുത്തു.

"മോളേ..." വീണ്ടും അന്നാമ്മയുടെ വിളിയെത്തി.

"ദാ വരുന്നു അമ്മച്ചീ..." സ്മിത ദേഷ്യം അടക്കിക്കൊണ്ട് വിളിച്ചുപറഞ്ഞു. അവൾ പൊടിയിട്ടു വാങ്ങി ഗ്ലാസുകളിലേക്കു കാപ്പി പകർന്നു. ഒരു ട്രേയിൽ കാപ്പിഗ്ലാസുകളെടുത്തുവച്ചു നിവർന്നപ്പോൾ പിറകിൽ ദയ നില്ക്കുന്നു.

"ങാ മോളെണീറ്റോ... എന്നാ പപ്പയ്ക്കും അപ്പച്ചനും അമ്മച്ചിക്കും ഈ കാപ്പികൊണ്ടുപോയി കൊടുക്കാമോ..."

"എനിക്ക് വയറുവേദനയെടുക്കുന്നു അമ്മാ..." വയർ പൊത്തിപിടിച്ചു ദയ പറഞ്ഞു.

സ്മിതയ്ക്ക് അമ്പരപ്പായി. പ്രായത്തിൽ കൂടുതൽ വളർച്ചയുണ്ട് ദയയ്ക്ക്. ഇനി...? അവളുടെ മനസ്സിൽ മാതൃസഹജമായ ആശങ്കയേറി.

"അമ്മ ഈ കാപ്പി കൊണ്ടുപോയി കൊടുക്കട്ടെ.. മോള് ടോയ്‌ലറ്റിലേക്കു പൊയ്ക്കോ..."

സ്മിത കാപ്പിയുമായി ജോസഫിന്റെയും അന്നമ്മയുടെയും മുറിയിലേക്കു ചെന്നു. രണ്ടു പേരും ഉണർന്നിരിപ്പുണ്ട്. അന്നാമ്മയുടെ കൈയിൽ കൊന്ത ഉരുളുന്നുണ്ട്. പരിശുദ്ധ മറിയമേ ചൊല്ലിക്കൊണ്ടിരിക്കുമ്പോഴാണ് സ്മിത കയറിച്ചെന്നത്. നേരം വെളുത്തു വരുമ്പോഴും രാത്രിയിൽ കിടക്കാൻ പോകുന്നതിനു മുമ്പും ഇരുവരും ഒരുമിച്ചുള്ള ജപമാല പതിവാണ്. മൂന്നു മണിക്ക് രണ്ടാളുംകൂടി കരുണക്കൊന്തയും ചൊല്ലും.

"ഇന്ന് മോള് എണീല്ക്കാൻ താമസിച്ചോ." ജോസഫ് ചോദിച്ചു.

"ഉം." സ്മിത ചിരിച്ചുകൊണ്ട് തലയാട്ടി.

"എനിക്കു തോന്നി. വന്നു വിളിച്ചാലോയെന്ന് ഞാനാദ്യം ആലോചിച്ചു. പിന്നെ ഞാനും ഉറങ്ങിപ്പോയി..." അന്നാമ്മ പറഞ്ഞു. അതിനിടയിൽ അവർ കാപ്പിഗ്ലാസെടുത്ത് ചുണ്ടോട് അടുപ്പിച്ചുകൊണ്ട് പരിശുദ്ധ മറിയമേ പൂർത്തിയാക്കുകയും ചെയ്തു.

സ്മിത വരാന്തയിലേക്കു ചെന്നു. സനൽ പത്രവായനയിലാണ്. അവൾ ഒന്നും മിണ്ടാതെ അയാളുടെ അരികിൽ ഗ്ലാസെടുത്തു വച്ചു. അവൾ പിന്തിരിയാൻ ഭാവിച്ചപ്പോൾ സനൽ പിറകിൽ നിന്ന് അവളുടെ കൈത്തണ്ടയിൽ പിടിച്ചു.

"പിണക്കമാണോ നിനക്ക്...?"

"കയ്യേന്നു വിട്." വേദനിക്കുന്ന മട്ടിൽ സ്മിത പറഞ്ഞു.

"നീ ഇട്ടുതരുന്ന കാപ്പിക്ക് നല്ല ടേസ്റ്റാ. അതുകൊണ്ടല്ലേ ഞാൻ അങ്ങനെ പറഞ്ഞത്."

സനലിന്റെ ആ വാക്കുകൾ സ്മിതയുടെ ദേഷ്യം തണുപ്പിച്ചു. അല്ലെങ്കിലും സ്നേഹമുള്ള ഭർത്താവിന്റെ കോംപ്ലിമെന്റ് കേൾക്കാൻ ഏതു ഭാര്യയാണ് ആഗ്രഹിക്കാത്തത്?

അയാൾ തുടർന്നു:

"എനിക്ക് വായ്ക്കു രുചിയോടെ ഒരു ഗ്ലാസ് കാപ്പിയിടാൻ പോലും അറിയില്ലെന്ന് നിനക്കറിയില്ലേ... പിന്നെയെന്തിനാ നീയെന്നോട് ഓരോന്നും ആവശ്യപ്പെടുന്നത്?"

"ആരും എല്ലാം പഠിച്ചിട്ടൊന്നുമല്ലല്ലോ ഈ ലോകത്തിൽ വന്നു പിറക്കുന്നത്. ആവശ്യമുണ്ടോ, ആഗ്രഹമുണ്ടോ..." എല്ലാം നടക്കും. അവൾ സനലിന്റെ കരം വേർപെടുത്തി.

അടുക്കളയിൽ പണി തീർന്നിട്ടില്ല. തിരികെ അടുക്കളയിലേക്കു നടക്കുമ്പോൾ പെട്ടെന്ന് തിരിഞ്ഞുനിന്ന് അവൾ പറഞ്ഞു:

"മോൾക്കൊരു വയറ്റുവേദന.. എന്താണോ ആവോ..."

"എന്താവാൻ..." സനൽ അതിനെ നിസ്സാരമായെടുത്തു.

"വയർ അറിയാതെ തിന്നുന്നത് അവളുടെ ശീലമല്ലേ... ടോയ്‌ലറ്റിൽ രണ്ടുതവണ പോയിക്കഴിയുമ്പോൾ അതു ശരിയായിക്കോളും."

"അതല്ല എന്റെ ടെൻഷൻ..."

"പിന്നെ?"

സനലിന് അപ്പോഴും കാര്യം മനസ്സിലായില്ല.

"ഒന്നുമില്ല." സ്മിതയ്ക്ക് വീണ്ടും ദേഷ്യം വന്നു. പത്തുവയസ്സുള്ള ഒരു പെൺകുട്ടിയുടെ അപ്പനാണെന്ന വിചാരം പോലും സനലിന് ഇല്ലേ? അവൾ നേരേ ബാത്ത് റൂമിന്റെ സമീപത്തേക്കാണു പോയത്.. ബാത്ത് റൂമിന്റെ വെളിയിൽ നിന്ന് അവൾ വിളിച്ചു:

"മോളേ..."

"യെസ് അമ്മാ." സാധാരണ പോലെയുള്ള ദയയുടെ സ്വരം കേട്ടപ്പോൾ സ്മിതയ്ക്ക് ആശ്വാസമായി.

"നിനക്ക് വേറെ ബുദ്ധിമുട്ടൊന്നും ഇല്ലല്ലോ."

"നോ അമ്മാ."

സ്മിത ആശ്വാസത്തോടെ അടുക്കളയിലേക്കു മടങ്ങി. അപ്പോഴേക്കും പുറകിൽ ബെഞ്ചമിന്റെ സ്വരം കേട്ടു.



"ഗുഡ് മോണിങ് അമ്മാ."

"വെരി ഗുഡ്മോണിങ് മോനൂ... വിളിച്ചെണീല്പിക്കാതെ ഇങ്ങ് പോന്നല്ലോ. ഗുഡ് ബോയി."

തിരക്കിനിടയിലും സ്മിത കുനിഞ്ഞ് അവനെ ഉമ്മ വച്ചു. അവൻ വീട്ടിലെ രാജകുമാരനാണ്. അവന്റെ കൈയിൽ കാലിയായ രണ്ടു കാപ്പി ഗ്ലാസുകളുണ്ടായിരുന്നു. ജോസഫും അന്നാമ്മയും അത് അവന്റെ കൈയിൽ കൊടുത്തുവിട്ടതാണെന്ന് സ്മിതയ്ക്കു മനസ്സിലായി. ബെഞ്ചമിൻ ഗ്ലാസ് പതിവുപോലെ സിങ്കിലേക്കു വയ്ക്കാൻ തുടങ്ങിയപ്പോൾ സ്മിത പറഞ്ഞു.

"മോൻ അത് കഴുകിവച്ചോ.. അമ്മയ്ക്കേ ഇത്തിരി തിരക്കുണ്ട്."

"നീയെന്നാ പറച്ചിലാ സ്മിതേ ഇപ്പറയുന്നെ... അവൻ കൊച്ചല്ലേ..."

തന്റെ കാപ്പിഗ്ലാസുമായി വരികയായിരുന്ന സനൽ നീരസപ്പെട്ടു.

"എന്റെ മോൻ ഇപ്പോത്തന്നെ അവന്റെ പ്രായത്തിനനുസരിച്ച് അടുക്കളജോലി ചെയ്തുപഠിക്കട്ടെ... അങ്ങനെ പഠിക്കാത്തതിന്റെയും പഠിപ്പിക്കാത്തതിന്റെയും ദോഷം പത്തിരുപതു വർഷം കഴിയുമ്പോൾ എന്നെപ്പോലെ വേറൊരു പെണ്ണ് അനുഭവിക്കരുത്. അതിന് ഈ പരിശീലനം നല്ലതാ..."

"ഓ... നീയെന്നാ ഇനി മുതൽ അവനെ കഞ്ഞീം കറീം കൂടി വയ്ക്കാൻ പഠിപ്പിക്ക്... അല്ല പിന്നെ..." സനൽ തന്റെ ഗ്ലാസ് സിങ്കിലേക്ക് വച്ചിട്ട് വീണ്ടും തിരികെപ്പോയി.

സ്മിത അടുക്കളജോലി വല്ല വിധേനയും തീർത്തിട്ട് ഡ്രസിങ് റൂമിലേക്കോടി. വേഗം ചുരിദാർ എടുത്തു ധരിച്ചു. അതിനിടയിലും അവൾ സനലിനോട് ഓരോന്ന് വിളിച്ചുപറഞ്ഞുകൊണ്ടിരുന്നു.

"സനൂ, മോരുകറി ഫ്രിഡ്ജിലുണ്ട്. ഞാൻ അത് കൊണ്ടുപോകുന്നില്ല. ഊണുകഴിക്കുന്നതിന് അരമണിക്കൂർ മുമ്പ് പുറത്തെടുത്ത് വയ്ക്കണം. തണുപ്പുപോയിക്കഴിഞ്ഞിട്ട് ചൂടാക്കിയാൽമതി. പിള്ളേർക്ക് മുട്ട പൊരിച്ച് കാസറോളിൽ എടുത്തുവച്ചിട്ടുണ്ട്. മോൻ ചീര കഴിക്കാൻ മടിപറഞ്ഞാലും വഴക്കുപറഞ്ഞ് കഴിപ്പിച്ചോളണം. ബ്രേക്ക് ഫാസ്റ്റും ഡൈനിങ് ടേബിളിൽ എടുത്തുവച്ചിട്ടുണ്ട്. ചാച്ചനുള്ള ഗോതമ്പു ദോശ ആ ചെറിയ കാസറോളിലാ... അയ്യോ അമ്മച്ചിക്കുള്ള ചൂടുവെള്ളം ഫ്ളാസ്കിലൊഴിച്ചുവയ്ക്കാൻ മറന്നുപോയി.. അതൊന്ന് എടുത്തുകൊടുക്കണം കേട്ടോ..."

അവസാനിക്കാത്ത വിധത്തിലുള്ള പത്രവായനയ്ക്കിടയിലും സനൽ വെറുതെ മൂളി.

അതിനിടയിൽ ചോദിച്ചു: "നീ കഴിക്കുന്നില്ലേ..."

"ഇല്ല, കഴിക്കാൻ നിന്നാൽ ഇനീം ലേയ്റ്റാകും. എച്ച്ആറിന്റെ വായിലിരിക്കുന്നതു കേൾക്കാൻ വയ്യ."

"എന്നു പറഞ്ഞാലെങ്ങനെയാ. ഇനി ഉച്ചയാവണ്ടേ?" സനലിന് വിഷമം തോന്നി.

അതൊന്നും സാരമില്ല. നിങ്ങളെല്ലാവരും വയറുനിറച്ചു കഴിച്ചാ മതി. എന്റെ വയറ് നിറഞ്ഞോളും.

സ്മിത രൂപക്കൂടിന്റെ മുമ്പിലെത്തി കൈകൾ കൂപ്പി. ജോസഫിനോടും അന്നാമ്മയോടും യാത്ര പറഞ്ഞു.

"അമ്മേ, കീ..." ഭിത്തിയിൽ തൂക്കിയിട്ടിരുന്ന സ്കൂട്ടർ കീയുമായി അപ്പോൾ ബെഞ്ചമിൻ ഓടി വന്നു.

"താങ്ക്സ്ഡാ കുട്ടാ... അമ്മയതും മറന്നു."

സ്മിത വീണ്ടും ബെഞ്ചമിന് ഉമ്മ നല്കി.

"നിന്റെയൊരു മറവി... കഴിഞ്ഞ ദിവസം ഞാൻ നോക്കുമ്പോൾ വെള്ളം തിളച്ചുവീണ് സ്റ്റൗ ഓഫായി കിടക്കുവാ... ഞാൻ കറക്ട് സമയത്ത് വന്നതുകൊണ്ട് അപകടം ഉണ്ടായില്ല. എല്ലാറ്റിനും കാരണം നിന്റെ ആവശ്യമില്ലാത്ത ടെൻഷനാ... ഇങ്ങനെ ടെൻഷനടിക്കല്ലേ സ്മിതാ... ആൾക്കാരുടെ ജീവൻ വച്ചുകൊണ്ടുള്ള കളിയാ നിന്റേത്. അതുപോലെ നീ വണ്ടിയോടിച്ചുപോകുന്നതുമാ... എന്തിനാ നിനക്ക് ഇങ്ങനെ ടെൻഷൻ... താമസിച്ചുപോയതിന് ചിലപ്പോൾ രണ്ടുചീത്ത കേൾക്കേണ്ടിവന്നേക്കാം. അത്രയല്ലേയുള്ളൂ. അല്ലാതെ നിന്നെ ജോലിയിൽനിന്ന് പിരിച്ചുവിടുവൊന്നും ഇല്ലല്ലോ. മാത്രോല്ല നീ സ്ഥിരമായി ലേയ്റ്റാകുന്ന ആളുമല്ല, പിന്നെയെന്നാത്തിനാ..."

"സനു പറയുന്നതൊക്കെ ശരിയാ. എന്തോ എന്റെ സ്വഭാവം ഇങ്ങനെയായിപ്പോയി." സ്മിത കീഴടങ്ങുംപോലെ പറഞ്ഞു. ജോലിക്കു പോകുന്ന തിരക്കിലായതുകൊണ്ട് കൂടുതൽ തർക്കിക്കാനോ ദേഷ്യപ്പെടാനോ അവൾ തയ്യാറായില്ല.

സ്മിത സ്കൂട്ടർ സ്റ്റാർട്ടാക്കുന്ന ശബ്ദം കേട്ടപ്പോൾ ചേച്ചീ എന്ന വിളി അവിടെ മുഴങ്ങി. തൊട്ടയൽവക്കത്തുള്ള റോഷ്നിയാണ്. ഇരുപത്തിയാറു വയസുള്ള അവൾ ഗവൺമെന്റ് ജോലി ലക്ഷ്യം വച്ചുകൊണ്ട് പിഎസ് സി കോച്ചിങ്ങിന് ചേർന്നിരിക്കുകയാണ്.

"എനിക്കൊരു ലിഫ്റ്റ് വേണം."

"നിനക്കിന്ന് ക്ലാസുണ്ടല്ലേ... ശ്ശോ, ഞാൻ നിന്നെ ഒരു കാര്യം ഏല്പിച്ചിട്ടുപോകാമെന്നു കരുതിയിരിക്കുവായിരുന്നു..." സ്മിത പറഞ്ഞു.

"എന്നതാ ചേച്ചീ..." തന്റെ കോമ്പൗണ്ട് കടന്ന് റോഷ്നി സനലിന്റെ ഗെയ്റ്റിങ്കലെത്തി.

"അതൊക്കെയുണ്ട്..." സ്മിത അതെന്താണെന്നു പറഞ്ഞില്ല

റോഷ്നി സ്കൂട്ടറിന്റെ പിന്നിൽ കയറി. സ്മിത സ്കൂട്ടർ മുന്നോട്ടെടുത്തു. പെട്ടെന്ന് റോഷ്നി മുഖംതിരിച്ചു സനലിനെ നോക്കി മൂക്കത്തു വിരൽ വച്ചു. അവൾ തന്നെ കളിയാക്കുകയാണെന്നു മനസ്സിലാക്കിയ സനൽ ദേഷ്യപ്പെടും പോലെ മുഖംവെട്ടിച്ചു. "പോടീ..." അത്രയ്ക്ക് അടുപ്പമുണ്ട് സനലും റോഷ്നിയും തമ്മിൽ. തനിക്ക് ഇല്ലാതെ പോയ പെങ്ങളായിട്ടാണ് അയാൾ അവളെ കാണുന്നത്. എത്രയോ തവണ താൻ എടുത്തുകൊണ്ട് നടന്നിട്ടുള്ള കുട്ടികൂടിയാണ് അവൾ. അതു കണ്ടപ്പോൾ റോഷ്നിക്കു ചിരി പൊട്ടി.

"എന്നതാടീ ചിരിക്കുന്നെ..." സ്മിത ചോദിച്ചു. "ഞാൻ നമ്മുടെ സാറിനെ കളിയാക്കിയതാ..."

"നീയെന്നല്ല ആരെല്ലാം കളിയാക്കിയാലും ങ്ഹേ... സനു സ്കൂട്ടറോടിക്കില്ല. അതു കട്ടായം."

"അല്ലാ, ചേച്ചിയെന്നതാ പറയാനുണ്ടെന്നു പറഞ്ഞെ?"

"പ്രത്യേകിച്ചൊന്നുമില്ല... ദയയ്ക്ക് രാവിലെ ചെറിയൊരു വയറുവേദന... അവൾക്കിനി പീര്യഡ്സിന്റെ വല്ലതും ആണോന്നാ... അവളെ ഒന്നുനോക്കാൻ നിന്നെ പറഞ്ഞേല്പിക്കാമെന്നായിരുന്നു..."

"ഏയ്, അവള് കൊച്ചല്ലേ ചേച്ചീ..."

*ശേഷം 13-ാം പേജിൽ*

# നിസ്വാർത്ഥസ്നേഹമാണ് സ്വാതന്ത്ര്യം



അഡ്വ. സി. ലിനറ്റ് ചെറിയാൻ SKD

"കർത്താവിന്റെ ആത്മാവ് എന്റെമേലുണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4 : 18–19).

ഒരാളുടെ ജീവിതത്തിന്റെ എല്ലാ വശങ്ങളിലും ഉത്തരവാദിത്വമുള്ളവരായിരിക്കാനും നിസ്വാർത്ഥമായി സ്നേഹിക്കാനും പഠിക്കുകയാണ് യഥാർത്ഥ സ്വാതന്ത്ര്യം. ഈശോ താൻ പിതാവിനാൽ ഈ ഭൂമിയിലേക്ക് അയയ്ക്കപ്പെട്ടിരിക്കുന്നത് എന്തിനുവേണ്ടിയാണെന്ന് ഏശയ്യാപ്രവാചകൻവഴി അരുൾ ചെയ്യപ്പെട്ടത് സിനഗോഗിൽവച്ചു ജനമധ്യത്തിൽ വായിച്ചു കേൾപ്പിക്കുന്നതിന്റെ അർത്ഥം യഥാർത്ഥ ക്രിസ്തീയസ്വാതന്ത്ര്യം എന്താണെന്ന് അവർക്കു മനസ്സിലാക്കിക്കൊടുക്കാൻ കൂടിയാണ്. അതുപോലെതന്നെ പരിശുദ്ധ അമ്മ തന്റെ ജീവിതത്തിലുടനീളം യഥാർത്ഥ സ്വാതന്ത്ര്യം എന്താണെന്നു ലോകത്തിനുമുമ്പിൽ ജീവിച്ചു കാണിച്ചു മഹത്തായ മാതൃക നൽകിയ വ്യക്തിയാണ്.

ഇന്ത്യയുടെ സ്വാതന്ത്ര്യസമരത്തിൽനിന്നുള്ള ഒരു പ്രധാന പാഠം മഹാത്മാഗാന്ധിയുടെ 'അഹിംസ'യെക്കുറിച്ചുള്ള പഠിപ്പിക്കലുകളാണ്. സ്വാതന്ത്ര്യസമരകാലത്ത് ഇന്ത്യ അഹിംസയുടെ തത്ത്വം പിന്തുടർന്ന് വലിയ വെല്ലുവിളികൾ തരണം ചെയ്യാമെന്നു തെളിയിച്ചു. സമ്പൂർണ അഹിംസയുടെ ഒരു നയം സ്വീകരിക്കാൻ, അക്രമത്തിന്റെ അടിസ്ഥാനകാരണങ്ങൾ ആളുകൾ മനസ്സിലാക്കേണ്ടത് ആവശ്യമാണ്. ഓരോ വ്യക്തിക്കും അവന്റെ അഹന്തയെയും അത്യാഗ്രഹത്തെയും മറികടക്കാൻ കഴിയുമെങ്കിൽ, അത് അക്രമത്തെ തടയുന്നതിനുള്ള ഒരു വലിയ ചുവടുവയ്പ്പായിരിക്കും. നിയന്ത്രിക്കേണ്ട മറ്റൊരു നിഷേധാത്മകസ്വഭാവമാണ് അസൂയ. ഒരു വ്യക്തി മറ്റുള്ളവരുടെ നേട്ടത്തിൽ സന്തോഷവാനായിരിക്കാൻ പഠിക്കുകയാണെങ്കിൽ, മറ്റുള്ളവരുടെ അഭിവൃദ്ധി കാണുമ്പോൾ സന്തോഷം തോന്നും, സന്തോഷവാനായിത്തുടരും. അക്രമത്തിന്റെ ചിന്തകൾ ഒരിക്കലും അവനിൽ പ്രവേശിക്കില്ല.

ഈ നിഷേധാത്മകസ്വഭാവങ്ങൾ ഒഴിവാക്കാൻ എല്ലാ ആളുകളും പരിശീലിക്കുകയാണെങ്കിൽ, അക്രമങ്ങൾ കുറയും; ലോകം കൂടുതൽ മെച്ചപ്പെടുകയും ചെയ്യും. നമ്മുടെ സ്വാതന്ത്ര്യസമരസേനാനികളുടെ ജീവിതത്തിൽനിന്നു നാം ഉൾക്കൊള്ളേണ്ട പാഠം, ആസൂത്രണം ചെയ്ത പദ്ധതികൾ നടപ്പാക്കാനുള്ള ധൈര്യവും ഇച്ഛാശക്തിയും കരുത്തും തികഞ്ഞ ധൈര്യവും അവർക്ക് ഉണ്ടായിരുന്നു എന്നതാണ്. അനീതിക്കെതിരേ പോരാടാൻ അവർ മറ്റുള്ളവരെ പ്രചോദിപ്പിച്ചു. തങ്ങളുടെ അവകാശങ്ങളെക്കുറിച്ചും ഉത്തരവാദിത്വത്തെക്കുറിച്ചും ശക്തിയെക്കുറിച്ചും അവർ ജനങ്ങളെ ബോധവാന്മാരാക്കി.

ഇന്ത്യൻ ഭരണഘടന പൗരന്മാർക്ക് ആറു മൗലികാവകാശങ്ങൾ നൽകുന്നുണ്ട്. അവ താഴെപ്പറയുന്നു:

സമത്വത്തിനുള്ള അവകാശം
സ്വാതന്ത്ര്യത്തിനുള്ള അവകാശം
ചൂഷണങ്ങൾക്കെതിരായ അവകാശം
മതസ്വാതന്ത്ര്യത്തിനുള്ള അവകാശം
സാംസ്കാരിക – വിദ്യാഭ്യാസ അവകാശം
ഭരണഘടനാപരിഹാരങ്ങൾക്കുള്ള അവകാശം

ഭരണഘടനയിലെ അടിസ്ഥാന മൗലികാവകാശങ്ങളിലൊന്നാണ് സ്വാതന്ത്ര്യത്തിനുള്ള അവകാശം. സ്വാതന്ത്ര്യമെന്നത് സ്വതന്ത്രമായിരിക്കുക എന്നതാണ്. അത് ഏതെങ്കിലും രാജ്യത്തിന്റെ ഭരണത്തിൽനിന്നോ അല്ലെങ്കിൽ നമ്മെ പിന്നോട്ടുവലിക്കുന്നതും പുരോഗതിക്ക് അനുവദിക്കാത്തതുമായ മാനസികാവസ്ഥയിൽനിന്നോ ആകാം. മാറിക്കൊണ്ടിരിക്കുന്ന സമൂഹവും ജീവിതശൈലിയും ഈ സ്വാതന്ത്ര്യാവകാശം കൂടുതൽ ഉചിതമായും ജാഗ്രതയോടെയും വിനിയോഗിക്കാൻ നമ്മോട് ആവശ്യപ്പെടുന്നു.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 19 ൽ ആറ് സ്വാതന്ത്ര്യങ്ങൾ പൗരനു നൽകുന്നുണ്ട്:

അഭിപ്രായപ്രകടനത്തിനുള്ള സ്വാതന്ത്ര്യം.

സമാധാനപരമായും ആയുധങ്ങളില്ലാതെയും ഒത്തുചേരാനുള്ള സ്വാതന്ത്ര്യം.

അസോസിയേഷനുകളോ യൂണിയനുകളോ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം.

ഇന്ത്യയുടെ എല്ലാ പ്രദേശങ്ങളിലും സ്വതന്ത്രമായി സഞ്ചരിക്കാനുള്ള സ്വാതന്ത്ര്യം.

ഇന്ത്യയുടെ ഏതു പ്രദേശത്തും താമസിക്കാനുള്ള സ്വാതന്ത്ര്യം.

ഇഷ്ടമുള്ള തൊഴിൽ, അല്ലെങ്കിൽ ബിസിനസ്സ് ചെയ്യാനുള്ള സ്വാതന്ത്ര്യം.

നിയമപരമായ ഭാഷയിൽ, ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം, ഭയമോ പ്രീതിയോ ഇല്ലാതെ നന്മ നിലനിർത്താനുള്ള ശക്തി, വ്യക്തിസ്വാതന്ത്ര്യം, നിയമത്തിനു മുന്നിൽ തുല്യത, സർക്കാരിന്റെ ഭരണനിർവഹണപ്രവർത്തനങ്ങൾ എന്നിവയിൽ നിഷ്പക്ഷവും ഫലപ്രദവുമായ നീതിന്യായ നിയന്ത്രണം എന്നാണ് അർത്ഥമാക്കുന്നത്.

അതിനാൽ, ഒരു സംസ്ഥാനത്തിന്റെ ജുഡീഷ്യൽ അവയവം മറ്റൊരു അവയവത്തിനോ ശാഖയ്ക്കോ കീഴടങ്ങുന്ന അവസ്ഥയിലായിരിക്കരുത്. ഈ അർത്ഥത്തിൽ ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം കോടതികളുടെ അധികാരത്തെ ആശ്രയിച്ചിരിക്കുന്നു. കൂടാതെ, എക്സിക്യൂട്ടീവ് ഇടപെടലില്ലാതെ അധികാരം പ്രയോഗിക്കാൻ ജുഡീഷ്യറിക്കു സാധിക്കുകയും ചെയ്യുന്നു. ജുഡീഷ്യറി എക്സിക്യൂട്ടീവിന്റെയും നിയമനിർമാണസഭയുടെയും നിയന്ത്രണത്തിൽനിന്നും കീഴ്പെടലിൽനിന്നും സ്വതന്ത്രമാണ്. അതുകൊണ്ടു തന്നെ ന്യായാധിപന്മാർ സ്വതന്ത്രരും എക്സിക്യൂട്ടീവിൽനിന്നും നിയമനിർമാണ സഭകളിൽനിന്നും നേരിട്ടോ അല്ലാതെയോ ഉള്ള നിയന്ത്രണങ്ങൾ, പ്രേരണ, സ്വാധീനം, സമ്മർദം, ഭീഷണികൾ എന്നിവയിൽനിന്നും സ്വതന്ത്രരായിരിക്കണം. അവരുടെ കടമകളും പ്രവർത്തനങ്ങളും തടസ്സം കൂടാതെ നിർവഹിക്കാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണം.

എഴുപത്തഞ്ചാം സ്വാതന്ത്ര്യദിനം ആഘോഷിക്കുമ്പോളും നമ്മൾ ചിന്തിക്കേണ്ട ഒരു പ്രധാന വിഷയമാണ് നമ്മുടെ ചുറ്റുവട്ടം നടന്നുകൊണ്ടിരിക്കുന്ന അസ്വാതന്ത്ര്യത്തിന്റെ മേഖലകൾ. ഉദാഹരണത്തിന്, നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ (NCRB) അനുസരിച്ച്, 2019 ൽ ഓരോ മണിക്കൂറിലും ഓരോ സ്ത്രീധനമരണം ഉണ്ടായി. 2021 ജനുവരിമുതൽ മേയ്‌വരെ കേരളത്തിൽ മാത്രം 1,080 ഗാർഹിക പീഡനക്കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും ഭർത്താവോ കുടുംബാംഗങ്ങളോ പ്രതികളാണെന്നും ഒരു റിപ്പോർട്ടിൽ പറയുന്നു. ലഭ്യമായ വിവരങ്ങൾ പ്രകാരം 2020 ൽ ഇത്തരം 2715 സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

ഇത്തരം സാഹചര്യങ്ങളിൽ ആരോഗ്യകരമായ, ആദരണീയവും അഹിംസാത്മകവുമായ ബന്ധങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ പ്രതിരോധത്തിന്റെ ഒരു പ്രധാന ഭാഗമായി ആവിഷ്കരിക്കണം. അതിനായി ആശയവിനിമയം സുഗമമാക്കുക, വികാരങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുക, പ്രശ്നങ്ങൾ പരിഹരിക്കുക തുടങ്ങിയ ആരോഗ്യകരമായ രീതികളെക്കുറിച്ച് ജനങ്ങളെ ബോധവത്കരിക്കണം.

തന്റെ പുത്രനായ, നമ്മുടെ രക്ഷകനായ യേശുക്രിസ്തുവിന്റെ ത്യാഗത്തിലൂടെ നമുക്ക് സ്വാതന്ത്ര്യം നൽകാൻ ദൈവം തയ്യാറായി. എന്തെന്നാൽ, ദൈവം തന്റെ ഏകജാതനെ നൽകുവാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കാൻ. അവൻ മാത്രമാണ് സ്വാതന്ത്ര്യത്തിന്റെ ഉറവിടം.

ഇവിടെയാണ് ഈശോ നമുക്കു നല്കിയിട്ടുള്ള മഹത്തായ സ്വാതന്ത്ര്യം അക്ഷരാർത്ഥത്തിൽ മനസ്സിലാക്കേണ്ടതും ജീവിതത്തിൽ അനുവർത്തിക്കേണ്ടതും. 'നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും' (യോഹന്നാൻ 13: 35).

ഇതാണ് സ്വാതന്ത്ര്യത്തിന്റെ കാതൽ. ഈ സ്വാതന്ത്ര്യദിനം നമുക്ക് ക്രിസ്തീയസ്വാതന്ത്ര്യത്തിൽ കൂടുതൽ ആഴപ്പെടുന്നതിനുള്ള ഒരു തുടക്കമാകട്ടെ. സ്വാതന്ത്ര്യദിനത്തോടൊപ്പം പരിശുദ്ധ അമ്മയുടെ സ്വർഗാരോപണത്തിരുനാൾ ആഘോഷിക്കുന്ന നമുക്ക് ഈശോയെ കാലിത്തൊഴുത്തുമുതൽ കാൽവരിയോളം അനുഗമിച്ച പരിശുദ്ധ അമ്മയുടെ മാധ്യസ്ഥ്യം ഇതിനായി അപേക്ഷിക്കാം. ■



നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്

## കളിക്കോപ്പുകൾ

വളരെ കാലത്തിനുശേഷം സുഹൃത്തിനെ കാണാൻ വെറുംകൈയോടെ പോകരുതല്ലോ എന്ന ചിന്തയിൽ അയാൾ സുഹൃത്തിന്റെ ആറു വയസ്സുള്ള കുട്ടിക്ക് ഒരു കളിക്കോപ്പു വാങ്ങി.

സുഹൃത്ത് സസന്തോഷമാണ് അയാളെ സ്വീകരിച്ചത്. അയാൾ കളിക്കോപ്പു കൊടുത്തപ്പോൾ കുട്ടിയുടെ മുഖത്ത് ഒരു ഭാവഭേദവും കണ്ടില്ല.

പഴയ കാലങ്ങളെക്കുറിച്ചു സംസാരിച്ചും ഊണുകഴിച്ചും വിശ്രമിച്ചും സമയം പോയതറിഞ്ഞില്ല. ഒടുവിൽ യാത്ര പറഞ്ഞിറങ്ങുമ്പോഴാണ് കുട്ടിക്കു സമ്മാനിച്ച കളിക്കോപ്പ് മുറ്റത്തു കിടക്കുന്നത് അയാളുടെ ശ്രദ്ധയിൽപ്പെട്ടത്. അയാളുടെ മനസ്സു നൊന്തു. മൊബൈൽ ആപ്പുകളുടെ കാലത്ത് കളിക്കോപ്പുകൾ കുട്ടികൾക്കു വേണ്ടാതായിരിക്കുന്നു!



# പട്ടിണിക്കാലത്തും പാഴാക്കുന്ന ഭക്ഷണം



ഗിഫു മേലാറ്റൂർ

ഉപയോഗയോഗ്യമായ ഭക്ഷ്യവസ്തുക്കളുടെ 17 ശതമാനവും (93.1 കോടി ടൺ)ആഗോള ജനത പാഴാക്കുകയാണെന്ന് ഐക്യരാഷ്ട്രസഭയുടെ കണക്കുകൾ പുറത്തുവന്നു. ഭൂമിയിലുള്ളവരെ മുഴുവൻ ഏഴു തവണ തീറ്റാനുള്ള വിഭവങ്ങൾ വരുമിത്. ഭക്ഷണം പാഴാക്കുന്നതിൽ സമ്പന്നരെന്നോ സാധാരണക്കാരെന്നോ വ്യത്യാസമില്ല. വരുമാനം കണക്കിലെടുക്കാതെ എല്ലാ രാജ്യങ്ങളിലും എല്ലാ വിഭാഗം ജനങ്ങളും ഭക്ഷ്യവസ്തുക്കൾ പാഴാക്കുന്നുണ്ട്. ഹോട്ടലുകളെക്കാളും വീടുകളിലാണ് കൂടുതലായി ഭക്ഷണം പാഴാക്കുന്നതെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇന്ത്യയിൽ 2019 ൽ പാഴായത് 6.8 ടൺ കോടി ഭക്ഷ്യവസ്തുക്കളാണ് എന്നാണ് കണക്ക്. ഒരു ഇന്ത്യക്കാരൻ പ്രതിവർഷം പാഴാക്കുന്നത് 50 കിലോ ഭക്ഷണമാണ്. ജനസംഖ്യയിൽ പകുതിയോളം പേർക്ക് പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന രാജ്യമാണ് ഇന്ത്യ. അമേരിക്കയിൽ പ്രതിവർഷം ഒരാൾ 65 കിലോഗ്രാം, ചൈനയിൽ 64, ബംഗ്ലാദേശിൽ 65, പാക്കിസ്ഥാനിൽ 75, ശ്രീലങ്കയിൽ 76, നേപ്പാളിൽ 79, അഫ്ഗാനിസ്ഥാനിൽ 82 എന്നിങ്ങനെയാണ് പാഴാക്കുന്ന ഭക്ഷണത്തിന്റെ കണക്ക്. അതേസമയം യു.എന്നിന്റെ കണക്കുപ്രകാരം 2019 ൽ ലോകത്ത് 690 മില്യൻ ജനങ്ങൾ പട്ടിണി മൂലം ദുരിതത്തിലായിരുന്നു.



**യുഎൻ നടപടികൾ**

കൊവിഡ് വ്യാപനംമൂലം ആഗോളപ്രതിസന്ധി ഉടലെടുത്തതോടെ പട്ടിണിയിലായവരുടെ എണ്ണം പിന്നെയും വർധിച്ചിട്ടുമുണ്ട്. കാലാവസ്ഥാവ്യതിയാനം, ജൈവവൈവിധ്യനഷ്ടം, മലിനീകരണം എന്നിവയെ അതിജീവിക്കാൻ നടപടി സ്വീകരിക്കുന്നതുപോലെ ഭക്ഷ്യമാലിന്യങ്ങൾ കുറയ്ക്കാനും നടപടി സ്വീകരിക്കണമെന്ന് യുഎൻ റിപ്പോർട്ട് ആവശ്യപ്പെടുന്നു.

**ചേരിനിവാസികൾക്കും സോമാലിയക്കാർക്കുമുള്ള ആഹാരം**

നഗരങ്ങളാണ് ഗ്രാമങ്ങളെക്കാൾ ഭക്ഷണം പാഴാക്കുന്നതിൽ മുൻപന്തിയിൽ. ബംഗളൂരു കാർഷിക സർവകലാശാല വൈസ് ചാൻസലറായിരുന്ന കെ.നാരായണഗൗഡയുടെ നേതൃത്വത്തിൽ പത്തു വർഷംമുമ്പു നടന്ന പഠനത്തിൽ ബംഗളൂരു നഗരത്തിലെ വിവാഹപാർട്ടികളിൽ മാത്രം പഴാക്കുന്നത് ഒരു വർഷം 339 കോടി രൂപയുടെ ഭക്ഷണമാണെന്നു വ്യക്തമാക്കുന്നു. മുംബൈയിലെ വിവാഹച്ചടങ്ങുകളിൽ പാഴാക്കുന്ന ഭക്ഷണം നഗരത്തിലെ ചേരിനിവാസികളുടെ വിശപ്പകറ്റാൻ മതിയാകുമെന്നും പഠനം കാണിക്കുന്നു. അമേരിക്കയിലെ വൻകിട ഹോട്ടലുകളിൽ പാഴാക്കുന്ന ഒരു ദിവസത്തെ ഭക്ഷണംകൊണ്ട് സോമാലിയപോലുള്ള ദരിദ്രരാഷ്ട്രങ്ങളിലെ ഒരു ദിവസത്തെ ഭക്ഷണാവശ്യം നിറവേറ്റാനാകുമെന്നാണു കണക്ക്.

**കേരളീയരായ നമ്മൾ**

ഇന്ത്യയിൽ കേരളീയരാണ് ഭക്ഷണം പാഴാക്കുന്നതിൽ മുൻപന്തിയിൽ. ആവശ്യത്തിലധികം ഭക്ഷണം ഉണ്ടാക്കി പാഴാക്കിക്കളയുന്ന ഒരു സംസ്കാരം തന്നെ മലയാളികളിൽ വളർന്നുവന്നിട്ടുണ്ട്. കൂട്ടുകുടുംബവ്യവസ്ഥ നിലനിന്നിരുന്ന ഘട്ടത്തിൽ നമ്മുടെ വീടുകളിൽ ആളുകൾ കൂടുതലും ഭക്ഷണം കുറവുമായിരുന്നു. ഇന്ന് ആളുകൾ കുറവും ഭക്ഷണം കൂടുതലുമാണ്. കുടുംബത്തിലെ അംഗങ്ങൾക്ക് ആവശ്യമുള്ളതിൽ കൂടുതൽ ഭക്ഷണമാണ് മിക്ക വീടുകളിലും പാകം ചെയ്യുന്നത്.

**മലിനീകരണം, സാമൂഹിക, ആരോഗ്യപ്രശ്നങ്ങൾ**

ആവശ്യത്തിലധികം ഭക്ഷണം പാകം ചെയ്യുന്നതു മൂലം സാമ്പത്തികനഷ്ടം മാത്രമല്ല, മലിനീകരണംപോലുള്ള സാമൂഹിക, ആരോഗ്യപ്രശ്നങ്ങൾക്കും ഇടയാക്കുന്നു. ഭക്ഷണം പാഴാക്കുന്ന പ്രവണത അവസാനിപ്പിക്കാനായാൽ 14 ശതമാനം വരെ കാർബൺ ബഹിർഗമനം കുറയ്ക്കാൻ സാധിക്കുമെന്നാണ് ഗവേഷണങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കാർബൺ ഡയോക്സൈഡിനെക്കാൾ 23 മടങ്ങു താപമാണ് ഭക്ഷ്യവസ്തുക്കൾ ചീഞ്ഞളിഞ്ഞുണ്ടാകുന്ന മീഥൈൽ അന്തരീക്ഷത്തിലേക്കു വമിപ്പിക്കുന്നതെന്നാണ് പരിസ്ഥിതിശാസ്ത്രജ്ഞരുടെ നിരീക്ഷണം. ഭക്ഷണം പാഴാക്കുമ്പോൾ നഷ്ടപ്പെടുന്നത് കേവലം അതിന്റെ മൂല്യം മാത്രമല്ല, ശുദ്ധജലമുൾപ്പെടെ അത് ഉണ്ടാക്കാൻ ആവശ്യമായ പ്രകൃതിവിഭവങ്ങൾകൂടിയാണ്.

**മാലിന്യക്കൊട്ടയിൽ ഭക്ഷണം തള്ളുന്നത്**

സത്കാരങ്ങളിൽ ഭക്ഷണം പാഴാക്കൽ പ്രവണത കൂടുതലാണ്. ആയിരംപേർ പങ്കെടുക്കുമെന്നു പ്രതീക്ഷിക്കുന്ന ചടങ്ങുകളിൽ 1,200 പേർക്കുള്ള ഭക്ഷണം പാകം ചെയ്യുന്നു. മിക്കപ്പോഴും എത്തിപ്പെടുന്നത് എണ്ണൂറോ തൊള്ളായിരമോ പേരായിരിക്കും. അഞ്ഞൂറുപേർക്കുള്ള കല്യാണസദ്യ കഴിഞ്ഞാൽ ചുരുങ്ങിയത് 75 കിലോയെങ്കിലും വരും ആളുകൾ കഴിക്കാതെ ബാക്കിവയ്ക്കുന്ന ഭക്ഷണത്തിന്റെ അളവ്. ചടങ്ങിനെത്തിയവർതന്നെ ആവശ്യത്തിലധികം ഭക്ഷണം പാത്രത്തിൽ നിറച്ച് അതിൽനിന്നു കുറച്ചുഭാഗം ചിക്കിപ്പെറുക്കി കഴിച്ചശേഷം ബാക്കി മാലിന്യക്കൊട്ടയിൽ തട്ടുകയും ചെയ്യും.

**ബുഫെ സമ്പ്രദായത്തിൽ ഭക്ഷണം**

ഇപ്പോൾ മിക്ക ചടങ്ങുകളിലും ഭക്ഷണവിതരണത്തിനു ബുഫെ സമ്പ്രദായമാണ്. ഇത്തരം ചടങ്ങുകളിൽ ഒരിക്കൽ പോയി ഭക്ഷണം വാങ്ങിയാൽ രണ്ടാമത് പിന്നെയും വാങ്ങിക്കാൻ മടിക്കുന്നവരാണ് മിക്കവരും. അവർ ആദ്യമേതന്നെ പ്ലേറ്റ് നിറയെ ഭക്ഷണം എടുക്കും. പകുതി കഴിച്ചു ബാക്കി കളയുകയും ചെയ്യും.

**സന്താനനിയന്ത്രണവും ഭക്ഷ്യക്കമ്മിയും**

പാചകം ചെയ്ത ഭക്ഷണം മാത്രമല്ല പാഴാകുന്നത്. മതിയായ സംഭരണശേഷിയില്ലാത്തതിനാലും ശീതീകരണികൾ ഘടിപ്പിച്ചിട്ടില്ലാത്ത ട്രക്കുകളിൽ കടത്തുന്നതു കാരണവും പഴങ്ങളും പച്ചക്കറികളും ധാന്യങ്ങളും വൻതോതിൽ നശിക്കുന്നുണ്ട്. ഒന്നിച്ചു വിളവെടുക്കുന്ന ഉത്പന്നങ്ങൾ വ്യാവസായികമായി സംസ്കരിച്ചു സൂക്ഷിക്കാനുള്ള സംവിധാനം ഇന്ത്യയിൽ കുറവാണ്. ദാരിദ്ര്യം ഭയന്നാണല്ലോ, ലോകരാജ്യങ്ങൾ സന്താനനിയന്ത്രണം നടപ്പാക്കുന്നതും ഒന്നോ രണ്ടോ കുട്ടികളിൽ കൂടുതൽ വേണ്ടെന്നു നിഷ്കർഷിക്കുന്നതും. എന്നാൽ, ഭൂമിയിൽ ജനിച്ചുവീഴുന്ന ഓരോ ജീവനും ആവശ്യമുള്ളത്ര ഭക്ഷണം പ്രകൃതിയിൽ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. അതിന്റെ വലിയൊരു ഭാഗം നമ്മൾ പാഴാക്കുകയാണെന്നു മാത്രം. ഭക്ഷണം പാകം ചെയ്യുന്നതിൽ മിതത്വം പാലിക്കുകയും ഭക്ഷ്യോത്പന്നങ്ങൾ കേടുവരാതെ സൂക്ഷിച്ചു വയ്ക്കാനാവശ്യമായ സംവിധാനങ്ങൾ സജ്ജീകരിക്കുകയും ചെയ്താൽ സന്താനനിയന്ത്രണത്തിന്റെ ആവശ്യം വരില്ല.

■

# ഒരു കാറ്റുപോലെ

*11-ാംപേജ് തുടർച്ച*

''അതൊക്കെ പണ്ടായിരുന്നെടീ...'' സ്മിത സ്കൂട്ടറിന്റെ വേഗം വർദ്ധിപ്പിച്ചു.

"ഒരു മനസ്സമാധാനവുമില്ല."

"ചേച്ചിക്കോ..." രോഷ്നി ചിരിച്ചു.

"സനലുചേട്ടായിയെപ്പോലെയുള്ള സൽസ്വഭാവിയായ ഒരു കെട്ട്യോനെ കിട്ടിയിട്ടും മനസ്സമാധാനക്കേടോ... ഇന്നത്തെകാലത്ത് ഇതുപോലൊരു പാവത്താനെ ആർക്കെങ്കിലും കിട്ടുമോ ചേച്ചീ..."

"ഇത്രേം പാവം വേണ്ടായിരുന്നെടീ.. ഇത്രേം സൽസ്വഭാവോം എനിക്കു വേണ്ട...'' സ്മിത ചിരിച്ചു.

"ചിലപ്പോ തോന്നും നീ പറഞ്ഞതുപോലെ...വേറെ ചിലപ്പോ എനിക്കു നല്ല കലി വരും. എനിക്കൊരു ഉപകാരോം ഇല്ല. എന്നാലും ആളെയെനിക്കു ജീവനാടീ."

"അതുപിന്നെ എനിക്കറിഞ്ഞുകൂടെ?" രോഷ്നി സ്മിതയുടെ ചെവിയിൽ നുള്ളി.

കൺവെട്ടത്തുനിന്ന് സ്മിത മറഞ്ഞുകഴിഞ്ഞപ്പോഴാണ് സനൽ അറിയാതെ തന്റെ കവിൾ തലോടിയത്. സ്മിത ഇന്ന് തനിക്ക് ഉമ്മ തന്നില്ലല്ലോ? നാലുപേരുംകൂടി രാവിലെ സ്കൂളിലേക്കും ആശുപത്രിയിലേക്കുമായി പോകുന്ന അവസരങ്ങളിൽ ആ കുടുംബത്തിന്റെ പതിവു ശീലമാണ് അത്. രൂപക്കൂടിനു മുമ്പിൽ ഒരുമിച്ചുള്ള പ്രാർത്ഥന. പിന്നെ പരസ്പരമുള്ള ഉമ്മ കൊടുക്കൽ. കുട്ടികളും സനലും ജോസഫിനും അന്നാമ്മയ്ക്കും ഉമ്മ കൊടുക്കും. സ്മിത തിരക്കിനിടയിൽ ഉമ്മ നല്കാൻ മറന്നുപോയതാണെങ്കിലും സനലിന് നഷ്ടബോധം തോന്നി. താൻ ഇന്ന് അവളെ അറിയാതെയാണെങ്കിലും വേദനിപ്പിച്ചോ? അവൾ പിണങ്ങിയാണോ പോയത്? തന്റെ ശീലങ്ങളുമായി പൊരുത്തപ്പെട്ടു ജീവിക്കുന്ന അവളോട് താൻ ഇടയ്ക്കെങ്കിലും പുരുഷാധിപത്യസ്വഭാവം പ്രകടിപ്പിക്കാറുണ്ടോ? അവളെപ്പോലെയുള്ള ഒരു ഭാര്യയെ കിട്ടിയതാണ് തന്റെ ഭാഗ്യം. പക്ഷേ അങ്ങനെയൊരു വിചാരം തനിക്കുണ്ടെന്ന് താൻ ഇതുവരെയും പുറത്തുകാണിച്ചിട്ടില്ല. വിവാഹത്തിനുമുമ്പ് ചാച്ചൻ തന്ന ഉപദേശംതന്നെയാണ് അതിനുകാരണം. സിമന്റ് കുഴയ്ക്കുന്നതുപോലെയാണ് പെണ്ണുങ്ങൾ. എങ്ങനെ കുഴച്ചോ അങ്ങനെതന്നെ ജീവിതകാലം മുഴുവനുമിരിക്കും. അതുകൊണ്ട് സൂക്ഷിച്ചു കുഴയ്ക്കണം. കുഴയ്ക്കുന്ന ഷേപ്പ് പിന്നെ മാറ്റിയെടുക്കാനാവില്ല. പുതുമോടിക്ക് തലയിലെടുത്തുവച്ച് വേണ്ടതും വേണ്ടാത്തതുമെല്ലാം വാങ്ങിച്ചും ചെയ്തും കൊടുത്തുകഴിയുമ്പോൾ അത് അവർക്കൊരു ശീലമാകും. നമ്മുടെ വിശ്വാസമനുസരിച്ച് ഭാര്യമാർ എല്ലാക്കാര്യങ്ങളിലും ഭർത്താക്കന്മാർക്കു വിധേയരായിരിക്കണം. അല്ലാതെ പെണ്ണുമ്പിള്ളേടെ വാക്കുകേട്ട് ചാടിക്കളിക്കുന്ന കുഞ്ഞിരാമന്മാരാകരുത്. ആ ഉപദേശമാണ് താൻ ഇന്നും പാലിക്കുന്നത്.

പ്രഭാതഭക്ഷണത്തിനായി ഡൈനിങ് ടേബിളിലെത്തിയപ്പോഴാണ് സ്മിതയുടെ ടിഫിൻ ബോക്സ് അവിടെയിരിക്കുന്നത് സനൽ കണ്ടത്. അവൻ അതെടുത്തുനോക്കി. ഭാരമുണ്ട്. തിരക്കിനിടയിൽ ബാഗിൽ വയ്ക്കാൻ മറന്നതാണ്.

ഇനി ഉച്ചയ്ക്ക് ചോറുകഴിക്കാനായി ബാഗ് തുറക്കുമ്പോഴായിരിക്കും അവൾ ഇക്കാര്യം അറിയുന്നതുതന്നെ. അപ്പോഴേക്കും കാന്റീനിലെ ഭക്ഷണം കഴിഞ്ഞിട്ടുമുണ്ടാവും. ഇനി ഉച്ചഭക്ഷണം തീർന്നിട്ടില്ലെങ്കിലും സ്മിത കാന്റീനിൽ പോകുന്ന കാര്യം സംശയമാണ്. അവൾ സ്വന്തം കാര്യം അത്ര ഗൗരവത്തിലെടുക്കാറില്ല. രാവിലെ അവൾ പറഞ്ഞതുപോലെ തങ്ങളുടെ വയർ നിറയുന്നതാണ് അവളുടെ സന്തോഷവും സംതൃപ്തിയും. എന്തായാലും ഹോസ്പിറ്റലിൽ സ്മിത എത്തിക്കഴിയുമ്പോൾ ഉച്ചഭക്ഷണം എടുത്തിട്ടില്ലെന്ന കാര്യം വിളിച്ചോർമിപ്പിക്കാമെന്ന് സനൽതീരുമാനിച്ചു. കുറച്ചു സമയം കഴിഞ്ഞപ്പോൾ സനലിന്റെ ഫോൺ ശബ്ദിച്ചു.

സ്മിതയായിരുന്നു മറുതലയ്ക്കൽ.

"ഞാൻ നിന്നെ വിളിക്കാമെന്നു കരുതിയിരിക്കുകയായിരുന്നു. എന്തൊരു തിടുക്കവും മറവിയുമാ നിനക്ക്... നീയിന്ന് ചോറെടുത്തിട്ടില്ല. ബ്രേക്ക് ഫാസ്റ്റും കഴിച്ചിട്ടില്ലെന്നോർമ്മ വേണം. അതുകൊണ്ട് മര്യാദയ്ക്കു പോയി കാന്റീനിൽനിന്ന് ലഞ്ച് കഴിച്ചോണം."

"അയ്യോ ടിഫിന്റെ കാര്യം ഞാനിപ്പഴാ ഓർത്തതു തന്നെ."


"ഇതാ നിന്റെ കുഴപ്പം. ഒരു ശ്രദ്ധയുമില്ല.'' സനൽ കുറ്റപ്പെടുത്തി.

"ഈയിടെയായി നിനക്കു ദേഷ്യോം കൂടുന്നുണ്ട്. സൗകര്യംപോലെ നീ തൈറോയ്ഡിന്റെ ടെസ്റ്റ് നടത്തണം കേട്ടോ... എന്റെ ബലമായ സംശയം നിനക്കു തൈറോയ്ഡ് ഉണ്ടെന്നാ..."

മറുതലയ്ക്കൽ സ്മിതയുടെ ചിരി സനൽ കേട്ടു.

ഡ്യൂട്ടി കഴിഞ്ഞ് വീട്ടിലേക്കു മടങ്ങുമ്പോൾ രാവിലെ താൻ കണ്ട സ്വപ്നത്തെക്കുറിച്ചുള്ള ചിന്ത ആകസ്മികമായി സ്മിതയുടെ മനസ്സിലേക്ക് ഓടിയെത്തി. ഓർമിച്ചെടുക്കാൻ കഴിയാത്ത ആ സ്വപ്നം ഇപ്പോൾ അവളെ അദ്ഭുതപ്പെടുത്തിക്കൊണ്ട് തെളിഞ്ഞുവന്നു. ഒരു മണ്ണിടിച്ചിൽപോലെയാണ് അവൾക്കത് ആദ്യം അനുഭവപ്പെട്ടത്. പിന്നെ മനസ്സിലായി പച്ചമണ്ണ് താഴേക്ക് ഊർന്നിറങ്ങുന്നതാണ്. ആറടി വലുപ്പമുള്ള ഒരു കുഴിയിലേക്കാണ് ആ മണ്ണ് ഊർന്നുവീണുകൊണ്ടിരിക്കുന്നത്. കുഴിയിൽ ഒരു പെട്ടിയുണ്ട്. ആ പെട്ടിയുടെ മീതേക്കാണ് മണ്ണ് വന്നുവീഴുന്നത്. സ്മിതയുടെ ഉള്ളിൽ ഒരു ആന്തൽ ഉണ്ടായി. രാവിലെ കണ്ട സ്വപ്നം ഇപ്പോൾ ഈ യാത്രയ്ക്കിടയിൽ കണ്ണുതുറന്നിരിക്കുമ്പോൾ ഒരു ചലച്ചിത്രത്തിലെന്നോണം കാണുന്നത് എങ്ങനെയാണ്. എന്തുകൊണ്ടാണ് അത്? അവൾ റോഡിന്റെ വളവു തിരിഞ്ഞതും എതിരേ അതിവേഗത്തിൽ വന്ന ഒരു ടിപ്പർ അവളുടെ സ്കൂട്ടർ ഇടിച്ചുതെറിപ്പിച്ചതും ഒരുമിച്ചായിരുന്നു. വഴിയോരത്തായി ഫൈവ് സ്റ്റാറും ലെയ്സും ബോംബെ മിഠായിയും ചിതറിക്കിടന്നു. അവയ്ക്കു നടുവിലേക്ക് ആകാശത്തേക്കു മുഖമുയർത്തി ആകാശത്തുനിന്നെന്നോണം സ്മിത ഭൂമിയിലേക്ക് മലർന്നടിച്ചുവീണു.

*(തുടരും)*




**ഓഗസ്റ്റ് 15**
**കൈത്താക്കാലം**
**ആറാം ഞായർ**



ലേവ്യ.19:1 – 4, 9 – 14
ഏശ. 29:19 – 24
1 തെസ.2:1 – 12
ലൂക്കാ.17:11 – 19

**ഡോ. ജോസഫ് കരികുളം**

# യഥാർത്ഥസ്വാതന്ത്ര്യം ദൈവത്തിലാണ്

**ലോകജീവിതത്തിലും നിത്യജീവിതത്തിലും ദൈവത്തോടൊപ്പം വസിക്കാനുള്ള തന്റെ സ്വതന്ത്രമായ തീരുമാനത്തിന്റെ പരിണതഫലമാണ് മറിയത്തിന് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ലഭിച്ച അനുഗ്രഹങ്ങളും. അതേ, സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യാനുള്ള അനുവാദമല്ല; മറിച്ച്, ദൈവത്തോടു ചേർന്നുനില്ക്കാനുള്ള ഉദാത്തമായ തീരുമാനമാണ്.**

ഭാരതം അതിന്റെ എഴുപത്തഞ്ചാമത്തെ സ്വാതന്ത്ര്യദിനവും, കത്തോലിക്കാസഭ പരിശുദ്ധദൈവമാതാവിന്റെ സ്വർഗാരോപണത്തിരുനാളും ഓഗസ്റ്റ് 15 ന് ആഘോഷിക്കുന്നു. യഥാർത്ഥ സ്വാതന്ത്ര്യത്തിന്റെ മഹത്വമണിഞ്ഞ കന്യകാമറിയത്തിൽനിന്നു പാഠങ്ങൾ ഉൾക്കൊണ്ട് ഭാരതസഭാമക്കൾ തങ്ങളുടെ മാതൃരാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന്റെ യഥാർത്ഥ അർത്ഥം ഗ്രഹിക്കാൻ ശ്രമിക്കുന്നു. സഭയുടെ ഏറ്റവും പഴക്കമുള്ള പാരമ്പര്യങ്ങളിലൊന്നാണ് മാതാവിന്റെ സ്വർഗാരോപണം. ദൈവമാതാവും ഈശോയുടെ ആദ്യശിഷ്യയുമായിരുന്ന പരിശുദ്ധ കന്യകാമറിയം ശരീരത്തോടുകൂടെ സ്വർഗത്തിലേക്ക് എടുക്കപ്പെട്ടുവെന്ന് ഈശോയുടെ ശിഷ്യന്മാർ എപ്പോഴും സാക്ഷ്യപ്പെടുത്തിയിരുന്നു. ജറൂസലേമിലെ ആദ്യക്രിസ്ത്യൻസമൂഹത്തിന് ഉറച്ച വിശ്വാസമുണ്ടായിരുന്ന ഈ പാരമ്പര്യത്തെ പൗരസ്ത്യസഭകൾ 'മാതാവിന്റെ ഉറക്ക'(Dormitio Mariae)ത്തിന്റെ തിരുനാളായാണ് ആഘോഷിച്ചിരുന്നത്.

മാതാവിന്റെ സ്വർഗാരോപണത്തിന്റെ എഴുതപ്പെട്ട സാക്ഷ്യങ്ങൾ നമുക്കു ലഭിക്കുന്നത് നാല്, അഞ്ച് നൂറ്റാണ്ടുകളിലെ രചനകളിൽനിന്നാണ്. മാതാവിന്റെ ശരീരം അഴുകപ്പെടാൻ ദൈവം അനുവദിച്ചില്ല എന്ന് വി. അപ്രേം പറയുന്നു (എ.ഡി. 373). താൻ എങ്ങോട്ട് ആരോഹണം ചെയ്തുവോ ആ സ്ഥലത്തേക്ക് ഈശോ തന്റെ മാതാവിനെ എടുക്കുകയും അങ്ങനെ അവളെ അനശ്വരയാക്കുകയും ചെയ്തുവെന്ന് ജറൂസലേമിലെ വി. തിമോത്തി എഴുതുന്നു. ആദിമസഭയുടെ ഈ വിശ്വാസം അപ്പസ്തോലികാടിസ്ഥാനമുള്ളതും ചരിത്രസാക്ഷ്യങ്ങളാൽ അടയാളപ്പെടുത്തപ്പെട്ടതുമാണ്.

എന്തുകൊണ്ടാണ് ദൈവം മറിയത്തെ അനശ്വരയാക്കി ശരീരത്തോടുകൂടെ സ്വർഗത്തിലേക്ക് എടുക്കുന്നത്? വി. ലൂക്കായുടെ സുവിശേഷത്തിലെ എലിസബത്തിന്റെ മറിയത്തോടുള്ള പ്രതികരണങ്ങളിൽനിന്ന് ഈ ചോദ്യത്തിന് ഉത്തരം കണ്ടെത്താം: "കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറുമെന്നു വിശ്വസിച്ചവൾ ഭാഗ്യവതി" (ലൂക്കാ 1:45). മറിയത്തിന്റെ വിശ്വാസത്തിന്റെ ആഴമാണ് അനശ്വരതയുടെ ഉത്തമശൃംഗത്തിലേക്ക് അവളെ എത്തിച്ചത്. തുടർന്നുവരുന്ന സ്തോത്രഗീതം മറിയത്തിന്റെ ദൈവത്തോടുള്ള നന്ദിപ്രകടനമാണ്. ചരിത്രത്തിൽ ജീവിക്കുകയും ചരിത്രത്തെ നയിക്കുകയും ചെയ്യുന്ന ദൈവത്തിനുള്ള പുകഴ്ചയാണത്. ദൈവത്തോടുള്ള സ്നേഹത്തിന്റെയും വിശ്വാസത്തിന്റെയും പ്രഖ്യാപനംകൂടിയാണത്. തന്റെ ജനത്തോട് ദൈവം ചെയ്ത വാഗ്ദാനങ്ങളെയും പൂർവപിതാക്കന്മാരുമായി ചെയ്ത ഉടമ്പടിയെയും അവൾ ഹൃദയത്തിൽ സൂക്ഷിക്കുകയും ചരിത്രത്തിൽ നടപ്പാക്കപ്പെടുമെന്ന് ഉറച്ചുവിശ്വസിക്കുകയും ചെയ്തു. സ്തോത്രഗീതത്തിലെ അവളുടെ വാക്കുകൾ ദൈവത്തിന്റെ വാഗ്ദാനങ്ങളുടെ കാലാകാലമുള്ള പൂർത്തീകരണത്തിന്റെ തെളിവാണ്. കാരണം, വാഗ്ദാനപൂർത്തീകരണത്തിന്റെ ജീവിക്കുന്ന തെളിവാണവൾ.

ദൈവത്തിന്റെ വചനത്തിനു മാംസം ധരിക്കാൻ സ്വന്തം ശരീരം നൽകുന്നതോടെ ദൈവത്തിന്റെ വാക്കുകളെ മറിയം എത്രമാത്രം വിശ്വസിക്കുന്നു എന്നു തെളിവായി. വചനത്തിൽ വിശ്വസിക്കുകയും വചനത്തെ ഗർഭംധരിക്കുകയും ചെയ്യുന്നതുവഴി മറിയം വിശ്വസിക്കുന്നതും പ്രവർത്തിക്കുന്നതും ഒരേ കാര്യമായി മാറുന്നു. താൻ പറഞ്ഞ വചനങ്ങളെ വിശ്വസിച്ചവൾക്ക് തന്റെ പുത്രനായ വചനത്തെത്തന്നെ ഉദരത്തിൽ നല്കി ദൈവം അനുഗ്രഹിക്കുന്നു. ആദ്യമായി വിശ്വാസം ഏറ്റുപറഞ്ഞവൾക്കുതന്നെ, ആദ്യമായി ദൈവപുത്രനിൽ ശരീരത്തോടെ ഉയിർത്തെഴുന്നേല്ക്കാനുള്ള വരം ദൈവം നല്കി.



സ്വർഗാരോപണത്തിരുനാളിലൂടെ മറിയം നമുക്കു നല്കുന്ന സന്ദേശമെന്താണ്? ദൈവത്തിൽ മനുഷ്യന് ഒരിടമുണ്ട് എന്ന ഉറപ്പാണ് ഈ തിരുനാളിന്റെ ഒന്നാമത്തെ സന്തോഷം. മനുഷ്യന്റെ യഥാർത്ഥ വാസസ്ഥാനം ദൈവമാണ്. ഈ ലോകത്തിൽനിന്നു ദൈവത്തിലേക്ക്, നിത്യജീവനിലേക്കു കയറുന്നവനാണ് യഥാർത്ഥ വാസസ്ഥാനത്തിനുടമ. ഈശോ നമുക്കുവേണ്ടി ഒരുക്കാൻ പോകുന്നതും പിതാവിന്റെ സ്വർഗത്തിലെ വാസസ്ഥാനമാണല്ലോ (യോഹ. 14:2). ദൈവത്തിൽ മനുഷ്യന് ഇടമുണ്ട് എന്നതുപോലെതന്നെ മനുഷ്യനിൽ ദൈവത്തിനും ഇടമുണ്ട് എന്ന സന്ദേശമാണ് ഈ തിരുനാളിന്റെ രണ്ടാമത്തെ സന്തോഷം. ദൈവപുത്രന്റെ സാന്നിധ്യം നിറഞ്ഞ വാഗ്ദാനത്തിന്റെ പെട്ടകമായി മറിയം.

ഈശോയെ ഗർഭം ധരിച്ചിരുന്ന കാലം മാത്രമല്ല, ദൈവത്തിന്റെ വാഗ്ദാനങ്ങളെക്കുറിച്ച് അറിവു ജനിച്ച നിമിഷം മുതൽ സ്വപുത്രൻ തന്റെ ശരീരത്തെ ഉന്നതങ്ങളിലേക്ക് എടുക്കുന്ന നിമിഷംവരെ ദൈവത്തിന്റെ സാന്നിധ്യം തന്റെ ശരീരത്തിൽ അവൾ അനുഭവിക്കുകയും മറ്റുള്ളവർക്കു പങ്കുവയ്ക്കാൻ തയ്യാറാകുകയും ചെയ്തു. അങ്ങനെ, മറിയത്തിലുണ്ടായിരുന്ന ദൈവത്തിന്റെ ഇടം മറിയത്തെ ഉൾക്കൊള്ളുന്നതിലേക്കു വളർന്നു. ഓരോ മനുഷ്യനും തന്നിലുള്ള ദൈവത്തിന്റെ സാന്നിധ്യം തിരിച്ചറിഞ്ഞു ജീവിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു; അതിനുള്ള മാതൃകയായി മറിയത്തെ അവതരിപ്പിക്കുന്നു.

ലോകജീവിതത്തിലും നിത്യജീവിതത്തിലും ദൈവത്തോടൊപ്പം വസിക്കാനുള്ള തന്റെ സ്വതന്ത്രമായ തീരുമാനത്തിന്റെ പരിണതഫലമാണ് മറിയത്തിന് അനുഭവിക്കേണ്ടിവന്ന കഷ്ടപ്പാടുകളും ലഭിച്ച അനുഗ്രഹങ്ങളും. അതേ, സ്വാതന്ത്ര്യം എന്നത് എന്തും ചെയ്യാനുള്ള അനുവാദമല്ല; മറിച്ച്, ദൈവത്തോടു ചേർന്നുനില്ക്കാനുള്ള ഉദാത്തമായ തീരുമാനമാണ്. ആ സ്വാതന്ത്ര്യം നല്കുന്ന സമാധാനം മഹത്വത്തിലേക്കു നമ്മെ ഉയർത്തുമെന്നും മറിയം പഠിപ്പിക്കുന്നു. ദൈവപദ്ധതിയോടു ചേർന്നുനിന്നുകൊണ്ട് നാമൊരുക്കുന്ന സ്വതന്ത്രതീരുമാനങ്ങൾ ഈ ലോകത്തിൽ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളും നൽകിയാലും സ്വർഗത്തിൽ ദൈവത്തോടൊത്തു നിത്യഭാഗ്യം പ്രദാനം ചെയ്യും.

## ഡോക്ടറേറ്റ് നേടി



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽനിന്ന് മലയാളസാഹിത്യത്തിൽ പി.എച്ച്.ഡി. നേടിയ ഫാ. സുബിൻ ജോസ് കിടങ്ങേൻ. എറണാകുളം–അങ്കമാലി അതിരൂപതാംഗമായ ഇദ്ദേഹം പാലാ സെന്റ് തോമസ് കോളജ് കേന്ദ്രമാക്കിയാണ് ഗവേഷണപഠനം നടത്തിയത്. മലയാറ്റൂർ കിടങ്ങേൻ ജോസ്–സിസിലി ദമ്പതികളുടെ മകനാണ്.

# പ്ലസ് ടു വിദ്യാർത്ഥികളെ അനുമോദിച്ചു



*പാലാ രൂപതയിലെ കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള സ്കൂളുകളിൽ നിന്ന് പ്ലസ് ടു പരീക്ഷയിൽ മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികൾ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ടിനൊപ്പം.*

പാലാ: നൂറുമേനി വിളവു നേടിയ വിദ്യാർത്ഥികൾ സമൂഹത്തിന്റെ സമ്പത്താണെന്നും രാജ്യത്തിന്റെ വികസനത്തിനായി തങ്ങളുടെ കഴിവുകൾ ഉപയോഗിക്കണമെന്നും ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്. രൂപതയുടെ കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിക്കു കീഴിലുള്ള സ്കൂളുകളിൽ ഹയർസെക്കൻഡറി പരീക്ഷയിൽ മുഴുവൻ മാർക്കും നേടിയ വിദ്യാർത്ഥികളെ അനുമോദിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ വച്ച് ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്ക് ഉപഹാരഫലകവും ക്യാഷ് അവാർഡും നൽകി.

നേഹ ബെന്നി (പാലാ സെന്റ് മേരീസ്), ഹ്യൂബർട്ട് ഫ്രാൻസിസ് സിബി, ജീവ എലിസബത്ത് വിൻസ് (സെന്റ് മേരീസ് ഭരണങ്ങാനം), റോസ്മെറിൻ ജോജോ (സെന്റ് മേരീസ് കുറവിലങ്ങാട്), ടെസ്സ ജോ, എലിസബത്ത് ജോണി, അജ്മിയ സലാം (സെന്റ് മേരീസ് അറക്കുളം), നേഹ മേരി സുനിൽ (സെന്റ് ആന്റണീസ് പ്ലാശനാൽ), മേബെൽ മെലേഹ ജെയിൻ (എമ്മാനുവൽസ് കോതനല്ലൂർ), സൻജലി മെറീന ജോസഫ്, ആൻസ് ജീസ്(സെന്റ് പീറ്റേഴ്സ് ഇലഞ്ഞി), ഐയ്ബി മറിയം അപ്പൂട്ടി (സെന്റ് ജോസഫ് വിളക്കുമാടം), കെസിയ തെരേസ (ഹോളിക്രോസ് ചേർപ്പുങ്കൽ) എന്നിവരാണ് അനുമോദനത്തിന് അർഹരായത്.

വികാരി ജനറാൾമാരായ മോൺ. ജോസഫ് മലേപ്പറമ്പിൽ, ഫാ. ജോസഫ് കൊല്ലംപറമ്പിൽ, കോർപറേറ്റ് സെക്രട്ടറി ഫാ. ബർക്കുമാൻസ് കുന്നുംപുറം, ടീച്ചേഴ്സ് ഗിൽഡ് രൂപത ഡയറക്ടർ ഫാ. ജോർജ് വരകുകാലാപറമ്പിൽ, പ്രസിഡന്റ് ആമോദ് മാത്യു, സെക്രട്ടറി ജോബെറ്റ് തോമസ് എന്നിവർ പ്രസംഗിച്ചു.



ഹ്യൂബർട്ട് ഫ്രാൻസീസ് സിബി (സെന്റ് മേരീസ് ഭരണങ്ങാനം)



ജീവ എലിസബത്ത് വിൻസ് (സെന്റ് മേരീസ് ഭരണങ്ങാനം)



ഐബി മറിയം അപ്പൂട്ടി (സെന്റ് ജോസഫ് വിളക്കുമാടം)



അജ്മിയ സലാം (സെന്റ് മേരീസ് അറക്കുളം)



എലിസബത്ത് ജോണി (സെന്റ് മേരീസ് അറക്കുളം)



ടെസ ജോ (സെന്റ് മേരീസ് അറക്കുളം)



നേഹ മേരി സുനിൽ (സെന്റ് ആന്റണീസ് പ്ലാശനാൽ)



റോസ് മെറിൻ ജോജോ (സെന്റ് മേരീസ് കുറവിലങ്ങാട്)



നേഹ ബെന്നി (സെന്റ് മേരീസ് പാലാ )



കെസിയ തെരേസ (ഹോളിക്രോസ് ചേർപ്പുങ്കൽ)



ആൻസ് ജീസ് (സെന്റ് പീറ്റേഴ്സ് ഇലഞ്ഞി),



സൻജലി മെറീന ജോസഫ് (സെന്റ് പീറ്റേഴ്സ് ഇലഞ്ഞി)



മേബെൽ മേലേഹ ജെയിൻ (എമ്മാനുവൽസ് കോതനല്ലൂർ)


കൗൺസിലിംഗ്, സൈക്കോളജി, സോഷ്യൽ വർക്ക് മേഖലകളിൽ ജോലിസാധ്യതകളുള്ള കോഴ്സുകളിലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു

PG DIPLOMA & LATERAL ENTRY TO MSW & MSc Counselling Psy.
Eligibility: Degree (including BTh & BD)

DIPLOMA & LATERAL ENTRY TO BSW & BSc Psychology
Eligibility: Plus two

ഞങ്ങളുടെ പ്രത്യേകതകൾ
§ ലളിതമായ പഠനക്രമവും, പ്രാക്ടിക്കലും
§ ഓൺലൈൻ ക്ലാസുകൾ (ഓഫ്‌ലൈൻ സാധ്യതയും)
§ തനതു മേഖലയിൽ അനുഭവസമ്പത്തുള്ള
§ പ്രഗത്ഭരായ അദ്ധ്യാപകർ നയിക്കുന്ന ക്ലാസുകൾ
§ പ്രാക്ടിക്കൽ സൗകര്യത്തോടുകൂടിയ ക്യാമ്പസ്
§ ജോലിയോടൊപ്പം പഠിക്കാൻ പ്രത്യേക അവസരം
§ ഫീസ് തവണകളായി അടയ്ക്കാൻ സൗകര്യം
§ പ്രായപരിധി 65 വയസ് വരെ

P G DIPLOMA in Counselling Psychology, School, Family Counselling, Addiction Therapies & Social Work
Lateral entry to MSW & MSc Counselling Psychology

DIPLOMA in Psychology
DIPLOMA in Social Work
Lateral entry to BSW & BSc Psychology

Courses Accredited by
MARTIN LUTHER CHRISTIAN UNIVERSITY, SHILLONG (UGC Recognized) www.mlcu.niv.in

TRADA INSTITUTE OF SOCIAL SCIENCES
A MINORITY EDUCATIONAL INSTITUTION
Since 1993 Manganam P.O, Kottayam, Kerala, India

Call for details
9447491579, 9747320746, 7592931967, 6282766829, 0481 2573845, 2573699
Email: tradakottayam@gmail.com
Web: www.tradakottayam.in



CARE & CURE
ഫിസിയോ തെറാപ്പി & റീഹാബ് സെന്റർ
Get Well... Stay Well...
careandcurephy2020@gmail.com
www.careandcurephysiotherapy. com

Vattakunnel building, Opp. Guadalupe latin church, P.P. Road, Pala Murikumpuzha, Ph: 9497761978

Al-Falah building, Opp. Punjab national bank, College Road, Aruvithura Erattupetta. Ph: 8089260978

Facilities Available
Interferential Therapy
Transcutaneous Electrical Nerve Stimulation
Ultrasound Therapy
Continuous Passive Motion
Neuro muscular Electrical Stimulation
Intermittent Traction (Cervical /Lumbar)
Paraffin Wax Therapy
Laser Therapy
Kinesiotaping
Dry Needling
Myofacial Release

Treatments available
Frozen Shoulder
Spondylosis, Arthritis
Knee/back pain, Tennis Elbow
Ligament Injuries
TKR / THR, Parkinsons Disease
Paralysis/Stroke
Bells / Facial Palsy
Delayed Milestones
Cerebral Palsy
Motor Neuron Diseases
Post fracture Rehabilitation

Deepanalam weekly
RNI No : 16998/68
Vol. 54 No. 19 Date of Publication 5 August 2021
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# കൊട്ടത്തിൽ ആയുർവ്വേദ ഹോസ്പിറ്റൽ

**ചപ്പാത്ത്, അയർക്കുന്നം, കോട്ടയം**

Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

KOTTATHIL AYURVEDIC CENTRE



- മസ്തിഷ്കരോഗങ്ങൾ
- നട്ടെല്ല് രോഗങ്ങൾ
- അസ്ഥിരോഗങ്ങൾ
- സന്ധിരോഗങ്ങൾ
- ശിശുരോഗങ്ങൾ
- സ്ത്രീരോഗങ്ങൾ (ആനോ-റെക്റ്റൽ രോഗങ്ങൾ)
- ത്വക്ക്രോഗങ്ങൾ
- വാർദ്ധക്യ രോഗങ്ങൾ

വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.

# ST. VINCENT PALLOTTI COLLEGE OF ENGINEERING & TECHNOLOGY, NAGPUR

Accredited by NAAC with 'A' Grade & affiliated to RTM Nagpur University

A CHRISTIAN MINORITY INSTITUTION



AVAIL ACADEMIC MERIT SCHOLARSHIPS ON THE BASIS OF YOUR 12TH / DIPLOMA SCORE

**PRIVILEGES FOR CHRISTIAN STUDENTS**

- **51 % SEATS RESERVED** for Christian minority students of Maharashtra
- **SCHOLARSHIP UPTO RS. 30,000/-** for Christian students from Govt. Of India
- **ON CAMPUS HOSTELS FOR BOYS AND GIRLS** run by Fathers and Sisters
- **CHAPEL FOR DAILY MASS** and personal prayer
- **PERSONAL COUNSELING & MENTORING** for holistic growth
- **ACADEMIC MERIT SCHOLARSHIP** upto 25% of payable fees for all Christian students

**COURSES OFFERED**

**B.E** (4 YEAR DEGREE COURSE)
Mechanical Engineering
Electrical Engineering NBA accredited
Electronics and Telecommunication Engineering
Information Technology
Computer Engineering NBA accredited
Civil Engineering
Computer Science and Engineering (Data Science)
Artificial Intelligence

**BACHELOR IN VOCATION (B.VOC) in** (3 YEAR DEGREE COURSE)
Software Development
Cyber Security
Automotive

**M.TECH**
Mechanical Engineering (CAD/CAM)
Computer Engineering (CSE)

**RESEARCH CENTRE (Phd)**
Mechanical Engineering

**ELIGIBILITY CRITERIA**
All students who have appeared for JEE (All India Entrance) / Maharashtra - CET with a positive score

**ADVANTAGE PALLOTTI**
- Experienced and dedicated faculty
- Exquisite infrastructure and state of the art lab facilities
- Green & Clean Campus as certified by AICTE, 2017
- International educational tours
- Cosmopolitan Culture

FOR ADMISSIONS CALL: FR. ANTO THOMAS
(P) 91300 85765
(O) 77439 79315
www.stvincentngp.edu.in
Email: info@stvincentngp.edu.in

**320+ PLACEMENT OFFERS FOR THE 2021 GRADUATING BATCH**



# ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

**ISO 9001:2015 Certified Company**

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

KTS PRODUCTS

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822 262835

# വചന ക്ലോക്കുകൾ

ഓരോ മണിക്കൂർ ഇടവിട്ട്
[രാവിലെ 5 മുതൽ രാത്രി 10 വരെ]
**ഭക്തിഗാനവും ദൈവവചനവും കേൾക്കാൻ കഴിയുന്ന ക്ലോക്കുകൾ**

വ്യത്യസ്ത മോഡലുകളിൽ



WOODEN GRANDFATHER & GRANDMOTHER CLOCKS (ROSEWOOD, TEAK & OAK)

വിശേഷ സന്ദർഭങ്ങളിൽ കൊടുക്കുവാൻ
**ഒരു ഉത്തമ സമ്മാനം**

**പാലാ സെന്റ് തോമസ് ബുക്സ്റ്റാളിൽ ലഭ്യമാണ്**

PH: 04822 215321
www.stthomasbookstall.com
Email: stbookstallpala@gmail.com

**916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!**



# മുഴയിൽ ജൂവലറി

മെയിൻ റോഡ്, **പാലാ,**
Phone: 212498 , 211028

സഹോദരസ്ഥാപനം:

# മുഴയിൽ ബാങ്കേഴ്സ്

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, **പാലാ**
ഫോൺ: 212269

**100 രൂപയ്ക്ക് മാസം 1½ രൂപാ മാത്രം പലിശ**


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org